# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ 3, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--398]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : 1074 മുതൽ 1217 വരെ |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : 1218 മുതൽ 1304 വരെ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : 1305 മുതൽ 1367 വരെ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : 1368 മുതൽ 1471 വരെ |

### സ്വയംഭരണ കോളേജുകൾ

1074. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴയ്ക്കൻ
,, വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം ഭരണ കോളേജുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

### ബി. എ. ഇസ്ലാമിക് ഹിസ്റ്ററി ഡിഗ്രി കോഴ്സ്

1075. ശ്രീ.ഷാഫി പറമ്പിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ പുതുതായി ബി. എ. ഇസ്ലാമിക് ഹിസ്റ്ററി ഡിഗ്രി കോഴ്സ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ നിവേദനത്തിന്റെ നിലവിലെ അവസ്ഥ എന്താണ്;

(ബി) ബന്ധപ്പെട്ട ഫയലിൽ (ഫയൽ നമ്പർ 25922/B3/H education/15 dt. 13.8.2015) പ്രസ്തുത ഡിഗ്രി കോഴ്സ് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

### എം.ജി.യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സെന്ററുകൾ

1076. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി.യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സെന്ററുകൾ പൂട്ടിയതുമൂലം വിദ്യാർത്ഥികൾക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സെന്ററുകളിലൂടെ യൂണിവേഴ്സിറ്റിക്ക് എത്ര തുക പ്രതിവർഷം ഫീസിനിത്തിലും മറ്റുമായി

ലഭിക്കുമായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) മറ്റേതെങ്കിലും യൂണിവേഴ്സിറ്റിയുടെ ഓഫ് കാമ്പസ് സെന്ററുകൾ പൂട്ടിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ഡി) എം.ജി.യൂണിവേഴ്സിറ്റിയുടെ പ്രസ്തുത സെന്ററുകൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ചതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

എസ്. എൻ. ട്രസ്റ്റിന്റെ കോളേജുകൾ

1077. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ സംസ്ഥാനത്ത് പുതുതായി കോളേജുകൾ ആരംഭിക്കുന്നതിന് എസ്.എൻ. ട്രസ്റ്റ് നിയമാനുസൃതം നൽകിയിരുന്ന അപേക്ഷകൾ എത്ര;

(ബി) ഏതെല്ലാം തീയതികളിൽ ഏതെല്ലാം സ്ഥലങ്ങളിൽ കോളേജിന് അനുമതി ആവശ്യപ്പെട്ട് നിയമാനുസൃതം അപേക്ഷ സർക്കാറിന് സമർപ്പിക്കുകയുണ്ടായി;

(സി) ഏതെല്ലാം തീയതികളിലെ ഏതെല്ലാം അപേക്ഷകൾ പരിഗണിച്ച് എവിടെയെല്ലാം കോളേജുകൾ ആരംഭിക്കാൻ അനുമതി നൽകുകയുണ്ടായി; അത് പ്രകാരം സ്ഥാപിക്കപ്പെട്ട കോളേജുകൾ ഏതൊക്കെ;

(ഡി) പ്രസ്തുത കോളേജുകളിലെല്ലാം കൂടി എത്ര തസ്തികകൾ അനുവദിക്കുകയുണ്ടായി;

(ഇ) എസ്. എൻ. ട്രസ്റ്റിന്റെ കീഴിൽ സംസ്ഥാനത്ത് നിലവിൽ എത്ര കോളേജുകളുണ്ട്; അവ ഓരോന്നും സ്ഥാപിക്കപ്പെട്ടത് ഏതെല്ലാം കാലയളവിലായിരുന്നു; അവയിലെല്ലാം കൂടി ഇപ്പോൾ എത്ര തസ്തികകൾ ഉണ്ട്; പുതുതായി എത്ര തസ്തികകൾ അനുവദിച്ചു കിട്ടുന്നതിനു വേണ്ടിയുള്ള അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്?

വൈസ് ചാൻസലർ ,പ്രോ -വൈസ്ചാൻസലർ നിയമനം

1078. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരെയൊക്കെയാണ് വൈസ് ചാൻസലർമാരായും പ്രോ -വൈസ്ചാൻസലർമാരായും നിയമിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത വ്യക്തികളിൽ പലതരത്തിലുള്ള ആരോപണങ്ങൾ നേരിടുന്നവരും, വ്യാജ യോഗ്യത സർട്ടിഫിക്കറ്റുകളും സത്യവാങ്മൂലങ്ങളും നൽകി നിയമനം നേടിയവരും ആരെല്ലാമാണ് എന്നറിയിക്കുമോ;

(സി) പ്രസ്തുത വ്യക്തികളിൽ പുറത്താക്കപ്പെട്ടവർ ആരെല്ലാമാണെന്നും ആരോപണ വിധേയരായി തുടരുന്നവർ ആരെല്ലാമാണെന്നും എന്തെല്ലാം ആരോപണങ്ങളും/പരാതികളും ഇവരുടെ പേരിലുണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ റിപ്പോർട്ട് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും പുറത്താക്കപ്പെട്ട വൈസ്ചാൻസലർ സർവ്വകലാശാലയിൽ നിന്നും കൈപ്പറ്റിയ മൊത്തം തുക എത്രയാണ്; ഇവയിൽ ഒരുഭാഗം അനധികൃത കൈപ്പറ്റലാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; പ്രസ്തുത വ്യക്തി അനധികൃതമായി കൈക്കലാക്കിയ തുക തിരിച്ചുപിടിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

ഉദുമ ഗവണ്മെന്റ് കോളേജ്

1079. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിച്ച ഉദുമ ഗവൺമെന്റ് കോളേജിൽ അധ്യാപക - അധ്യാപകേതര തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ച സ്ഥിതിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>കേരള സർവ്വകലാശാല</u>

1080. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ നിലവിൽ എത്ര താൽക്കാലിക ജീവനക്കാർ ഉണ്ട്; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മേൽ ജീവനക്കാരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്തായിരുന്നു ;തെരഞ്ഞെടുപ്പ് സംബന്ധിച്ച് പത്രപരസ്യം നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത ജീവനക്കാർക്ക് സർവ്വകലാശാല നിശ്ചയിച്ചിട്ടുള്ള സേവന-വേതന വ്യവസ്ഥകൾ എപ്രകാരമാണ് ; ഇവരുടെ സേവന കാലാവധി എത്ര വർഷമാണ്; കാലാവധിക്ക് ശേഷം പുനർ നിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക് നിയമനം നൽകി;

(ഡി) താൽക്കാലിക ജീവനക്കാരിൽ വികലാംഗർ, എസ്. സി., എസ്.റ്റി,, മറ്റ് സംവരണ വിഭാഗങ്ങൾ എന്നിവർ ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഇ) താൽക്കാലിക ജീവനക്കാരിലെ വികലാംഗരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെയും സർവ്വകലാശാലയുടെയും നിലപാടുകൾ എപ്രകാരമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) താൽക്കാലിക ജീവനക്കാരിൽ ആരെങ്കിലും വ്യാജപ്പേരിൽ ഏതെങ്കിലും ജനപ്രതിനിധികളുടെ പേഴ്സണൽ സ്റ്റാഫിൽ പ്രവർത്തിച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ജി) പ്രസ്തുത വ്യക്തിയെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ചിരുന്നോ; ഇതു സംബന്ധിച്ച് ലഭിച്ച നിവേദനങ്ങളിന്മേൽ എന്ത് നടപടിയാണ് ശിപാർശ ചെയ്തത് ; വിശദമാക്കുമോ?

<u>ശ്രീ. രാധാകൃഷ്ണൻ നായർക്ക് ലഭിക്കാനുള്ള സർവ്വീസ് ആനുകൂല്യങ്ങൾ</u>

1081. ശ്രീ.കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയിൽ നിന്നും സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റായി വിരമിച്ച ശ്രീ. രാധാകൃഷ്ണൻ നായരുടെ സർവ്വീസ് സംബന്ധമായ എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതെല്ലാം ആനുകൂല്യങ്ങളാണ് നൽകാനുള്ളതെന്നും ഇത് സംബന്ധമായ ഏതെല്ലാം ഫയലുകളാണ് നിലവിൽ ഉള്ളതെന്നും അറിയിക്കുമോ;

(ബി) ശ്രീ. ജി. രാധാകൃഷ്ണൻ നായർ കേരള യൂണിവേഴ്സിറ്റിയിൽ ജോലിയിൽ പ്രവേശിച്ചതിന് ശേഷം എത്ര സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്; ഓരോ സ്ഥാനക്കയറ്റത്തിനുമനുസരിച്ചുള്ള സാമ്പത്തികാനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ , ഇല്ലെങ്കിൽ എന്താണ് തടസ്സമായിട്ടുണ്ടായിരുന്നത്;

(സി) ശ്രീ. ജി. രാധാകൃഷ്ണൻ നായർക്ക് എന്നാണ് സീനിയർ സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റായി പ്രമോഷൻ ലഭിച്ചിട്ടുള്ളത്; പ്രമോഷനുകൾക്ക് ശേഷം ലഭിക്കേണ്ട എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ; പ്രസ്തുത പ്രമോഷനുകൾ ലഭിച്ചപ്പോൾ ശ്രീ. രാധാകൃഷ്ണൻ നായർക്ക് ലഭിക്കേണ്ട ശമ്പള കുടിശ്ശിക നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട പരാതി പരിശോധിച്ച് കുടിശ്ശിക വിതരണം

ചെയ്യുന്നതിന് കേരള യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഫയൽ നമ്പർ 25202/B.3/2013/ഉ. വി. അനുസരിച്ച് ശ്രീ. രാധാകൃഷ്ണൻ നായർക്ക് നൽകാനുള്ള ശമ്പള കുടിശ്ശിക കേരള യൂണിവേഴ്സിറ്റിയിൽ നിന്നും വിതരണം ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; പ്രസ്തുത നിർദേശത്തിൻമേൽ യൂണിവേഴ്സിറ്റി എന്ത് നടപടി സ്വീകരിച്ചു; പ്രസ്തുത കുടിശ്ശിക വിതരണം ചെയ്തിട്ടില്ലെങ്കിൽ ഇതിന് കാരണം വ്യക്തമാക്കുമോ?

<u>എൽ.എൽ.എം. കോഴ്സിന്റെ കാലാവധി</u>

1082. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ എൽ.എൽ.എം. കോഴ്സിന്റെ പഠന കാലാവധി നിലവിൽ എത്ര വർഷമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോഴ്സിന്റെ പഠന കാലാവധി 2015-16 മുതൽ ഒരു വർഷം ആക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>കേരളാ സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനം</u>

1083. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണ് എന്നും ആദ്യ ഘട്ടം എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ബി) സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനത്തിന് കേന്ദ്രസർക്കാർ എത്ര തുകയാണ് ഇതിനോടകം അനുവദിച്ചിട്ടുള്ളത് എന്നും ഇതിൽ എത്ര തുകയുടെ നിർമ്മാണം പൂർത്തീകരിച്ചു എന്നും അറിയിക്കുമോ ;

(സി) ഈ പ്രോജക്ടിന് സംസ്ഥാന സർക്കാർ എത്ര തുക അനുവദിച്ചു എന്നും ഇതിൽ എത്ര തുക ചെലവഴിച്ചു എന്നും അറിയിക്കുമോ ;

(ഡി) ഇതിന്റെ രണ്ടാംഘട്ടമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച 25 കോടി രൂപയുടെ പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ഇ) ഈ പ്രോജക്ട് വഴി പൊതുജനത്തിന് എന്തെല്ലാം പ്രയോജനമാണ് ലഭിക്കുക ?

<u>സജിൻ പോളിന്റെ നിയമനം</u>

1084. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് വർഷങ്ങൾക്കു മുൻപ്, എം. ജി. സർവ്വകലാശാല നിയമന അംഗീകാരം നൽകിയ കോതമംഗലം എം. എ. കോളേജിലെ കോമേഴ്സ് വിഭാഗം ലക്ചററായ ശ്രീ. സജിൻ പോളിന്റെ നിയമനം ഇനിയും അംഗീകരിച്ച് ഉത്തരവിറങ്ങാത്ത സാഹചര്യത്തിൽ, പ്രസ്തുത നിയമനം അംഗീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>എയ്ഡഡ് കോളേജുകൾ</u>

1085. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ എത്ര കോളേജുകൾ പ്രവൃത്തിക്കുന്നുണ്ട്; ഏതെല്ലാം സമുദായ മാനേജ് മെന്റുകൾക്ക് കീഴിൽ എത്ര കോളേജുകൾ വീതം പ്രവൃത്തിക്കുന്നു;

(ബി) എല്ലാ കോളേജുകളിലും കൂടി അനുവദിക്കപ്പെട്ട മൊത്തം തസ്തികകൾ എത്ര; മാനേജ് മെന്റുകൾക്ക് സർക്കാർ അനുവദിച്ച തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് ഏതെങ്കിലും നിലയിൽ ഉദ്യോഗാർത്ഥികളിൽ നിന്നും പണം വാങ്ങാൻ അനുവാദം നല്കിയിട്ടുണ്ടോ; നിയമന വ്യവസ്ഥകൾ വിശദമാക്കാമോ;

(സി) മാനേജ് മെന്റുകൾ നിയമനത്തിന് മുൻപും ശേഷവും ഉദ്യോഗാർത്ഥികളിൽ നിന്ന് നിയമനത്തിന് പണം വാങ്ങുന്നില്ലന്ന് ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) നിയമ വിരുദ്ധമായി പണംവാങ്ങി നിയമനവും പ്രവേശനവും നടത്തിയ ഏതെങ്കിലും എയ്ഡഡ് മാനേജ് മെന്റിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>സ്വയംഭരണ കോളേജുകൾ</u>

1086. **ശ്രീ.എ.എ.അസീസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്വയംഭരണ കോളേജുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത കോളേജുകൾ കൊണ്ടുള്ള നേട്ടം എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

<u>സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ</u>

1087. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷങ്ങൾ നടത്തിവരുന്ന സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ എത്രയാണ്; അവയിൽ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജുകൾ ഏതൊക്കെ ; ഏതെല്ലാം ന്യൂനപക്ഷ മാനേജ്മെന്റുകൾ നടത്തുന്നു ;

(ബി) ന്യൂനപക്ഷ മാനേജ്മെന്റുകൾ നടത്തുന്ന സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ, ഡെന്റൽ കോളേജുകളിലെ വിദ്യർത്ഥി പ്രവേശനം ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ടവരിൽ നിന്നു തന്നെയാണോ നടത്തുന്നത് ;

(സി) കഴിഞ്ഞ വർഷവും ഈ വർഷവും ന്യൂനപക്ഷ മാനേജ്മെന്റുകൾ നടത്തിവന്ന സ്വാശ്രയ കോളേജുകളിൽ ഏതെല്ലാം കോഴ്സുകൾക്ക് ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര വീതം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയുണ്ടായി ;

(ഡി) ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ അപേക്ഷ പരിഗണിക്കാതെ ഇതരവിഭാഗത്തിൽ നിന്നുള്ളവരുടെ അപേക്ഷ പരിഗണിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ശേഖരിച്ച് വിശദീകരിക്കുമോ ?

<u>തലശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ നിർമ്മാണം</u>

1088. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ നിർമ്മാണത്തിനായി എം.എൽ.എ. ആസ്തി വികസന ഫണ്ടായ അഞ്ച് കോടി രൂപയ്ക്ക് പുറമെ സർക്കാർ എന്തു തുക നീക്കിവെച്ചെന്ന് വെളിപ്പെടുത്താമോ ;

(ബി) കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നടപടിക്രമം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(സി) എന്നത്തേക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ?

<u>ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ</u>

1089. ശ്രീമതി.ഇ.എസ്.ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റഗുലർ കോളേജുകളിൽ അഡ്മിഷൻ ലഭിക്കാതെ വരുന്ന വിദ്യാർത്ഥികൾ ആണ് ലേണേഴ്സ് സപ്പോർട്ട് സെന്ററുകളിൽ പഠിച്ചുവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള യൂണിവേഴ്സിറ്റിയുടെ അധികാര പരിധിയിലുള്ള ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ നിർത്തലാക്കിയതിന്റെ കാരണം വ്യക്തമാക്കുമോ

(സി) പ്രസ്തുത അധികാര പരിധിക്കുള്ളിലുള്ള ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ തുടർന്ന് പ്രവർത്തിപ്പിക്കുവാൻ അനുമതി നല്കുമോ ?

<u>സ്വകാര്യ സർവ്വകലാശാല</u>

1090. ശ്രീ.കോടിയേരി ബാലകൃഷ്ണൻ
,, എം.എ.ബേബി
,, വി.ചെന്താമരാക്ഷൻ
ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാല ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(സി) ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഗവേണിംഗ് ബോഡിയിൽ ഇതു സംബന്ധിച്ച് എടുത്ത തീരുമാനം എന്താണെന്നു വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ മേഖല നിലവാരത്തകർച്ച നേരിടുന്നുവെന്ന് കരുതപ്പെടുന്ന സാഹചര്യത്തിൽ സ്വകാര്യ സർവ്വകലാശാലകളുടെ ആവശ്യകത സംബന്ധിച്ച് പുനർ വിചിന്തനത്തിന് സർക്കാർ തയ്യാറാകുമോ?

<u>പ്രത്യേക യൂണിവേഴ്സിറ്റികളും, സ്വയംഭരണ കോളേജുകളും അനുവദിച്ചതു സംബന്ധിച്ച പഠനം</u>

1091. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. ഷംസുദ്ദീൻ
,, എൻ .എ.നെല്ലിക്കുന്ന്
,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യത്യസ്ത പഠന ശാഖകൾക്ക് പ്രത്യേക യൂണിവേഴ്സിറ്റികളും, സ്വയംഭരണ കോളേജുകളും അനുവദിച്ച ശേഷം ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉണ്ടായ ഗുണപരമായ മാറ്റങ്ങളെക്കുറിച്ച് പഠനമെന്തെങ്കിലും നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ പഠനത്തിൻെറ ഫലമെന്താണെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ആ രംഗത്ത് കൂടുതൽ പരിഷ്കാരങ്ങൾ ആവശ്യമുണ്ടെങ്കിൽ അതിനുള്ള പശ്ചാത്തലമൊരുക്കുന്നതിനു മുന്നോടിയായി സമഗ്രമായ പഠനം നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>ആർട്ടസ് &സയൻസ് കോളേജുകൾ അനുവദിച്ചത്</u>

1092. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര പുതിയ ആർട്ടസ് & സയൻസ് കോളേജുകൾ അനുവദിച്ചുവെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കോളേജുകളുടെ പേരും അനുവദിച്ച കോഴ്സുകളും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളേജുകളിൽ എത്ര അധ്യാപക-അനധ്യാപക തസ്തികകൾ അനുവദിച്ചുവെന്ന് കോളേജുകൾ തിരിച്ച് വ്യക്തമാക്കുമോ;

(ഡി) എത്ര തസ്തിക കൂടി ഇനി അനുവദിക്കാനുണ്ടെന്നും അവ എന്നത്തേക്ക് അനുവദിക്കുമെന്നും വിശദമാക്കുമോ?

വൈപ്പിൻ മണ്ഡലത്തിൽ ആർട്ട്സ് കോളേജ്

1093. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ നിർദ്ദിഷ്ട ആർട്ട്സ് കോളേജ് ആരംഭിക്കുന്നതിനായി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ ആരെന്ന് വ്യക്തമാക്കാമോ; നിർദ്ദേശം നൽകിയിട്ട് എത്ര നാളായെന്നും റിപ്പോർട്ട് ലഭ്യമായെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കോളേജ് ആരംഭിക്കുന്നതു സംബന്ധിച്ചുള്ള അനിശ്ചിതത്വം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കോളേജിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

കോഴിക്കോട് ലോ കോളേജിൽ ഈവനിംഗ് എൽ.എൽ.ബി.

1094. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ, എൽ.എൽ.ബി ഈവനിംഗ് കോഴ്സ് സർക്കാർ മേഖലയിലോ സ്വാശ്രയ മേഖലയിലോ നടന്നു വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ലോ കോളേജിൽ ഈവനിംഗ് എൽ.എൽ.ബി കോഴ്സ് ഉടങ്ങുന്നത് സംബന്ധിച്ച ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈവനിംഗ് എൽ.എൽ.ബി കോഴ്സ് അനുവദിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ?

അമ്പലപ്പുഴ ഗവ. കോളേജിൽ പുതിയ കോഴ്സുകൾ

1095. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഗവ. കോളേജിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളത്; ഓരോ വിഭാഗത്തിലും എത്ര കുട്ടികൾ വീതം പഠനം നടത്തുന്നു; വിശദമാക്കുമോ;

(ബി) കോളേജ് അധികാരികൾ പുതിയ കോഴ്സുകൾക്കായി അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കോളേജിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിച്ച സാഹചര്യത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർ നിയമനം

1096. ശ്രീ.എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല രജിസ്ട്രാർ ഡോ.മുഹമ്മദ് ബഷീറിനെ കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലറായി നിയമിക്കാൻ ചീഫ് സെക്രട്ടറി കൺവീനറായ സമിതി ശുപാർശ നല്കിയിരുന്നോ ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) വൈസ് ചാൻസലർ നിയമനത്തിനുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത നിയമനത്തിന് മേൽ സൂചിപ്പിച്ച യോഗ്യതകൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ ?

സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള എയ്ഡഡ് കോളേജുകൾ

1097. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ എത്ര എയ്ഡഡ് കോളേജുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഏതൊക്കെ മാനേജ്മെന്റുകൾക്കാണ് കോളേജ് നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത കോളേജുകളിലേയ്ക്കായി എത്ര തസ്തികകൾ അനുവദിക്കപ്പെട്ടു എന്നു വ്യക്തമാക്കാമോ;

(സി) ഇങ്ങനെ അനുവദിക്കപ്പെട്ട തസ്തികകൾക്കെല്ലാം കൂടി പ്രതിവർഷം എന്തു തുക അധികച്ചെലവ് വരുമെന്ന് വ്യക്തമാക്കാമോ?

സർക്കാർ കോളേജുകൾ

1098. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകൾ ഇല്ലാത്ത മണ്ഡലങ്ങളിൽ ആയത് ആരംഭിക്കുമെന്ന 2012-13 ലെ ബഡ്ജറ്റ്പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര കോളേജുകൾ ആരംഭിച്ചു; ബാക്കിയുളളവ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഇന്റർനാഷണൽ ഹയർ അക്കാദമിക് സോൺ

1099. ശ്രീ.എം.എ.ബേബി
,, എ. പ്രദീപ്കുമാർ
പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്കാദമിക് സിറ്റി സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനായി ഇന്റർനാഷണൽ ഹയർ അക്കാദമിക് സോൺ എന്ന പേരിൽ പ്രത്യേക വിദ്യാഭ്യാസ മേഖല ആരംഭിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഇതു സംബന്ധിച്ചുള്ള സമീപനരേഖയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതി എങ്ങനെ നടപ്പാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത് ;വിശദമാക്കുമോ;

(ഇ) വിദേശ സർവ്വകലാശാലകൾക്ക് ഇവിടെ കോഴ്സുകൾ തുടങ്ങുന്നതിന് അനുമതി നൽകുന്നുണ്ടോ ;

(എഫ്) പ്രസ്തുത കോഴ്സുകൾ പൂർണ്ണമായും സ്വകാര്യ സ്വാശ്രയ മേഖലയിൽ നടത്താനാണോ ഉദ്ദേശിക്കുന്നത് ;വ്യക്തമാക്കുമോ;

(ജി) പ്രത്യേക വിദ്യാഭ്യാസ മേഖലയ്ക്ക് സർക്കാർ എന്തെല്ലാം ഇളവുകളാണ് നൽകാൻ ഉദ്ദേശിക്കുന്നത് ; പാവപ്പെട്ടവർക്ക് അപ്രാപ്യമാകുന്ന ഇത്തരം സ്ഥാപനങ്ങൾ സംസ്ഥാനത്തെ വിദ്യാഭ്യാസ മികവിനെ എങ്ങിനെ ബാധിക്കുമെന്ന് പരിഗണിച്ചിട്ടുണ്ടോ ?

<u>വൈസ്ചാൻസലർ നിയമനങ്ങൽ</u>

1100. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈസ് ചാൻസലർമാരുടെ നിയമനങ്ങൽ ജാതി-മതാടിസ്ഥാനത്തിൽ വീതം വയ്ക്കുകയായിരുന്നു എന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വിശദമാക്കുമോ;

(ബി) അക്കാദമിക് മൂല്യങ്ങളുടേയും മികവിന്റേയും ഉയർന്ന വിദ്യാഭ്യാസ മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിൽ വി.സി. മാരുടെ നിയമനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉന്നതവിദ്യഭ്യാസ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ</u>

1101. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യഭ്യാസ വകുപ്പിൽ കഴിഞ്ഞ 5 ബജറ്റുകളിലായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബജറ്റിലും വകയിരുത്തിയ തുകയെത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്നും ഇതിനകം പിൻവലിക്കപ്പെട്ട തുകയെത്ര;

(സി) കഴിഞ്ഞ അഞ്ച് ബജറ്റുകളിലുമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

<u>അൺ-എയിഡഡ് വിദ്യാലയങ്ങൾക്ക് എയിഡഡ് പദവി</u>

1102. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ-എയിഡഡ് വിദ്യാലയങ്ങൾക്ക് എയിഡഡ് പദവി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വിദ്യാലയങ്ങൾക്കാണ് എയിഡഡ് പദവി നൽകിയതെന്നും ഈ വിദ്യാലയങ്ങളിൽ എത്ര അദ്ധ്യപക അദ്ധ്യാപകേതര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കുമോ;

(സി) മുൻകാല പ്രാബല്യത്തോടെ സ്കൂളുകൾക്ക് എയിഡഡ് പദവി നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഇതിലൂടെ ഒരു വർഷം സർക്കാരിന് എത്ര രൂപയുടെ ബദ്ധ്യതയുണ്ടാകുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ആർ.എം.എസ്.എ പദ്ധതി പ്രകാരം ആരംഭിച്ച സ്കൂളുകൾ</u>

1103. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ എത്ര ഹൈസ്കൂളുകൾ ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സ്കൂളുകളിൽ കേന്ദ്രസർക്കാർ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പദ്ധതിയിൽ വിവിധ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് അധ്യാപകരെ നിയമിക്കാത്തതും ഡിവിഷനുകൾ കൂടുന്നതനുസരിച്ച് അധിക തസ്തികകൾ അനുവദിക്കാത്തതും മൂലം കുട്ടികളും രക്ഷിതാക്കളും കഷ്ടത

അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) ഒന്നാം ഘട്ടത്തിൽ അനുവദിച്ച സ്കൂളുകളുടെ പ്രശ്നം പരിഹരിക്കാതെ രണ്ടംഘട്ടത്തിൽ അനുവദിച്ച സ്കൂളുകളിൽ സംസ്ഥാന സർക്കാർ അധിക തസ്തിക അനുവദിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(എഫ്) എങ്കിൽ ഇങ്ങനെ ഒരു ഉത്തരവ് ഇറക്കാനുണ്ടായ കാരണം വിശദമാക്കാമോ?

ഹയർ സെക്കന്ററി സ്കൂളുകളിൽ ഒഴിവുകൾ

1104. പ്രൊഫ. സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിൽ എത്ര അധ്യാപകരുടെ ഒഴിവുകളാണ് ഉള്ളത് എന്ന് വിഷയം തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2010-ന് ശേഷം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ എത്ര ജൂനിയർ, സീനിയർ ഹിന്ദി അധ്യാപകരെ നിയമിച്ചിട്ടുണ്ട് എന്നും നിലവിൽ എത്ര ഹിന്ദി അധ്യാപകരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയതിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് നിയമനം

1105. ശ്രീ.വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ എച്ച്.എസ്.എ. മാരിൽ എത്ര പേർക്ക് എച്ച്.എസ്.എസ്.റ്റി. കോമേഴ്സ് ആയി പ്രമോഷൻ ലഭിക്കാൻ അർഹതയുണ്ടെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ എത്ര ഒഴിവുകൾ ആയതിനായി മാറ്റി വച്ചിട്ടുണ്ട്;

(സി) അവരുടെ അഭാവത്തിൽ പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുമോ;

(ഡി) കോമേഴ്സ് അദ്ധ്യാപകരുടെ അഭാവത്താൽ കേരളത്തിലുടനീളം സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകർ ക്ലാസ്സെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ അതിൽ നിന്നും നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശമ്പളം ലഭിക്കാതെ ജോലി നോക്കുന്ന നഴ്സറി അദ്ധ്യാപകരും ആയമാരും

1106. ശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ ശമ്പളമോ അലവൻസോ ലഭിക്കാതെ ജോലി നോക്കിവരുന്ന എത്ര നഴ്സറി അദ്ധ്യാപകരും ആയമാരും ഉണ്ട് ;

(ബി) ഇവർക്ക് ശമ്പളമോ അലവൻസോ നൽകാത്തത് എന്തുകൊണ്ടാണ് ; വിശദീകരണം നൽകാമോ ;

(സി) സർക്കാർ നഴ്സറി സ്കൂളിൽ പി.ടി.എ മുഖാന്തിരം അദ്ധ്യാപകരായോ ആയമാരായോ ആയി നിയമനം നൽകിയിട്ടുള്ളവർക്ക് പി.ടി.എ ഫണ്ടിൽനിന്നും വേതനം നൽകേണ്ട എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) നഴ്സറി അദ്ധ്യാപകർക്കും ആയമാർക്കും വേതനം നൽകുന്നതിന് അനുവാദം ഇല്ലാത്തതിനാൽ ഈ സ്കൂളുകളുടെ പ്രവർത്തനം എപ്രകാരം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ ?

## ആശ്വാസ് പദ്ധതി

1107. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കുന്ന ആശ്വാസ് പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുതപദ്ധതിയിലേക്ക് സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിൻെറ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## അപ്ഗ്രേഡ് ചെയ്യപ്പെട്ട വിദ്യാലയങ്ങൾ

1108. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്ന് വിദ്യാലയങ്ങളുടെ പേരുകൾ സഹിതം ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ അനുവദിച്ചതും ആർ.എം. എസ് .എ. സ്കീമിൽ അപ്ഗ്രേഡ് ചെയ്തതുമായ വിദ്യാലയങ്ങൾ ഏതെല്ലാമാണ്;

(സി) അപ്ഗ്രേഡ് ചെയ്ത വിദ്യാലയങ്ങളിൽ എത്ര തസ്തികകൾ അനുവദിച്ചുവെന്നും എത്ര തസ്തികകൾ അനുവദിക്കാനുണ്ടെന്നും എന്നത്തേക്ക് അനുവദിക്കാനാകുമെന്നും അറിയിക്കുമോ?

## സ്കൂളുകൾ എയിഡഡ് ആയി ഉയർത്തുന്ന നടപടി

T 1109. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയിഡഡ് ആയി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര വിദ്യാലയങ്ങൾ എയിഡഡ് ആയി ഉയർത്തുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സ്ഥാപനങ്ങളിലെ അധ്യാപകരുടെ ശമ്പളമുൾപ്പെടെയുള്ള പ്രധാന കാര്യങ്ങൾ ഗവൺമെന്റ് ചിലവിൽ വഹിക്കുന്നതിനാൽ എന്തടിസ്ഥാനത്തിലാണ് എയിഡഡ് ആയി അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സ്ഥാപനങ്ങൾ എയിഡഡ് ആക്കുകവഴി മാനേജ്മെന്റിന് കോഴ വാങ്ങാൻ കൂട്ടു നിൽക്കുന്ന നടപടി ഒഴിവാക്കി സ്കൂൾ സർക്കാർ ഏറ്റെടുത്ത് മാനേജ്മെന്റിനെ കോഴയിൽ നിന്നും മോചിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

## സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ചെലവ്

1110. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓരോ വർഷവും ബജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തുകയിൽ ഓരോ വർഷവും ചെലവഴിച്ചതിന്റെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞില്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

കെ-ടെറ്റ് പരീക്ഷ

1111. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ടെറ്റ് പരീക്ഷയുടെ വിജയ ശതമാനം വളരെ കുറഞ്ഞു നിൽക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) അദ്ധ്യാപക ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത പരീക്ഷയും വിജയിക്കണം എന്ന് ഉത്തരവിറക്കാനിടയായ സാഹചര്യം വിശദമാക്കാമോ;

(സി) അദ്ധ്യാപക നിയമനത്തിന് പ്രസ്തുത പരീക്ഷാ വിജയം നിർബന്ധമാക്കിയിട്ടുണ്ടോ; അൺ എയ്ഡഡ് സ്കൂളുകൾക്കും ഇത് ബാധകമാണോ; വിശദാംശങ്ങൾ നൽകാമോ?

സി. ബി. എസ്.ഇ., ഐ. സി. എസ്. ഇ. അൺ എയ്ഡഡ് സ്കൂളുകൾ

1112. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സ്കൂളുകളിൽ എത്ര കുട്ടികളും അദ്ധ്യാപകരും ഉണ്ട്; വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സി. ബി. എസ്. ഇ., ഐ. സി. എസ്..ഇ. അൺ എയ്ഡഡ് സ്കൂളുകൾ ആരംഭിക്കുന്നതിന് എൻ.ഒ.സി നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ?

കെ.ഇ.ആർ നിയമത്തിലെ ഭേദഗതി

1113. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് സ്കൂൾ അടച്ച് പൂട്ടുന്നതിനായി മാനേജർമാർ നോട്ടീസ് നൽകുന്ന പ്രവണത വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചട്ടങ്ങളിൽ ഇതിനനുകൂലമായ വ്യവസ്ഥയുള്ളത് കാരണം പല മാനേജർമാരും ഹൈക്കോടതിയിൽ നിന്നും അനുകൂല വിധി നേടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാർലമെൻറ് പാസ്സാക്കിയ വിദ്യാഭ്യാസ അവകാശ നിയമത്തിലെ വകുപ്പുകളെ അടിസ്ഥാനമാക്കി, സ്കൂൾ അടച്ച് പൂട്ടുന്നതിന് മാനേജർക്ക് അധികാരം നൽകുന്ന കെ. ഇ. ആർ. നിയമത്തിലെ വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അടുത്ത അധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് സ്കൂൾ പൂട്ടണമെന്ന വിധി പ്രസ്താവം വന്ന സാഹചര്യത്തിൽ അതിന് മുമ്പായി പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിയ്ക്കുമോ ?

വി.എച്ച്.എസ്.സി. ആകർഷണീയമാക്കാൻ പരിഷ്കാരങ്ങൾ

1114. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ വിദ്യാർത്ഥികൾക്കുള്ള സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ എന്താണ് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഹയർ സെക്കണ്ടറി വിഭാഗത്തെ അപേക്ഷിച്ച് വി.എച്ച്.എസ്.സി. വിഭാഗത്തിൽ ചേരുന്നതിന് വിദ്യാർത്ഥികൾക്കുള്ള താത്പര്യം കുറയുന്നതിന്റെ കാരണമെന്താണ്;

(സി) കാലോചിതമല്ലാത്ത സിലബസ്സും കോഴ്സുകളുമാണ് ഈ മേഖലയിൽ വിദ്യാർത്ഥികൾക്കുള്ള താത്പര്യം കുറയ്ക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ വി.എച്ച്.എസ്.സി. രംഗം ആകർഷണീയമായ വിദ്യാഭ്യാസ വിഭാഗമായി മാറ്റുന്ന തരത്തിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്ന കാര്യം പരിഗണിക്കുമോ?

## കലാ - കായിക അധ്യാപക നിയമനം

1115. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ കലാ - കായിക അധ്യാപക നിയമനത്തിനായി എസ്.എസ്.എ. ഫണ്ട് ലഭിക്കുന്നുണ്ടോ; പ്രസ്തുത ഫണ്ട് ഉപയോഗിച്ച് സ്കൂളുകളിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം എത്ര വർഷമായി നിയമനങ്ങൾ നടത്തുന്നു എന്നറിയിക്കാമോ;

(സി) ഇതിലേയ്ക്കായി എസ്.എസ്.എ. നൽകുന്ന തുക പൂർണ്ണമായി വിനിയോഗിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ഡി) എസ്.എസ്.എ. അനുവദിച്ചതിൽ എത്ര തുക വിനിയോഗിക്കാതെ നഷ്ടപ്പെട്ടിട്ടുണ്ട് എന്നറിയിക്കാമോ?

## എസ്.എസ്.എ. ഫണ്ട്

1116. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എ. ഫണ്ട് ഏതെല്ലാം പദ്ധതികൾക്കാണ് വിനിയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ നാലര വർഷമായി സംസ്ഥാനത്തിന് അനുവദിച്ച എസ്.എസ്.എ. ഫണ്ട് സംബന്ധിച്ച വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) കേന്ദ്രം അനുവദിച്ച ഫണ്ട് യഥാസമയം ചിലവഴിക്കാനാകാതെ ലാപ്സായ സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ നാലര വർഷത്തിൽ സംസ്ഥാനത്തിന് ചിലവഴിക്കാൻ കഴിയാതെ ലാപ്സായ എസ്.എസ്.എ. ഫണ്ടിന്റെ കണക്ക് ലഭ്യമാക്കുമോ?

## എസ്.എൻ. ട്രസ്റ്റിന്റേയും എസ്.എൻ.ഡി.പി. യോഗത്തിന്റെയും കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

1117. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എൻ. ട്രസ്റ്റിന്റേയും എസ്.എൻ.ഡി.പി. യോഗത്തിന്റെയും മാനേജ്മെന്റിന് കീഴിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഉള്ളത്;

(ബി) 2006-11 കാലഘട്ടത്തിൽ പുതുതായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി എസ്.എൻ.ഡി.പി. യുടെ ക്രമപ്രകാരമുള്ള എത്ര അപേക്ഷകൾ ലഭിച്ചിരുന്നു എന്ന് അറിയിക്കാമോ;

(സി) ഇവയിൽ എത്ര എണ്ണത്തിന് അനുവാദം നൽകിയെന്നും അറിയിക്കാമോ;

(ഡി) എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറിയുടെ സ്വകാര്യ മാനേജ്മെന്റിനു കീഴിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് അറിയിക്കാമോ?

## അൺ എയ്ഡഡ് സ്കൂളുകളുടെ വിവരം

1118. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര അൺ എയ്ഡഡ് സ്കൂളുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇതിൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ., മറ്റ് അൺ എയ്ഡഡ് സ്കൂളുകൾ എന്നീ ക്രമത്തിൽ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

<u>അൺ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം</u>

1119. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) ഇതിൽ എത്ര സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടവും കളിസ്ഥലവും ഇല്ലെന്ന് ജില്ല തിരിച്ച് അറിയിക്കുമോ?

<u>അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം</u>

1120. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് ജില്ലകൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പുതിയ സ്കൂളുകൾക്ക് അനുമതി തേടിയുള്ള എത്ര അപേക്ഷകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

<u>അൺ എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം</u>

1121. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ അംഗീകാരത്തിന് അപേക്ഷ നൽകിയ അൺ എയ്ഡഡ് സ്കൂളുകളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുകയുണ്ടായി എന്നതു സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) തൃശ്ശൂർ ജില്ലയിൽ എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയെന്നും അവയുടെ ലിസ്റ്റും ലഭ്യമാക്കുമോ;

<u>ആർ. എം. എസ്.എ. സ്കൂളുകളിലെ അധ്യാപക നിയമനം</u>

1122. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ആർ എം.എസ്.എ. സ്കൂളുകളിൽ എല്ലാ വിഷയങ്ങളും പഠിപ്പിക്കാൻ അധ്യാപകരെ അനുവദിക്കാത്തതുമൂലം പ്രസ്തുത വിഷയങ്ങൾ പഠിപ്പിക്കാൻ പി.റ്റി.എ. ഫണ്ട് സ്വരൂപിച്ച് അധ്യാപകരെ നിയമിച്ച് പഠിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ആർ. എം. എസ്. എ. സ്കൂളുകളിലെ പി. റ്റി. എ. കമ്മിറ്റികൾ ഭാരിച്ച കടത്തിലാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സ്കൂളുകളിൽ പ്രൊട്ടക്ഷൻ മൂലവും മറ്റും പുറത്തായി ജോലി ഇല്ലാതിരിക്കുന്ന അധ്യാപകരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ആർ.എം.എസ്.എ പദ്ധതി പ്രകാരം യു.പി., ഹൈസ്കൂൾ തലത്തിലേക്ക് ഉയർത്തിയ സ്കൂളുകൾ</u>

1123. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതിയിൻ കീഴിൽ എത്ര സ്കൂളുകളാണ് യു.പി., ഹൈസ്കൂൾ തലത്തിലേക്ക് ഉയർത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വിദ്യാലയങ്ങളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(സി) അദ്ധ്യാപകരുടെ കുറവ് ഉള്ള ഇത്തരം സ്കൂളുകളിൽ അദ്ധ്യാപകരെ അടിയന്തിരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## ആർ.എം.എസ്.എ. പദ്ധതി

1124. **ശ്രീമതി.ഇ.എസ്.ബിജിമോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂൾ ആയി ഉയർത്തിയ പാമ്പനാർ ഹൈസ്കൂൾ, വഞ്ചിവയൽ ട്രൈബൽ സ്കൂൾ എന്നിവയിൽ മതിയായ അദ്ധ്യാപകരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അദ്ധ്യാപകരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

## പ്ലസ് ടു അധ്യാപക നിയമനം

1125. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്ലസ് ടു അനുവദിച്ച സ്കൂളുകളിൽ സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ പോലും അധ്യാപകർക്ക് ശമ്പളം കിട്ടുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതു പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

## പ്ലസ് ടു ബാച്ചുകൾ

1126. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി മേഖലയിൽ എത്ര എയ്ഡഡ്/ അൺഎയ്ഡഡ് പ്ലസ് ടു സ്കൂളുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള എണ്ണം വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര പ്ലസ് ടു ബാച്ചുകൾ അനുവദിച്ചുവെന്നും എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര പ്ലസ് ടു ബാച്ചുകൾ അനുവദിച്ചുവെന്നും അറിയിക്കുമോ;

(സി) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര പ്ലസ് ടു ബാച്ചുകൾ ഈ സർക്കാരിന്റെ കാലത്ത് അനുവദിക്കുകയുണ്ടായി.;

(ഡി) അനുവദിക്കപ്പെട്ട പ്ലസ് ടു ബാച്ചുകളിൽ വേണ്ടത്ര വിദ്യാർത്ഥികൾ ഇല്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെട്ട ബാച്ചുകൾ മൊത്തം എത്ര; ഒരു ബാച്ചിന് അംഗീകാരം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ വിശദമാക്കാമോ; വ്യവസ്ഥകൾ പ്രകാരം എത്ര എയ്ഡഡ് സ്കൂളുകളിലെ എത്ര ബാച്ചുകൾക്ക് അംഗീകാരത്തിനർഹതയുണ്ട്; അർഹതയുള്ള ബാച്ചുകളിലെല്ലാം കൂടി എത്ര തസ്തികകൾക്ക് അർഹതയുണ്ട്; അംഗീകരിച്ചവ എത്ര; വിശദമാക്കുമോ?

<u>പ്ലസ് വണ്‍ സീറ്റുകള്‍</u>

1127. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നിലവില്‍ എത്ര പ്ലസ് വണ്‍ സീറ്റുകള്‍ ഉണ്ട്; അതില്‍ സര്‍ക്കാര്‍/എയ്ഡഡ്/അണ്‍ എയ്ഡഡ് സ്കൂളുകളില്‍ എത്ര സീറ്റുകള്‍ വീതം ഉണ്ട്;

(ബി) കഴിഞ്ഞ അഞ്ച് വര്‍ഷത്തില്‍ ഓരോ വര്‍ഷവും ഒഴിഞ്ഞു കിട്ടുന്നിരുന്ന പ്ലസ് വണ്‍ സീറ്റുകള്‍ എത്ര വീതമായിരുന്നു;

(സി) കുട്ടികളുടെ കുറവ് കാരണം ഏതെങ്കിലും എയ്ഡഡ്/അണ്‍ എയ്ഡഡ് ഹയര്‍ സെക്കന്ററി സ്കൂളുകളിലെ ഏതെങ്കിലും ബാച്ച് ഇല്ലാതായിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഹയര്‍ സെക്കന്ററി താല്‍ക്കാലിക അദ്ധ്യാപകരുടെ വേതനം</u>

T 1128. **ശ്രീ.ഇ.ചന്ദ്രശേഖരന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ദിവസവേതനക്കാരായ ഹയര്‍ സെക്കന്ററി അദ്ധ്യാപകര്‍ക്ക് നിലവില്‍ നല്‍കിവരുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഹയര്‍ സെക്കന്ററി സ്കൂളുകളുടെ അധ്യയന ദിവസം ആഴ്ചയില്‍ അഞ്ചാക്കി ചുരുക്കിയത് ഇത്തരം അദ്ധ്യാപകരുടെ വേതനത്തെ ബാധിച്ചിട്ടുണ്ടോ;

(സി) ഇവരുടെ വേതന വര്‍ദ്ധനവ് സംബന്ധിച്ച ആവശ്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഗസ്റ്റ് അധ്യാപകരുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നതിന് നടപടികള്‍ സ്വീകരിക്കുമോ?

<u>സമഗ്ര വിദ്യഭ്യാസ പദ്ധതി</u>

1129. **ശ്രീ.മുല്ലക്കര രത്നാകരന്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സമഗ്ര വിദ്യഭ്യാസ പദ്ധതി എത്ര നിയോജക മണ്ഡലങ്ങളില്‍ നടപ്പിലാക്കി വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഹയര്‍ സെക്കന്ററി തുല്യതാ കോഴ്സ്</u>

1130. **ശ്രീ.വര്‍ക്കല കഹാര്‍**
**,, പി.എ.മാധവന്‍**
**,, തേറമ്പില്‍ രാമകൃഷ്ണന്‍**
**,, എം.എ. വാഹീദ് :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഹയര്‍ സെക്കന്ററി തുല്യതാ കോഴ്സിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാന്‍ ഭരണതലത്തില്‍ എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്?

<u>ഹയർ സെക്കണ്ടറി അദ്ധ്യാപകർ</u>

1131. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി കോമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ - സീനിയർ) സ്ഥിരം ഒഴിവുകൾ 31.10.2015 വരെ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) എൻ.ജെ.ഡി .ഉൾപ്പെടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്ര;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകളിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ നിന്ന് എത്ര പേർക്ക് നിയമനം നടത്തിയെന്ന് വ്യക്തമാക്കുമോ;

(ഇ) റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

<u>ഹയർ സെക്കണ്ടറി സ്കൂളുകൾ</u>

1132. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; സർക്കാർ /എയ്ഡഡ്/അൺ എയ്ഡഡ് എന്നീ ക്രമത്തിലുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) എയ്ഡഡ് മേഖലയിലും അൺ എയിഡഡ് മേഖലയിലും അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളുടെ മാനേജ്മെന്റ് സംബന്ധിച്ച വിശദാംശം നൽകാമോ ;

(സി) എയ്ഡഡ് മേഖലയിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളും ബാച്ചുകളും ഉൾപ്പെടെ എത്ര അധ്യാപക , അധ്യാപകേതര തസ്തികകൾ സൃഷ്ടിക്കപ്പെട്ടുവെന്ന് അറിയിക്കുമോ ;

(ഡി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ച തസ്തികളുടെ ഭാഗമായി സർക്കാരിന് എന്ത് തുക അധിക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ ഭാഷാധ്യാപക തസ്തികകൾ</u>

1133. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ ഭാഷാധ്യാപക തസ്തികകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം ഭാഷാധ്യാപക തസ്തികകളാണ് നിലവിൽ അനുവദിക്കുന്നതെന്നും ഇവയുടെ ക്രമം എപ്രകാരമാണെന്നും വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഭാഷാധ്യാപക തസ്തികകൾ അനുവദിക്കുമ്പോൾ ഏതെങ്കിലും ഭാഷക്ക് മുൻഗണന നൽകണമെന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## സമഗ്ര വിദ്യാഭ്യാസ പദ്ധതി

1134. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടന്നു വരുന്നു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദമാക്കാമോ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെസമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ എത്ര തുക അനുവദിച്ചു; 01.07.2011 മുതൽ 31.10.2015 വരെയുള്ള കണക്ക് ലഭ്യമാക്കാമോ?

## ഹയർ സെക്കൻഡറി തുല്യതാ കോഴ്സ്

1135. **ശ്രീ.എ.എ.അസീസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കൻഡറിക്ക് തുല്യതാ കോഴ്സ് നടത്തുന്നുണ്ടോ;

(ബി) തുല്യതാ പരീക്ഷ എഴുതുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണ്;

(സി) ഏതൊക്കെ ഗ്രൂപ്പുകളിലാണ് തുല്യതാ കോഴ്സ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

## ഹയർ സെക്കൻണ്ടറി സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപക നിയമനം

1136. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച സർക്കാർ-എയ്ഡഡ് ഹയർ സെക്കൻണ്ടറി സ്കൂളുകളിൽ നിയമിതരായ ഗസ്റ്റ് അദ്ധ്യാപകരിൽ സർക്കാർ സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്ക് മാത്രം വേതനം നൽകുന്നതിന് ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ എയ്ഡഡ് സ്കൂളിലെ ഗസ്റ്റ് അദ്ധ്യാപകരായി നിയമിതരായ വർക്കും വേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത സ്കൂളുകളിൽ പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ?

## എച്ച്.എസ്.എ. ഫിസിക്കൽ സയൻസ്

1137. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 സെപ്റ്റംബർ മാസം നടന്ന എച്ച്.എം.പ്രൊമോഷൻ വഴി തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിൽ വന്ന ഒഴിവുകൾ എത്രയെന്നു വിശദമാക്കുമോ ;

(ബി) 2014-15 സ്റ്റാഫ് ഫിക്സേഷൻ നടന്ന ശേഷം 2015 ഒക്ടോബർ 15ന് പ്രസ്തുത ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിലവിലുള്ള അധിക എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികകൾ എത്രയെന്നു വിശദമാക്കുമോ ;

(സി) 2015-16 അദ്ധ്യയന വർഷത്തിൽ പ്രസ്തുത ജില്ലയിലെ സർക്കാർ സ്കൂളുകളിൽ എത്ര പേർക്ക് പി.എസ്.സി വഴി നിയമനം നൽകിയെന്നു വിശദമാക്കുമോ ;

(ഡി) 2015-16 അധ്യയന വർഷത്തിൽ സ്റ്റാഫ് ഫിക്സേഷനു ശേഷം പ്രസ്തുത ജില്ലയിലെ സർക്കാർ സ്കൂളുകളിൽ അധികം വന്ന (വരാൻ സാധ്യതയുള്ള) എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികകൾ

എത്രയെന്നു വിശദമാക്കുമോ ;

(ഇ) പ്രസ്തുത ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിന്നും 2016-17 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലായി വിരമിക്കുന്ന എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് അധ്യാപകരുടെ എണ്ണം എത്രയെന്നു വിശദമാക്കുമോ ;

(എഫ്) 2015-16 അധ്യയന വർഷത്തിൽ ഹയർ സെക്കണ്ടറി അധ്യാപകരായി ജോലി ലഭിച്ചത് മൂലം പ്രസ്തുത ജില്ലയിലെ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിൽ നിന്നും അധ്യാപകർ പിരിഞ്ഞ് പോയത് വഴി ഉണ്ടായ ഒഴിവുകൾ എത്രയെന്നു വിശദമാക്കുമോ ;

(ജി) പ്രസ്തുത ജില്ലയിൽ 2015-16 വർഷത്തിൽ പി.എസ്.സി യിലേക്ക് എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് തസ്തികയിലുള്ള എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിലവിലുള്ള ഒഴിവുകൾ ഡി.ഡി. ഓഫീസിൽ നിന്നും കേരള പി.എസ്.സി യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

എയ്ഡഡ് /അൺഎയ്ഡഡ് മേഖലയിൽ പ്ലസ് ടു കോഴ്സ് അനുവദിച്ച സ്കൂളുകൾ

1138. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പ്ലസ് ടു ബാച്ചുകൾ അനുവദിച്ചു കിട്ടിയ അൺ എയ്ഡഡ് പ്ളസ് ടു സ്കൂളുകൾ, ബാച്ചുകൾ എന്നിവ വ്യക്തമാക്കുമോ;

(ബി) മിനിമം വിദ്യാർത്ഥികളോ സൗകര്യങ്ങളോ ഇല്ലാത്തതിനാൽ അംഗീകാരം നഷ്ടമായ സ്കൂളുകളുടെ വിശദാംശം നൽകുമോ;

(സി) എയ്ഡഡ് മേഖലയിൽ പ്ലസ് ടു കോഴ്സ് അനുവദിച്ചു കിട്ടിയ ഹയർ സെക്കന്ററി സ്കൂളുകൾ എത്ര; ആകെ എത്ര പ്ലസ് ടു ബാച്ചുകൾ ഉണ്ട്; മിനിമം വിദ്യാർത്ഥികളും, സൗകര്യങ്ങളും ഇല്ലാത്തതു മൂലം എത്ര സ്കൂളുകൾക്ക് അംഗീകാരം നഷ്ടപ്പെടുകയുണ്ടായിട്ടുണ്ട്;

(ഡി) അംഗീകാരത്തിനർഹതയുള്ളതായി കണ്ടെത്തിയ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്ലസ് ടു ബാച്ചുകളിലെല്ലാം കൂടി അംഗീകാരത്തിനർഹമായ തസ്തികകൾ എത്ര; പ്രസ്തുത തസ്തികകളിൽ ഇതിനകം അംഗീകാരം നല്കിയവ എത്ര; അംഗീകാരത്തിനായി പരിഗണനയിലുള്ള തസ്തികകൾ എത്ര; വിശദമാക്കുമോ?

അഞ്ചാം ക്ലാസ് ഉൾപെട്ട എൽ.പി. സ്കൂളുകൾ

1139. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും എയ്ഡഡ് എൽ.പി. സ്കൂളുകളിൽ അഞ്ചാം ക്ലാസ് പ്രവൃത്തിച്ചു വരുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം സ്കൂളുകളിൽ; ഏത് തീയതി മുതൽ പ്രവൃത്തിച്ചു വരുന്നു ;

(ബി) പുതിയ ദേശീയ വിദ്യാഭ്യാസ നയമനുസരിച്ച് അഞ്ചാം ക്ലാസ് സംസ്ഥാനത്തെ എൽ.പി. സ്കൂളുകൾക്ക് അനുവദിക്കപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന് വിരുദ്ധമായി അഞ്ചാംക്ലാസ് പ്രവൃത്തിച്ചു വരുന്ന സ്കൂളുകൾക്ക് എതിരെ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രശ്നത്തിൽ ബഹു. ഹൈക്കോടതിയുടെ അന്തിമ വിധി പ്രസ്താവന എന്തായിരുന്നു ; വിശദമാക്കാമോ ?

എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകളുടെ പ്രവർത്തനം

1140. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ**

**,,** രാജു എബ്രഹാം

ഡോ.കെ.ടി.ജലീൽ

**ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് മാനേജ്മെന്റുകൾക്കുള്ള അധികാരം ഇല്ലാതാക്കുന്നത് പരിഗണനയിലുണ്ടോ;എന്കിൽ ഇതിനായി ചട്ടത്തിൽ ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) മുന്നിയൂർ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ കെ.കെ.അനീഷിന്റെ മരണത്തിനുത്തരവാദിയായ സ്കൂൾമാനേജരെ പോലീസ് അറസ്റ്റ് ചെയ്ത സാഹചര്യത്തിൽ വകുപ്പുതല നടപടി സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ഡി) വ്യാജരേഖ ചമച്ചാണ് പ്രസ്തുത അദ്ധ്യാപകനെ സ്കൂളിൽ നിന്ന് പുറത്താക്കിയതെന്നും പിരിച്ചുവിട്ട നടപടി തെറ്റാണെന്നും ഡി.പി.ഐ. റിപ്പോർട്ട് നൽകിയിട്ടും മുൻ ഡി.ഡി.ഇ..യും സ്കൂൾ പ്രധാന അദ്ധ്യാപികയും ഉൾപ്പെടെയുള്ളവർക്കെതിരെ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ട് ; വ്യക്തമാക്കുമോ;

(ഇ) കെ.കെ. അനീഷിന്റെ ഭാര്യക്ക് സർക്കാർ സർവ്വീസിൽ ജോലിനൽകണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ?

## അടൂർ വിദ്യാഭ്യാസ ജില്ല

1141. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നതിന് നിലവിലുള്ള സാങ്കേതിക തടസ്സങ്ങൾ വിശദമാക്കാമോ;

(ബി) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുമെന്ന് നിയമസഭയിൽ നൽകിയ ഉറപ്പ് സമയബന്ധിതമായി പാലിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

## ഡയറ്റ് അധ്യാപകരുടെ പ്രമോഷൻ

1142. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഡയറ്റിലെ കല - കായിക അധ്യാപകർക്ക് അർഹതപ്പെട്ട പ്രമോഷൻ നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡയറ്റ് അധ്യാപകരുടെ നിയമനം, പ്രൊമോഷൻ ഇവയ്ക്ക് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ ; എങ്കിൽ എന്നാണ് പ്രസ്തുത റൂൾ നിലവിൽ വന്നത്

(സി) സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനു ശേഷവും എം.എഡ്. യോഗ്യത ഇല്ലാത്ത അധ്യാപകർക്ക് അവരുടെ സർവ്വീസ് സീനിയോറിറ്റി പരിഗണിച്ച് പ്രമോഷൻ നൽകിയിട്ടുണ്ടോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) എങ്കിൽ 20 ഉം 25 ഉം വർഷം സർവ്വീസുള്ളവരും റിട്ടയർമെന്റിന് ആറുമാസം മാത്രം ബാക്കിയുള്ളവരുമായ അധ്യാപകർക്ക് അർഹതപ്പെട്ട പ്രമോഷൻ സ്പെഷ്യൽ റൂളിൽ ഇളവ് വരുത്തി നൽകുമോയെന്ന് വ്യക്തമാക്കുമോ ?

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക - അനദ്ധ്യാപക നിയമനങ്ങളുടെ അംഗീകാരം

1143. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ 2011 മുതലുള്ള അദ്ധ്യാപക - അനദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കാത്തത് മൂലം അധ്യാപകരടക്കമുള്ള ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ

സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിനും മറ്റ് സർവ്വീസ് സംബന്ധമായ കാര്യങ്ങൾ സാധിച്ച് കിട്ടുന്നതിനും കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## എയ്ഡഡ് വിദ്യാലയങ്ങളിലെ തസ്തികകൾ

1144. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ വിവിധ മേഖലകളിൽ എത്ര വിദ്യാലയങ്ങളെ എയ്ഡഡാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്ന് അറിയിക്കാമോ ; ഇതിനായുണ്ടായ അധികബാധ്യത എത്രയാണ് ?

## എയ്ഡഡ് വിദ്യാലയങ്ങളിലെ മാനേജ്മെന്റ് തർക്കം

1145. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വിദ്യാലയങ്ങളിലെ മാനേജ്മെന്റ് തർക്കം മൂലം എത്ര വിദ്യാലയങ്ങൾ താത്ക്കാലികമായി ഏറ്റെടുത്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) മാനേജ്മെന്റ് തർക്കം നിലനിൽക്കുന്നതും സർക്കാർ ഏറ്റെടുക്കാത്തതുമായ എത്ര വിദ്യാലയങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(ഡി) ഗവൺമെന്റ് ഏറ്റെടുത്ത വിദ്യാലയങ്ങളിൽ വരുന്ന അധ്യാപക-അനധ്യാപക ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും മാനേജ്മെന്റ് തർക്കം മൂലം മാനേജർ നിലവിലില്ലാത്ത വിദ്യാലയങ്ങളിലെ ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ?

## ആശ്വാസ് പദ്ധതി

1146. **ശ്രീ.ഹൈബി ഈഡൻ**
,, കെ.ശിവദാസൻ നായർ
,, പി.സി വിഷ്ണുനാഥ്
,, ലൂഡി ലൂയിസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ആശ്വാസ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## കണ്ണിന് കാഴ്ച നഷ്ടപ്പെട്ട അധ്യാപികയുടെ മലപ്പുറത്തേക്കുള്ള സ്ഥലം മാറ്റം

1147. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണിന് കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ട ആതിര ഗോപകുമാർ എന്ന അധ്യാപികയ്ക്ക് തൃശ്ശൂർ ജില്ലയിൽ നിന്നും മലപ്പുറം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം നൽകുന്നതുമായി ബന്ധപ്പെട്ട 31077/E2/15/G.Edn. നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

## അതുല്യം പദ്ധതി

1148. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, വർക്കല കഹാർ
,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

## സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ

1149. ശ്രീ.പി.ഉബൈദുള്ള **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് വഴി ഹൈസ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ എന്തെല്ലാമാണ്;വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പൊതുജനങ്ങൾക്കും സർക്കാർ ജീവനക്കാർക്കും അസാപ് വഴി സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

## സ്കൂൾ കലോൽസവങ്ങൾ

1150. ശ്രീ.എളമരം കരീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ജില്ലാ, സംസ്ഥാന സ്കൂൾ കലോൽസവങ്ങളിൽ അപ്പീൽ അധികാരികൾ ആയി ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കോടതികൾക്കു പുറമേ ജുഡീഷ്യൽ സ്വഭാവമുള്ള മറ്റേതെങ്കിലും സ്ഥാപനങ്ങൾക്ക് അപ്പീൽ പരിഗണിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത അപ്പീലുകൾ അനുവദിക്കുമ്പോൾ ബന്ധപ്പെട്ട ഇനങ്ങളിലെ വിദഗ്ധരുടെ അഭിപ്രായം ആരായാറുണ്ടോ ;

(ഡി) വിദ്യാർത്ഥി പങ്കെടുത്ത ഇനത്തിന്റെ വീഡിയോ റിക്കോർഡ് ചെയ്ത് ആ ഇനത്തിലെ വിദഗ്ധർ കണ്ടിട്ടാണോ അപ്പീൽ അനുവദിക്കുന്നത് ;

(ഇ) ബാലാവകാശ കമ്മീഷനും മനുഷ്യാവകാശ കമ്മീഷനും അപ്പീൽ അനുവദിക്കാനുള്ള അധികാരം നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന് ആധാരമായ ഉത്തരവിന്റെയോ നിയമത്തിന്റേയോ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) 2014-15 കാലയളവിൽ ബഹു. കോടതികളും ഡി.പി.ഐ. യും കൂടാതെ മറ്റ് ഏതെല്ലാം വിഭാഗങ്ങൾ അനുവദിച്ച അപ്പീൽ പ്രകാരമാണ് റവന്യൂ ജില്ലാ, സംസ്ഥാന കലോൽസവങ്ങളിൽ വിദ്യാർത്ഥികൾക്ക്

പങ്കെടുക്കാൻ സാധിച്ചതെന്നും അവ എത്ര എണ്ണം വീതം എന്നും വ്യക്തമാക്കുമോ ;

(ജി) കലോൽസവ മാന്വലിൽ അപ്പീൽ അധികാരികൾ ആരൊക്കെയാണ് എന്നതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; കോടതികളും ഡി.പി.ഐ. യും അപ്പീൽ അനുവദിക്കുമ്പോൾ അവതരിപ്പിച്ച ഇനം കാണാതെ എന്തടിസ്ഥാനത്തിലാണ് അപ്പീൽ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>വീയപുരം, തലവടി ഗവ.ഹൈസ്കൂൾ കെട്ടിട നിർമ്മാണം</u>

1151. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്ലസ്ടു അനുവദിച്ച വീയപുരം ഗവൺമെന്റ് ഹൈസ്കൂളിന് കെട്ടിടനിർമ്മാണഫണ്ട് അനുവദിക്കുന്ന വിഷയത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഫണ്ട് അനുവദിച്ച തലവടി ഹയർസെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>റാസ്ബെറി പൈ കമ്പ്യൂട്ടർ കിറ്റുകൾ</u>

1152. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയാണ്;

(ബി) ഇതിൽ എത്ര വിദ്യാർത്ഥികൾക്ക്, റാസ്ബറി പൈ ഇലക്ട്രോണിക്സ് സ്കൂൾ കിറ്റുകൾ നൽകിയിട്ടുണ്ട്; അവശേഷിക്കുന്ന വിദ്യാർത്ഥികൾക്കെല്ലാം കിറ്റുകൾ വിതരണം ചെയ്യുമെന്ന പ്രഖ്യാപനം നടപ്പായിട്ടുണ്ടോ;

(സി) ഈ വർഷം എത്ര സ്കൂൾ വിദ്യാർത്ഥികൾക്ക് കൂടി കിററുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) റാസ്ബെറി പൈ കമ്പ്യൂട്ടർ കിറ്റുകൾ, ഏത് ഏജൻസി വഴിയാണ് ലഭ്യമാക്കിയിട്ടുള്ളത്; കിറ്റ് ഒന്നിന് എന്ത് ചെലവ് വരുന്നുണ്ട്;

(ഇ) അവശേഷിക്കുന്ന വിദ്യാർത്ഥികൾക്കെല്ലാം ഈ വർഷം തന്നെ കിറ്റുകൾ വിതരണം ചെയ്യുന്നതിന് മൊത്തം എന്ത് ചെലവ് പ്രതീക്ഷിക്കുന്നു; ഏതെല്ലാം നിലയിലാണ് തുക കണ്ടെത്തുന്നത്?

<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>

1153. ശ്രീ.ടി.എൻ. പ്രതാപൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, വി.ഡി.സതീശൻ
,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കിയിരുന്നോ ;വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദമാക്കുമോ?

<u>പുതുതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകൾ</u>

1154. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി ഈ വർഷം അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഓരോ ജില്ലയിലും ഹയർ സെക്കണ്ടറി പുതുതായി അനുവദിച്ച എത്ര സർക്കാർ സ്കൂളുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പുതുതായി ഹയർ സെക്കണ്ടറി അനുവദിച്ച സ്കൂളുകളിൽ എവിടെയൊക്കെയാണ് പിന്നീട് അഡീഷണൽ ബാച്ചുകൾ ആരംഭിച്ചത്; ഇത്തരത്തിൽ അഡീഷണൽ ബാച്ചുകൾ അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(സി) പ്ലസ് വൺ അഡ്മിഷനു ശേഷം ഏതെങ്കിലും സർക്കാർ സ്കൂളുകളിൽ സീറ്റുകൾ ഒഴിഞ്ഞു കിടപ്പുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്കൂളുകളിൽ; എത്ര സീറ്റുകൾ വീതം ഇനിയും കുട്ടികൾ എത്താനുണ്ടെന്ന് പറയാമോ;

(ഡി) പുതുതായി ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിച്ച സ്ഥാപനങ്ങളിൽ അദ്ധ്യാപക തസ്തികകൾ ഫിക്സ് ചെയ്ത് നൽകിയിയിട്ടുണ്ടോ; ഈ സ്കൂളുകളിൽ അദ്ധ്യാപനം നടത്തുന്ന ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ശമ്പളം നല്കി വരുന്നുണ്ടോ ; തസ്തികകൾ ഫിക്സ് ചെയ്ത് സ്ഥിര നിയമനം നൽകുന്നതിനും ശമ്പളം നൽകുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>മലപ്പുറം ജില്ലയിലെ പുല്ലൂർ യു.പി. സ്കൂളിന്റെ അപ്ഗ്രഡേഷൻ</u>

1155. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഐ.യിൽ ഫയൽ നീക്കത്തിന് അനാവശ്യമായ കാലതാമസം നേരിടുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാന കാരണങ്ങളെ സംബന്ധിച്ച് വിശദമായി പരിശോധിച്ചിട്ടുണ്ടോ ;

(സി) ഡി.പി.ഐ. യിൽ ഫയലിന്മേൽ നടപടി സ്വീകരിച്ച് തീർപ്പുകൽപ്പിക്കുന്ന കാര്യത്തിൽ സേവനാവകാശ നിയമവും ഫൈവ് ഡേ റൂൾ ഉൾപ്പെടെയുള്ള മറ്റ് പ്രസക്തമായ ചട്ടങ്ങളും ബാധകമാക്കിയിട്ടുണ്ടോ ;വിശദമാക്കുമോ ;

(ഡി) മലപ്പുറം ജില്ലയിലെ പുല്ലൂർ യു.പി. സ്കൂളിന്റെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് എൻ.എസ്.സെക്ഷനിലുള്ള 67625/എൻ.എസ്.3/2015 നമ്പർ ഫയൽ ആരംഭിച്ച തീയതി എന്നാണെന്ന് വ്യക്തമാക്കുമോ ; തപാൽ സെക്ഷനിൽ ലഭിച്ച തീയതി എന്നാണെന്ന് വ്യക്തമാക്കുമോ ;

(ഇ) 21.8.2015-ന് ലഭിച്ച തപാൽ സെക്ഷനിൽ നിന്നും ഫയലാക്കി നൽകിയത് എന്നാണ്; ഇതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ;

(എഫ്) പ്രസ്തുത ഫയൽ അത് കൈകാര്യം ചെയ്ത ഓരോ ഉദ്യോഗസ്ഥനും കൈവശം വച്ചിരുന്നത് എത്ര ദിവസം വീതമാണ് എന്ന് അറിയിക്കുമോ ; അനാവശ്യ കാലതാമസം വരുത്തിയ ഓരോ ഉദ്യോഗസ്ഥന്റേയും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ ; പകർപ്പ് നൽകുമോ ;

(ജി) 21.8.2015 മുതൽ 2015 നവംബർ 20 വരെ പ്രസ്തുത സീറ്റിൽ ആരംഭിച്ച ഫയലുകൾ എത്രയാണ്; അതിൽ 2015 നവംബർ 10 വരെ തീർപ്പാക്കി റിപ്പോർട്ട് നൽകിയ എത്ര കേസുകളുണ്ട് ; പുല്ലൂർ യു. പി. സ്കൂളിന്റെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട 67625/എൻ.എസ്.3/15-ാം നമ്പർ ഫയലിൽ തീർപ്പുകൽപ്പിച്ച് റിപ്പോർട്ട് നൽകാൻ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ; നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത റിപ്പോർട്ട് എന്ന് സമർപ്പിക്കുമെന്ന് അറിയിക്കുമോ ; വിശദാംശം നൽകുമോ ?

<u>സ്കൂൾ യൂണിഫോം വിതരണം</u>

1156. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഒന്നാമത്തെ ബജറ്റിൽ (2011-12) സംസ്ഥാനത്തെ സ്കൂളുകളിലെ ആറ് മുതൽ പതിനാല് വയസ്സുവരെ പ്രായമുള്ള എല്ലാ വിദ്യാർത്ഥികൾക്കും യൂണിഫോം നൽകുമെന്ന്

പ്രഖ്യാപിച്ചിരുന്നോ; ഇത് നടപ്പിലാക്കാനായിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കാണ് യൂണിഫോം നൽകുന്നത്;

(സി) ഇതിനുള്ള ഫണ്ട് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് ലഭിക്കുന്നത്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും വർഷത്തിൽ അദ്ധ്യയന വർഷാരംഭത്തിൽ യൂണിഫോം വിതരണം ചെയ്യാനായിട്ടുണ്ടോ; അദ്ധ്യയന വർഷം അവസാനിച്ചശേഷം ആ വർഷത്തെ യൂണിഫോം വിതരണം ചെയ്യുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ;

(ഇ) എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് പൂർണ്ണമായും യൂണിഫോം നൽകുന്നുണ്ടോ; വിശദമാക്കാമോ?

## അപ്ഗ്രേഡ് ചെയ്ത ഹയർസെക്കണ്ടറി സ്കൂളുകൾ

1157. പ്രൊഫ. സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര സർക്കാർ ഹൈസ്കൂളുകളാണ് ഹയർ സെക്കണ്ടറി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ ഹിന്ദി അദ്ധ്യാപക നിയമനം പി.എസ്.സി മുഖേന നടത്തിയിട്ടുള്ളവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

## പാഠപുസ്തക വിതരണം

1158. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 അദ്ധ്യയന വർഷം അവസാനിക്കുവാൻ ചുരുങ്ങിയ ദിവസങ്ങൾ മാത്രം അവശേഷിക്കുമ്പോഴും പാഠപുസ്തകങ്ങൾ പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ക്രിസ്തുമസ് പരീക്ഷയ്ക്ക് മുൻപ് പാഠപുസ്തക വിതരണം പൂർത്തീകരിയ്ക്കുവാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ ?

## പാഠപുസ്തക അച്ചടി

1159. ശ്രീ.വി.ചെന്താമരാക്ഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ലാസുകളിലുള്ള വിദ്യാർത്ഥികളുടെ പാഠപുസ്തക അച്ചടി പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് മാസമാണ് അച്ചടി പൂർത്തീകരിച്ചത് എന്ന് വിശദമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം ക്ലാസ്സുകളിലേക്കുള്ള പുസ്തകങ്ങളാണ് ഇനിയും അച്ചടിച്ച് നൽകാനുള്ളത് എന്ന് വിശദമാക്കുമോ ;

(സി) വിദ്യാർത്ഥികൾക്ക് യഥാസമയം പാഠപുസ്തകം നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ ?

## പാഠപുസ്തക വിതരണം

1160. ശ്രീ.എ.കെ.ബാലൻ
പ്രൊഫ. സി.രവീന്ദ്രനാഥ്
ശ്രീ.എ.എം. ആരിഫ്
**,,** ബി.സത്യൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷത്തെ രണ്ടാംഘട്ട പാഠപുസ്തക വിതരണം പൂർത്തിയായിട്ടുണ്ടോ ; കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ഈ അദ്ധ്യയന വർഷം പാഠപുസ്തക അച്ചടിയിലുണ്ടായ കാലതാമസവും അതുമൂലം വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങളും കണക്കിലെടുത്ത് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പാഠപുസ്തക അച്ചടിക്കുള്ള അനുമതി വൈകുന്നതു സംബന്ധിച്ച് കെ.ബി.പി.എസ്. അധികൃതർ നൽകിയ കത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഈ അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടി വൈകിയതു സംബന്ധിച്ച് നടത്തിയ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ് ; ധന , അച്ചടി വകുപ്പുകൾ വീഴ്ച വരുത്തിയിതായി റിപ്പോർട്ടിൽ പരാമർശമുണ്ടോ ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) അന്വേഷണ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

<u>പാഠപുസ്തക വിതരണം</u>

1161. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് അദ്ധ്യയന വർഷത്തിൽ അർദ്ധവാർഷിക പരീക്ഷ അടുത്തിട്ടും സ്കൂളുകളിൽ പാഠപുസ്തകമെത്തിയില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ക്ലാസുകളിലേയ്ക്കുള്ള എത്ര പുസ്തകങ്ങൾ വിതരണം ചെയ്തെന്നും എത്ര പുസ്തകം വിതരണം ചെയ്യാനുണ്ടെന്നും വിശദമാക്കാമോ;

(സി) പാഠപുസ്തക വിതരണത്തിൽ വന്ന കാലതാമസത്തിന്റെ ഉത്തരവാദിത്തം ആർക്കാണ്; അവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(ഡി) ഏതൊക്കെ പ്രസ്സുകളിൽ നിന്ന് എത്ര തുകയ്ക്കാണ് പാഠപുസ്തകം അച്ചടിച്ചതെന്ന് വിശദമാക്കാമോ?

<u>ഉച്ചഭക്ഷണ പരിപാടി</u>

1162. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ
,, റ്റി.എ.അഹമ്മദ് കബീർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പരിപാടി പ്രകാരം വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ അളവിലും പ്രയോജകരായ കുട്ടികളുടെ എണ്ണത്തിലും അന്തരമുള്ളതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കാലാകാലങ്ങളിൽ പരിശോധിച്ച് റിപ്പോർട്ട് നല്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനുള്ള സംവിധാനമേതെന്നും വ്യക്തമാക്കുമോ?

<u>അദ്ധ്യാപക പാക്കേജ് പദ്ധതി</u>

1163. ശ്രീ.ജോസഫ് വാഴയ്ക്കൻ
,, വി.റ്റി.ബൽറാം

,, ഷാഫി പറമ്പിൽ

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപക പാക്കേജ് നടപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി</u>

1164. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ഹൈസ്കൂളായി ഉയർത്തപ്പെട്ട സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശമ്പളം ലഭിക്കാതിരിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അദ്ധ്യാപകരുടെ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ?

<u>പാഠപുസ്തക വിതരണത്തിലെ കാലതാമസം</u>

1165. ശ്രീ.കെ.കെ.ജയചന്ദ്രൻ

,, റ്റി.വി.രാജേഷ്

,, കെ.കുഞ്ഞമ്മത് മാസ്റ്റർ

ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഈ അദ്ധ്യയനവർഷത്തെ ക്രിസ്മസ് പരീക്ഷ എന്ന് നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) പരീക്ഷയ്ക്കുള്ള മുന്നൊരുക്കങ്ങൾ എന്തെല്ലാമാണ് നടത്തിയിട്ടുള്ളത്

(സി) പരീക്ഷ എഴുതേണ്ട വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ ഇതുവരെ ലഭ്യമായിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പാഠപുസ്തക വിതരണം എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) അർദ്ധവാർഷിക പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ അച്ചടിയിൽ പ്രതിസന്ധിയുണ്ടോ;; പ്രസ്സുകാർക്ക് കുടിശ്ശിക നൽകാനുണ്ടോ ; കഴിഞ്ഞ ഓണപ്പരീക്ഷയ്ക്ക് മിക്ക സ്കൂളുകളിലും ചോദ്യപേപ്പർ തികയാതെ വന്ന കാര്യം അറിവുള്ളതാണോ;

(ഇ) പാഠപുസ്തക വിതരണത്തിലും പരീക്ഷാ നടത്തിപ്പിലും തുടർച്ചയായുണ്ടാകുന്ന അലംഭാവം പൊതുവിദ്യാഭ്യാസ മേഖലയുടെ തകർച്ചയ്ക്ക് ആക്കം കൂട്ടുമെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ?

<u>ഏകാധ്യാപക വിദ്യാലയങ്ങൾ</u>

1166. ശ്രീ.കെ.ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വനമദ്ധ്യത്തിൽ പ്രവർത്തിക്കുന്ന എത്ര ഏകാധ്യാപക വിദ്യാലയങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിദ്യാലയങ്ങളിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നും ഈ വിദ്യാലയങ്ങളുടെ ഭൗതിക

സാഹചര്യ വികസനത്തിനായി ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഈ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അധ്യാപകർക്ക് ആവശ്യമായ ശാസ്ത്രീയ പരിശീലനം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അത് ഏത് ഏജൻസി ആണെന്ന് വ്യക്തമാക്കാമോ?

<u>സാങ്കേതിക സർവ്വകലാശാലയിലെ ജനാധിപത്യ വേദികൾ</u>

1167. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) APJ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ ജനാധിപത്യ വേദികൾ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഘടന വ്യക്തമാക്കാമോ;

(ബി) ജനാധിപത്യ വേദികളിൽ സാങ്കേതിക സർവ്വകാലാശാലക്ക് കീഴിൽ വരുന്ന ഇഞ്ചിനീയറിഗ് കോളേജിലെ ആധ്യപകെതര ജീവനക്കാരെ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) APJ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ നിലവിലുള്ള ജീവനക്കാരുടെ വിവരം ലഭ്യമാക്കുമോ; മറ്റ് യൂണി വേഴ്സിറ്റികളിലെ ജീവനക്കാർക്ക് സാങ്കേതിക സർവ്വകലാശാലയിലേക്ക് വരുന്നതിന് സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) 2015-16 സാമ്പത്തിക വർഷം സർക്കാർ ഗ്രാന്റായി ഏത്ര രൂപ സർവ്വകലാശാലയ്ക്ക് കൈമാറിയിട്ടുണ്ട്?

<u>കാസർകോട് ജില്ലയിലെ ഒഴിവുകൾ</u>

1168. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകളുണ്ടെന്ന് തസ്തിക തിരിച്ച കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>കാവിലുംപാറ ഗവൺമെന്റ് ഹൈസ്കൂളിലെ അധ്യാപക നിയമനം</u>

1169. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജക മണ്ഡലത്തിലെ ആർ.എം.എസ്.എ ഹൈസ്കൂളായി ഉയർത്തിയ കാവിലുംപാറ ഗവൺമെന്റ് ഹൈസ്കൂളിൽ ആവശ്യത്തിന് അധ്യാപകരെ നിയമിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പി.ടി.എ. കമ്മിറ്റി നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അധ്യാപകരെയും മറ്റ് ജീവനക്കാരെയും നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>സ്കൂളിനെ അന്തരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ</u>

1170. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലത്തിലെ പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി വരെയുള്ള ഒരു സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) എത്ര സ്കൂളുകളെയാണ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) നെന്മാറ ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ?

<u>മാവേലിക്കര മണ്ഡലത്തിൽ ഹയർ സെക്കന്ററി സ്കൂളിനും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനും പുതിയ കെട്ടിടം</u>

1171. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര കുന്നം ഹയർ സെക്കന്ററി സ്കൂളിനും ഇറവങ്കര വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡാക്കി ഉയർത്തൽ</u>

1172. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡാക്കി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര വിദ്യാലയങ്ങൾ എയ്ഡഡ് ആയി ഉയർത്തുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളമുൾപ്പെടെയുള്ള ചെലവുകൾ സർക്കാർ വഹിക്കുന്നതിനാൽ എന്തടിസ്ഥാനത്തിലാണ് എയ്ഡഡ് ആക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്കൂളുകൾ എയ്ഡഡാക്കുന്നതിലൂടെയുള്ള കോഴ ആരോപണം ഒഴിവാക്കാൻ സ്കൂളുകൾ സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ?

<u>സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി</u>

T 1173. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഏതെല്ലാം മതസംഘടനകളും സ്വകാര്യ ട്രസ്റ്റുകളും നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾക്കാണ് എയ്ഡഡ് പദവി നൽകിയിരിക്കുന്നത്;

(ബി) ലോകായുക്ത ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എ.ഡി.ജി.പി. ഇക്കാര്യത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ മുഖ്യമന്ത്രിയുൾപ്പെടെ ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി</u>

1174. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഇല്ലായെങ്കിൽ ഇത്തരത്തിലൊരു തീരുമാനമെടുത്തതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ ;

(സി) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന സാഹചര്യത്തിൽ ഇത്തരം സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി മുഖാന്തിരം നടത്തുന്നകാര്യം സർക്കാരിൻെറ പരിഗണനയിലുള്ളതാണോ ;

(ഡി) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നകാര്യം അടിയന്തരമായി പരിഗണിച്ച് അദ്ധ്യാപക,അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി മുഖാന്തിരം നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

<u>സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി</u>

1175. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നല്കാനുള്ള തീരുമാനം എന്നുമുതലാണ് നിലവിൽ വന്നത്;

(ബി) ഏതെല്ലാം മാനേജ്മെന്റുകൾക്ക് കീഴിലുള്ള എത്ര സ്കൂളുകൾക്കാണ് പുതുതായി എയ്ഡഡ് പദവി നല്കിയിരിക്കുന്നത്;

(സി) എയ്ഡഡ് പദവി നല്കിയ സ്പെഷ്യൽ സ്കൂളുകളിൽ എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ട്; അംഗീകരിച്ച സ്പെഷ്യൽ സ്കൂളുകൾക്കായി പ്രതിവർഷം എന്തു തുക ചെലവഴിക്കേണ്ടി വരും;

(ഡി) സ്പെഷ്യൽ സ്കൂൾ അദ്ധ്യാപക നിയമനം പി.എസ്.സി.യുടെ നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്നായിരിക്കുമോ; ഇതിനായി റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

<u>കാസർഗോഡ്, കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കന്ററി കോഴ്സ്</u>

T 1176. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കന്ററി കോഴ്സ് അനുവദിക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇവിടെ നിന്നും പഠനം പൂർത്തീകരിക്കുന്ന കുട്ടികൾക്ക് പ്ലസ് ടു പഠനത്തിന് മറ്റ് സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥ ഒഴിവാക്കി പ്ലസ് ടു കോഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>സർക്കാർ ഏറ്റെടുത്ത മാനേജ്മെന്റ് സ്കൂളുകൾ</u>

1177. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര മാനേജ്മെന്റ് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുകയുണ്ടായി; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) സ്കൂളുകൾ എന്നത്തേക്ക് പൂർണ്ണമായും ഏറ്റെടുക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ആറ്റിങ്ങൽ ഗവ: വി.എച്ച്.എസ്.എസ് ഹയർ സെക്കണ്ടറി ബ്ലോക്ക് നിർമ്മാണം</u>

1178. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഗവ: വി.എച്ച്.എസ്.എസിൽ ഹയർ സെക്കണ്ടറി ബ്ലോക്ക് നിർമ്മിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിച്ചിരിക്കുന്ന ശിപാർശയിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കെട്ടിട സൗകര്യം തീരെക്കുറഞ്ഞ പ്രസ്തുത സ്കൂളിന് ഫണ്ടനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ ?

<u>വിദ്യാഭ്യാസ അവകാശ നിയമം</u>

1179. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തെങ്കിലും കോടതി വിധിയുണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) കോടതി വിധിയിൻമേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ?

<u>അധ്യാപകരുടെ ഒഴിവു നികത്താൻ നടപടി</u>

1180. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ എൽ.പി. മുതൽ ഹയർസെക്കണ്ടറി വരെയുള്ള വിഭാഗങ്ങളിൽ അധ്യാപകരുടെ എത്ര ഒഴിവുകൾ ഈ അദ്ധ്യയന വർഷാരംഭത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(ബി) ഇതേവരെ പ്രസ്തുത ഒഴിവുകൾ മുഴുവൻ നികത്താൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് പറയാമോ;

(സി) പൊതുപരീക്ഷാ തീയതി വരെ വിജ്ഞാപനം ചെയ്തിരിക്കുന്ന സാഹചര്യത്തിൽ അധ്യാപകരുടെ ഒഴിവുകൾ പൂർണ്ണമായും നികത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

<u>വൊക്കേഷണൽ ഹയർ സെക്കന്ററിയിലും ഹയർ സെക്കന്ററിയിലും കോമേഴ്സ് അദ്ധ്യാപകരുടെ നിയമനം</u>

T 1181. **ശ്രീ.പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കന്ററിയിലും ഹയർ സെക്കന്ററിയിലും കോമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ, സീനിയർ) എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഒഴിവുകൾ എൻ.ജെ.ഡി. ആയും അല്ലാതെയും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) റാങ്ക് ലിസ്റ്റിലുള്ള (മെയിൻ ലിസ്റ്റ്) മുഴുവൻ പേർക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) അഡ്വൈസ് അയച്ചിട്ടും ജോയിൻ ചെയ്യാത്തവ ജൂനിയർ/സീനിയർ (കോമേഴ്സ്) ടീച്ചർമാരുടെ കണക്ക് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ കൂടി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>വിദ്യാഭ്യാസ രംഗത്ത് വരുത്തിയ ഗുണപരമായ മാറ്റങ്ങൾ</u>

1182. ശ്രീ.മോൻസ് ജോസഫ്
,, സി.എഫ്.തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിദ്യാഭ്യാസ രംഗത്ത് വരുത്തിയ ഗുണപരമായ മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമ പ്രദേശങ്ങളിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പരീക്ഷയും പരീക്ഷാഫലവും, അഡ്മിഷനും മറ്റും കൃത്യമായ കലണ്ടറിന്റെ അടിസ്ഥാനത്തിൽ നടത്തുമോ?

<u>വിദ്യാഭ്യാസ മേഖലയിലെ പദ്ധതികൾ</u>

1183. ശ്രീ.കെ.എം.മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസം, ഹയർ സെക്കന്ററി വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, സാങ്കേതികവിദ്യാഭ്യാസം എന്നീ മേഖലകളിൽ അടിസ്ഥാന സൗകര്യവികസനവും അക്കാദമിക് നിലവാരവും മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതികൾക്ക് നാളിതുവരെ എത്ര തുക ചെലവായെന്നും ഇവ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ ;

<u>സ്കൂളുകളുടെ വിവരങ്ങൾ</u>

1184. ശ്രീ.വി.ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ സ്കൂളുകൾ അടച്ചുപൂട്ടിയിട്ടുണ്ടെന്ന് വിശദമാക്കുമോ ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) എത്ര സ്വകാര്യ സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

<u>സ്മാർട്ട് ചിൾഡ്രൻ പദ്ധതി</u>

1185. ശ്രീ.ബെന്നി ബെഹനാൻ
,, കെ.അച്ചുതൻ
,, ജോസഫ് വാഴയ്ക്കൻ
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് ചിൾഡ്രൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്:

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>സ്കൂളുകളുടെ അടച്ചുപൂട്ടൽ</u>

1186. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാദായകരമെന്ന് കണക്കാക്കിയിട്ടുള്ള സ്കൂളുകളുടെ എണ്ണമെത്രയാണ്; ഇവ അടച്ചുപൂട്ടൽ ഭീഷണിയിലാണോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് അടച്ചു പൂട്ടിയ സ്കൂളുകളുടെ എണ്ണമെത്ര;

(സി) സംസ്ഥാനത്ത് ആകെ എത്ര ഏകാദ്ധ്യാപക വിദ്യാലയങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(ഡി) ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ പ്രതിമാസ വേതനം എത്രയാണ്; ഇത് കൃത്യമായി നൽകുന്നുണ്ടോ; വേതനം ലഭിക്കാതെ അദ്ധ്യാപകർ ഒഴിഞ്ഞു പോയതുമൂലം അടച്ചുപൂട്ടിയ വിദ്യാലയങ്ങളുണ്ടോ;

(ഇ) എങ്കിൽ അടച്ചുപൂട്ടിയ ഇത്തരം വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ തുടർ പഠനം സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>സ്കൂളുകളിലെ ഉച്ചക്കഞ്ഞിവിതരണം</u>

1187. ശ്രീ.കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചക്കഞ്ഞിവിതരണത്തിനായി ഏത് രീതിയിലുള്ള സഹായമാണ് സർക്കാർ നൽകിവരുന്നത് ;

(ബി) പച്ചക്കറികളുടെയും പലവ്യഞ്ജനങ്ങളുടെയും വില വർദ്ധനവിന് ആനുപാതികമായ വർദ്ധനവ് ഉച്ചക്കഞ്ഞിവിതരണത്തിനുള്ള സഹായത്തിന് അനുവദിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ പദ്ധതിയ്ക്കായുള്ള നിരക്ക് ഏറ്റവും ഒടുവിൽ നിശ്ചയിച്ച് നൽകിയത് എന്നാണ് ;

(ഡി) ഉച്ചക്കഞ്ഞി വിതരണത്തിനുള്ള അവശ്യവസ്തുക്കളുടെ വിലവർദ്ധനവിന് ആനുപാതികമായ നിരക്ക് വർദ്ധിപ്പിച്ച് നൽകാത്തത് പലസ്കൂളുകളിലെയും പ്രധാന അദ്ധ്യാപകർക്ക് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ അവശ്യസാധനങ്ങളുടെ നിരക്ക് വർദ്ധനയ്ക്ക് ആനുപാതികമായി വർദ്ധനവ് നടത്തി ഈ പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>വൊക്കേഷണൽ ഹയർ സെക്കൻററി വകുപ്പിലെ അദ്ധ്യാപക തസ്തികകൾ</u>

1188. ശ്രീ.ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കൻററി വകുപ്പിൽ പുതുതായി എത്ര അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം വിഷയങ്ങളിലാണ് പ്രസ്തുത തസ്തികകൾ അനുവദിച്ചിട്ടുള്ളത് ; അവയുടെ തരംതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഗവൺമെൻറ് ഹയർ സെക്കൻററി സ്കൂളുകളിലെ താല്ക്കാലിക അദ്ധ്യാപകർക്ക് ശമ്പളം</u>

1189. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ പുതുതായി അനുവദിച്ച ഗവൺമെൻറ് ഹയർ സെക്കൻററി സ്കൂളുകളിലെ താല്ക്കാലിക അദ്ധ്യാപകർക്ക് ശമ്പളം നൽകാൻ ഉത്തരവായിട്ടും പ്രിൻസിപ്പൽ ചാർജ്ജുള്ള

ഹെഡ്മാസ്റ്റർമാർക്ക് ട്രഷറിയിൽ നിന്നും ശമ്പളം വാങ്ങുന്നതിന് അധികാരം നൽകി ഉത്തരവാകാത്തിനാൽ ഗസ്റ്റ് ടീച്ചർമാർക്ക് ശമ്പളം നൽകാൻ കഴിയാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി</u>

1190. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രകാരം ഏതൊക്കെ സ്കൂളുകളിൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഓരോ സ്കൂളുകളുടെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങളും ആയതിലേയ്ക്ക് ചെലവഴിക്കപ്പെട്ട തുകയും എത്രയെന്ന് പ്രത്യേകമായി അറിയിക്കുമോ;

(സി) കൊല്ലം ജില്ലയിൽ പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കിയ നിയോജക മണ്ഡലം ഏതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകൾ</u>

1191. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുറ്റുമതിൽ ഇല്ലാത്ത എത്ര സർക്കാർ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) പ്രസ്തുത സ്കൂളുകളുടെ പേര് വിവരങ്ങൾ ജില്ല തിരിച്ച് നൽകുമോ ?

<u>ചാത്തന്നൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ ഹയർ സെക്കൻഡറി സ്കൂളിന് കെട്ടിടനിർമ്മാണം</u>

1192. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ അടിസ്ഥാന സൗകര്യമില്ലായ്മയും ക്ലാസ് മുറിയുടെ അഭാവവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിന് പുതിയ കെട്ടിടനിർമ്മാണം നടത്തണമെന്ന് ആവശ്യപ്പെട്ടുള്ള അപേക്ഷയും വിശദമായ എസ്റ്റിമേറ്റും ലഭിച്ചിരുന്നോ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ അനുകൂല നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ?

<u>സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി</u>

1193. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി നടപ്പാക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വിഭവങ്ങളാണ് കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി എത്ര തുക വീതമാണ് അനുവദിച്ചു നൽകുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഏതു ക്ലാസ് വരെയുള്ള കുട്ടികളെയാണ് ഉച്ചഭക്ഷണം ലഭിക്കുന്നതിന് അർഹരായവരായി ഉൾപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത പദ്ധതിക്കുള്ള കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്ര വീതമെന്നും

വെളിപ്പെടുത്തുമോ;

(ഡി) ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനായി എത്ര തുക വീതമാണ് സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ളതെന്നും തികയാതെ വരുന്ന തുക ഏതു രീതിയിൽ കണ്ടെത്താനാണ് സ്ക്കുളുകൾക്ക് അനുവാദം നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

## സ്കൂളുകൾക്ക് അംഗീകാരം

1194. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര എയിഡഡ് സ്കൂളുകൾക്കും എത്ര അൺ എയിഡഡ് സ്കൂളുകൾക്കും അംഗീകാരം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) സർക്കാർ അനുമതിയില്ലാതെ എത്ര അൺ എയ്ഡഡ് സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അനുമതിക്കായി എത്ര അപേക്ഷകൾ ഇപ്പോൾ സർക്കാരിനു മുന്നിലുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ എത്ര സ്കൂളുകൾ ഏറ്റെടുത്തെന്നും എത്ര സർക്കാർ സ്കൂളുകൾ ആരംഭിച്ചെന്നും വിശദമാക്കാമോ?

## എഡ്യൂക്കേഷണൽ കോംപ്ലക്സ് നിർമ്മാണം

1195. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ എഡ്യൂക്കേഷണൽ കോംപ്ലക്സ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി ബഡ്ജറ്റിൽ ഏത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത നിർമാണത്തിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുകയ്ക്കാണെന്ന് വ്യക്തമാക്കുമോ?

## പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

1196. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക എത്ര ; പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്നും പിൻവലിച്ച തുക എത്ര;

(സി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലുമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിലെ നിയമനം

1197. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി.ക്ലാർക്ക്, ലൈബ്രറി അസിസ്റ്റൻറ്റ്, മീനിയൽ എന്നീ തസ്തികകൾ അനുവദിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എൽ.ഡി.ക്ലാർക്ക്, ലൈബ്രറി അസിസ്റ്റന്റ് തസ്തികകൾ അനുവദിക്കുമ്പോൾ ഹയർസെക്കന്ററി വകുപ്പിലെ താഴ്ന്ന ശമ്പള സ്കെയിൽ ജീവനക്കാരായ ലാബ് അസിസ്റ്റന്റുമാർക്ക് പ്രൊമോഷൻ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത തസ്തികകളിലേയ്ക്കായി നേരിട്ടുള്ള നിയമനം, പ്രൊമോഷൻ, എന്നി വ്യവസ്ഥകൾ അനുസരിച്ചാണോ നിയമനം നടത്തുന്നതെന്നും എത്രശതമാനം വീതമെന്നും വ്യക്തമാക്കുമോ ;

(ഡി) ഹയർസെക്കന്ററി സ്പെഷ്യൽ സ്കൂളിൽ അനധ്യാപക തസ്തിക നിയമനത്തിനായി എന്തെങ്കിലും ഭേദഗതികൾ വരുത്തുവാനുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഹയർസെക്കന്ററി സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനം</u>

1198. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി ഈ വർഷം എത്ര കോടി രൂപയാണ് ചെലവഴിക്കാൻ തീരുമാനിച്ചതെന്നും ഇതിൽ എത്ര കോടി രൂപ കെട്ടിടങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്കൂളുകളിലാണ് പുതിയ കെട്ടിടം നിർമ്മിക്കാൻ എസ്റ്റിമേറ്റ് സമർപ്പിച്ചതെന്നും ഇവയ്ക്കുള്ള ഭരണാനുമതി എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത്</u>

1199. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ**

**,,** റ്റി.വി.രാജേഷ്

**,,** ആർ. രാജേഷ്

**,,** എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതു സംബന്ധിച്ച് പൊതുനയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എയ്ഡഡ് പദവി നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(സി) കഴിഞ്ഞ നാലരവർഷത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ജില്ലാടിസ്ഥാനത്തിൽ പേരുവിവരം ലഭ്യമാക്കുമോ;

(ഡി) എയ്ഡഡ് പദവി നൽകിയ സ്കൂളുകളിൽ ആകെ എത്ര തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; ഈ തസ്തികകളിലെ നിയമനം സംബന്ധിച്ച് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സർക്കാർ അംഗീകാരം നൽകാതെ ഏതെങ്കിലും സ്കൂൾ മാനേജ്മെന്റുകൾ നിയമനം നടത്തുകയുണ്ടായിട്ടുണ്ടോ; ഇങ്ങനെയുള്ള നിയമനത്തിന് പിന്നീട് സർക്കാർ അംഗീകാരം നൽകുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ എയ്ഡഡ് പദവി നൽകിയ സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ചതു വഴി എന്തു തുക അധിക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>പാഠപുസ്തകങ്ങളുടെ അച്ചടിയും, അടുത്ത അധ്യയന വർഷത്തെ പാഠപുസ്തക വിതരണവും</u>

1200. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷത്തെ രണ്ടാംഘട്ട പാഠപുസ്തക വിതരണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) അടുത്ത അധ്യയന വർഷം ഏതെങ്കിലും പാഠപുസ്തകങ്ങൾ പുതുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) അടുത്ത അധ്യയന വർഷത്തെ പാഠപുസ്തകങ്ങളുടെ അച്ചടികളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും, എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കുമോ ?

## ഇൻകൾക്കേറ്റ് സ്കോളർഷിപ്പ് പദ്ധതി

1201. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്കായി ഇൻകൾക്കേറ്റ് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്കോളർഷിപ്പിന് യോഗ്യരായ വിദ്യാർത്ഥികളെ തെരഞ്ഞെടുത്തിട്ടും 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്ക് തുക അനുവദിച്ചില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തുക അനുവദിക്കുന്നതിൽ സംഭവിച്ച വീഴ്ച എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; സർക്കാർ തന്നെ യോഗ്യത നിർണ്ണയിച്ച് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## സർട്ടിഫിക്കറ്റിൽ ജാതി ചേർക്കണമെന്ന വ്യവസ്ഥ

1202. ശ്രീ.സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. പന്ത്രണ്ടാം ക്ലാസിൽ പഠിക്കുന്ന വിദ്യാർഥികളുടെ സർട്ടിഫിക്കറ്റിൽ ജാതി ചേർക്കണമെന്ന വ്യവസ്ഥ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ട് വരുന്നതിന് കഴിഞ്ഞ അഞ്ച് മാസത്തിനുള്ളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്

1203. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തലത്തിൽ നടക്കുന്ന കലോത്സവങ്ങൾ, കായിക മത്സരങ്ങൾ ശാസ്ത്ര ഗണിത ശാസ്ത്ര പ്രവൃത്തി പരിചയ മേളകൾ, ബാലശാസ്ത്ര കോൺഗ്രസ് തുടങ്ങിയ എല്ലാ മത്സരങ്ങൾക്കും വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നതുപോലെ ജൈവവൈവിദ്ധ്യ കോൺഗ്രസിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനതലത്തിൽ അവർ നേടുന്ന ഗ്രേഡുകൾക്കനുസൃതമായി ഗ്രേസ് മാർക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വിദ്യാർത്ഥികൾക്ക് വ്യവസായ സംരംഭകത്വ പദ്ധതി

1204. ശ്രീ.എം.പി.വിൻസെൻറ്

,, കെ.എസ്.ശബരീനാഥൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് വ്യവസായ സംരംഭകത്വ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വിദ്യാർത്ഥികൾക്ക് അവാർഡ് തുക നൽകാത്ത നടപടി

1205. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വടകര വിദ്യാഭ്യാസ ജില്ല കുറ്റ്യാടി എം.ഐ.യു.പി സ്കൂളിലെ വിദ്യാർത്ഥികൾ 'തോരാമഴ' എന്ന പേരിൽ ഒരു ഷോർട്ട് ഫിലിം നിർമ്മിക്കുകയും അതിന് ക്യാഷ് അവാർഡ് പ്രഖ്യാപിക്കുകയും ചെയ്തത് ഏത് അധ്യായന വർഷത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അവാർഡ് തുക വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ പ്രസ്തുത അവാർഡ് തുക നൽകാത്തതിന്റെ കാരണമെന്തെന്നും അവാർഡ് തുക നൽകുന്നതിൽ അമാന്തം വരുത്തിയത് ആരെന്നും വ്യക്തമാക്കുമോ ?

ജീവനക്കാർക്കെതിരെയുള്ള നടപടി

1206. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ ഓഫീസിലിരുന്ന് മദ്യപിച്ചതിനെ തുടർന്ന് വിദ്യാഭ്യാസ വകുപ്പിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട മൂന്നു ജീവനക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസിലെ അനന്തര നടപടികൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത ജീവനക്കാരുടെ സസ്പെൻഷൻ പിൻവലിച്ചിട്ടുണ്ടോ ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് പിൻവലിച്ചതെന്ന് വെളിപ്പെടുത്തുമോ ?

**S.S.L.C** പരീക്ഷാ ഫലപ്രഖ്യാപനത്തിലെ അപാകതകൾ

T 1207. ശ്രീ.ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ S.S.L.C പരീക്ഷാ ഫലപ്രഖ്യാപനത്തിൽ എന്തെല്ലാം അപാകതകൾ സം ഭവിച്ചുവെന്നും അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(കെ,ടി.യു) ചോദ്യപേപ്പർ തയ്യാറാക്കൽ

1208. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ (കെ,ടി.യു) ചോദ്യപേപ്പറിന്റെ രഹസ്യസ്വഭാവം സൂക്ഷിക്കുന്നതിന് ഏതു തരത്തിലുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) പരീക്ഷ നടത്തിപ്പ് ഔട്ട്സോഴ്സ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) പരീക്ഷാ നടത്തിപ്പ് സ്വകാര്യ കമ്പനിയെ ഏല്പിക്കുമ്പോൾ മത്സരാധിഷ്ഠിത ടെണ്ടർ നടപടി

സ്വീകരിക്കുമോ;

(ഡി) കുത്തക software ഉദ്ദേശിച്ചുകൊണ്ടാണ് കെ,ടി.യു വിന്റെ പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും നടത്താൻ തീരുമാനിച്ചിരിയ്ക്കുന്നത്. എന്നാൽ സ്വതന്ത്ര Software അധിഷ്ഠിതമായി സംവിധാനമൊരുക്കിയിരുന്നെങ്കിൽ കൂടുതൽ സുരക്ഷിതത്വവും ലാഭവുമുണ്ടാകുമെന്നിരിക്കെ എന്തുകൊണ്ടാണ് ആയതിന് ശ്രമിക്കാതിരുന്നത്?

ഐ.എച്ച്.ആർ.ഡി. യെ സംബന്ധിച്ച നിയമസഭാ സമിതി റിപ്പോർട്ട്

1209. ശ്രീ.പാലോട് രവി
,, എം.പി.വിൻസെൻറ്
,, ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി. യെ സംബന്ധിച്ച് പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണം നടത്തുമോ?

പബ്ലിക് - പ്രൈവറ്റ് പാർട്ടണർഷിപ്പ് അടിസ്ഥാനത്തിൽ പുതിയ കോഴ്സുകൾ

1210. ശ്രീ.കെ.എം.മാണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ബാർട്ടൻഹിൽ എഞ്ചിനിയറിങ്ങ് കോളേജിലും തൃശ്ശൂർ എൻജിനിയറിംഗ് കോളേജിലും പബ്ലിക് - പ്രൈവറ്റ് പാർട്ടണർഷിപ്പ് അടിസ്ഥാനത്തിൽ ഏതെങ്കിലും വിദേശ കമ്പനിയുമായി ചേർന്ന് പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകളാണ് ആരംഭിച്ചത് ;

(സി) പ്രസ്തുത കോഴ്സുകൾക്കുള്ള ഫീസ് ഘടന നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ആവശ്യങ്ങൾക്ക് നാളിതുവരെ എത്ര തുക ചെലവ് ചെയ്തുവെന്ന് വിശദമാക്കുമോ ?

എഴുകോൺ പോളിടെക്നിക്ക്

1211. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എഴുകോൺ പോളിടെക്നിക്കിൽ നിലവിൽ ഏതെല്ലാം കോഴ്സുകൾ ഉണ്ട്;

(ബി) പ്രസ്തുത പോളിടെക്നിക്കിൽ അധിക കോഴ്സ് അനുവദിക്കുന്നതിനുള്ള നടപടികൾക്കായി നൽകിയ അപേക്ഷയിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

ടെക്നിക്കൽ യൂണിവേഴ്സിറ്റി

1212. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, ഐ.സി.ബാലകൃഷ്ണൻ

,, സി.പി.മുഹമ്മദ്

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ കഴിയുന്നതെന്ന് വിശദമാക്കുമോ?

## പോളിടെക്നിക്ക് കോഴ്സുകളുടെ അംഗീകാരം

1213. ശ്രീ.ഇ.ചന്ദ്രശേഖരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ പോളിടെക്നിക്ക് കോഴ്സുകളിൽ ഏതൊക്കെ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകളാണ് കേരള പി.എസ്.സി. അംഗീകരിക്കാത്തത് ;

(ബി) പ്രസ്തുത കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം ലഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) മേൽ സ്ഥാപനങ്ങൾ നടത്തുന്ന കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് & ബിസിനസ് മാനേജ്മെന്റ് എന്ന ത്രിവത്സര എഞ്ചിനീയറിംഗ് കോഴ്സ് പി.എസ്. സി അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ കോഴ്സുകളുടെ സാദ്ധ്യതകളും പ്രശ്നങ്ങളും പഠിക്കാൻ സർക്കാർ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചുവോ ;സമർപ്പിച്ചുവെങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

## വൈസ് ചാൻസലർമാരുടെ യോഗ്യത

1214. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകളിൽ വൈസ് ചാൻസലർ നിയമനത്തിന് യു. ജി. സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത യോഗ്യതയില്ലാത്ത വൈസ് ചാൻസലർമാർ ഉണ്ടോ ; എങ്കിൽ എന്കിൽ ഏതെല്ലാം സർവ്വകലാശാലകളിൽ ആരെല്ലാം എന്ന് വിശദമാക്കുമോ ; യോഗ്യത സംബന്ധിച്ച് വ്യാജരേഖകൾ സമർപ്പിച്ചവരുണ്ടോ ;

(സി) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിയമിക്കപ്പെട്ട വൈസ് ചാൻസലർമാരിൽ പിന്നീട് പുറത്താക്കപ്പെട്ടവരുണ്ടോ ; എങ്കിൽ ആരെല്ലാം ; പുറത്താക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ;

(ഡി) വൈസ് ചാൻസലർമാരായി നിയമിക്കപ്പെട്ടതിനുശേഷം വിവിധ കേസുകളിൽ അന്വേഷണം നേരിടുന്നവരുണ്ടോ ; എങ്കിൽ ആരെല്ലാം ;

(ഇ) നിലവിലെ കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർക്ക് യു. ജി. സി. നിഷ്കർഷിക്കുന്ന യോഗ്യതകൾ ഉണ്ടോ ; ?

## കാലിക്കറ്റ് സർവ്വകലാശാല വൈസ്ചാൻസലർ

1215. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല വൈസ്ചാൻസലർ ആരാണ് ; ഇദ്ദേഹം എവിടെയെല്ലാം ജോലി നോക്കിയിട്ടുണ്ട് ; ഇദ്ദേഹം ഡെപ്യൂട്ടേഷനിൽ ആണോ കാലിക്കറ്റ് സർവ്വകലാശാലയിൽ നിയമിതനായത് ; വിശദാംശം വ്യക്തമാക്കുമോ;

(ബി) കാലിക്കറ്റ് സർവ്വകലാശാലയിൽ വൈസ്ചാൻസലർ തസ്തികയിലേക്ക് എത്ര അപേക്ഷകർ ഉണ്ടായിരുന്നു ; ആയതിൽ ആരുടെയെല്ലാം അപേക്ഷകൾ സ്വീകരിക്കുകയും ബഹു.ഗവർണ്ണർക്ക് സമർപ്പിക്കുകയും ചെയ്യുകയുണ്ടായി ; വ്യക്തമാക്കുമോ

(സി) നിലവിലെ വൈസ്ചാൻസലർക്ക് യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള യോഗ്യത ഉണ്ടോ ; ഇതുമായി ബന്ധപ്പെട്ട് ബഹു.ഗവർണ്ണർ ചീഫ് സെക്രട്ടറിയെ സ്വന്തം വസതിയിൽ വിളിച്ച് അഭിപ്രായം ആരാഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) മുൻ കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ്ചാൻസലർ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശേഷം കാലിക്കറ്റ്/ കാർഷിക സർവ്വകലാശാലകളിൽ നിന്നും വിവിധയിനങ്ങളിലായി നാളിതുവരെ കൈപ്പറ്റിയ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ ?

## സർവ്വകലാശാലകളുടെ ഭരണം

1216. ശ്രീ.ജെയിംസ് മാത്യു
,, എ. പ്രദീപ്കുമാർ
,, വി.ചെന്താമരാക്ഷൻ
,, എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ അക്കാദമിക്-ഭരണരംഗത്ത് അരാജകത്വം നിലനിൽക്കുന്നതായുള്ള ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ; വിശാലമായ അക്കാദമിക് വീക്ഷണവും നിശ്ചിതയോഗ്യതയുമില്ലാത്തവരെ വൈസ് ചാൻസലർമാരായി നിയമിച്ചതാണ് ഈ അവസ്ഥയ്ക്ക് കാരണം എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ബി) സർവ്വകലാശാലാ ചട്ടങ്ങൾ പരിഗണിക്കാതെ വൈസ്ചാൻസലർമാരും ഭരണ സമിതികളും തീരുമാനങ്ങളെടുക്കാറുണ്ടോ;എന്കിൽ അത് തടയുന്നതിന് നടപടി സ്വീകരിക്കാത്തെന്തുകൊണ്ടെന്ന് വിശദമാക്കുമോ ;

(സി) വൈസ്ചാൻസലർമാരും പ്രൊ-വൈസ്ചാൻസലർമാരും ഉൾപ്പെടെ സർവ്വകലാശാലകളിലെ ഉന്നതർ വിജിലൻസ് കേസുകളിൽ പ്രതിചേർക്കപ്പെട്ടതുമായി ബന്ധപ്പെട്ട കേസുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) സർവ്വകലാശാലകളിലെ വി.സി.യും പി.വി.സി.യും വിദേശയാത്ര നടത്തുമ്പോൾ മുൻകൂട്ടി അനുവാദം വാങ്ങണമെന്ന് ചട്ടം അനുശാസിക്കുന്നുണ്ടോ ; മഹാത്മാഗാന്ധി സർവ്വകലാശാലാ പി.വി.സി. ഈയടുത്തിടെ വിദേശ രാജ്യങ്ങളിൽ സന്ദർശനം നടത്തിയതിന് മുൻകൂട്ടി അനുവാദം വാങ്ങിയിരുന്നോ ; വിശദമാക്കുമോ ; ഇവർ ഭരണമുന്നണിയിലെ ഒരു രാഷ്ട്രീയ കക്ഷിയുടെ ആളാണെന്ന് പരസ്യമായി സ്വന്തം പ്രസംഗത്തിലൂടെ അവകാശപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് വിശദീകരണമാരാഞ്ഞിരുന്നോ ?

## സാക്ഷരതാ മിഷന്റെ കീഴിൽ ഹയർ സെക്കന്ററി തുല്യതാ കോഴ്സുകൾ

1217. ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷന്റെ കീഴിൽ ഹയർ സെക്കന്ററി തുല്യതാ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കോഴ്സിന്റെ സിലബസ്, ഫീസ്, കാലദൈർഘ്യം, പരീക്ഷാ സെന്റർ, പരീക്ഷാ രീതി എന്നിവ ഏതെല്ലാം തരത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്;

(സി) എസ്.എസ്.എൽ.സി പാസായവരോ, ഹയർ സെക്കന്ററി മുടങ്ങിയവരോ ആയ നിശ്ചിത പ്രായപരിധി കഴിഞ്ഞവരാണ് പഠിതാക്കൾ എന്നതിനാൽ കോഴ്സിന്റെ കാലദൈർഘ്യം ആറുമാസമോ ഒരു വർഷത്തിൽ താഴെയോ ആക്കി നിജപ്പെടുത്തുമോ;

(ഡി) ഇത്തരത്തിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം കൂടുതൽ ആകർഷകമാവുകയും അന്യസംസ്ഥാന ഹ്രസ്വകാല കോഴ്സുകളെ ആശ്രയിക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനും കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റീ സർവ്വേകളിലെ അപാകതകൾ

1218. ശ്രീ.വി.എസ്.സുനിൽ കുമാർ
,, ഇ.ചന്ദ്രശേഖരൻ
,, പി.തിലോത്തമൻ
,, ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ സർവ്വേകളിലെ അപാകതകൾ പരിഹരിക്കുന്നതിന് ലഭിച്ച അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാനുള്ളവ എത്രയാണെന്ന് വ്യക്തമാക്കുമോ ?

(ബി) സബ് ഡിവിഷൻ ചെയ്ത വസ്തുവിന്റെ വിസ്തീർണ്ണ വ്യത്യാസം പരിഹരിച്ച് കിട്ടാനുള്ള അപേക്ഷകളിൽ ഇനിയും നടപടി സ്വീകരിക്കാനുള്ളവ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) റീ സർവ്വേയിലെ ക്രമക്കേടുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണുള്ളതെന്ന് വിശദമാക്കുമോ?

പട്ടയ വിതരണം

1219. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ മണക്കാട് വില്ലേജിലെ അമ്പലത്തറ വാർഡിലെ വരവിള, ചൂരൽത്തോപ്പ്, മുട്ടാറ്റുവരമ്പ് തുടങ്ങിയ ബണ്ടു പുറമ്പോക്കിൽ താമസിക്കുന്ന നൂറിലധികം കുടുംബങ്ങൾക്ക് കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കുന്ന പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പട്ടയവിതരണത്തിനു നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) 2014 ഡിസംബർ 31 -നു മുമ്പ് പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുമെന്നുള്ള ഉറപ്പ് നടപ്പിലാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അലംഭാവം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കുടുംബങ്ങൾക്ക് എന്നത്തേക്ക് പട്ടയം നൽകും എന്ന് വ്യക്തമാക്കുമോ?

ഭൂരഹിതരായവർക്ക് ഭൂമി നൽകാൻ നടപടി

1220. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എത്ര;

(ബി) അവർക്ക് ഭൂമി നൽകുന്നതിലേയ്ക്ക് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ആയതിലേയ്ക്ക് എത്ര അപേക്ഷകളാണ് ലഭിച്ചത്;

(സി) അപേക്ഷകർക്ക് ഭൂമി നൽകുന്നതിന് ബന്ധപ്പെട്ടവർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) പട്ടയം നൽകിയവർക്ക് ഭൂമി ലഭിച്ചിട്ടുണ്ടോ; അത് അവർ ഉപയോഗിക്കുന്നുണ്ടോ;

(ഇ) ഭൂമികേരള പദ്ധതി ഉദ്ഘാടനത്തിന് നൽകിയ പട്ടയങ്ങൾക്ക് ഭൂമി ലഭിച്ചിട്ടുണ്ടോ; ഉപഭോക്താക്കൾ ആ ഭൂമി ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ?

<u>ഇ-ഗവേണൻസ് പദ്ധതി</u>

1221. ശ്രീ.വി.ഡി.സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, പി.എ.മാധവൻ
,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>മിനി സിവിൽ സ്റ്റേഷൻ</u>

1222. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ ഉദ്ഘാടനം ചെയ്ത മിനി സിവിൽ സ്റ്റേഷനിൽ ഏതെല്ലാം ഓഫീസുകൾക്ക് മുറികൾ അനുവദിച്ചിട്ടുണ്ടെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കുമോ?

<u>ഭൂമി പതിച്ചു നൽകൽ</u>

1223. ശ്രീ.ജെയിംസ് മാത്യു **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂൺ ഒന്നിന് മുമ്പ് ഭൂമി കൈവശം വച്ച് വരുന്നതായി അവകാശപ്പെട്ടുകൊണ്ട് ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് റവന്യൂ വകുപ്പിന് ലഭിച്ച അപേക്ഷകൾ എത്ര ; ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) റവന്യൂ വകുപ്പ് എസ്.ആർ.ഒ നം.436/2015 ആയി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിന് ശേഷം ഇപ്രകാരം ഭൂമി പതിച്ച് കിട്ടുന്നതിനർഹമായവരിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ടായിരുന്നോ ; എങ്കിൽ എപ്പോൾ ; ഇപ്രകാരം ലഭിച്ച അപേക്ഷകൾ എത്ര ;

(സി) സർക്കാർ ഭൂമി കൈവശം വച്ച് വരുന്നവർ ആകെ എത്രയാണ് ; എത്ര ഏക്കർ ഭൂമി സ്വകാര്യവ്യക്തികൾ അനധികൃതമായി കൈവശം വച്ചു വരുന്നു. ; വിശദമാക്കുമോ ?

<u>ഭൂമി കൈയേറ്റം</u>

1224. ശ്രീ.കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൈയ്യേറിയവരിൽ നിന്ന് തിരിച്ചു പിടിച്ച ഭൂമി സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂമി കൈയ്യേറ്റക്കാരിൽ നിന്ന് എത്ര ഏക്കർ ഭൂമി തിരിച്ച് പിടിച്ചിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

കൃഷി ചെയ്യാത്ത തോട്ടഭൂമികൾ ഏറ്റെടുക്കുന്നത്

1225. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ച് ഏക്കറിലധികം ഭൂമി കൈവശം വച്ചുവരുന്നവർ എത്രയുണ്ടെന്ന് ജില്ലതിരിച്ച് അറിയിക്കുമോ ;

(ബി) ഇതിൽ തോട്ടഭൂമി കൈവശം വയ്ക്കുന്നവർ എത്ര ; തോട്ടഭൂമി കൈവശം വയ്ക്കുന്നവരിൽ തോട്ടകൃഷി ചെയ്യാതെ ഭൂമി തരിശിട്ടിരിക്കുന്നവരുണ്ടോ ; വിശദമാക്കുമോ ;

(സി) മൊത്തം തോട്ട ഭൂമി എത്ര ഏക്കർ ആണ് ; അതിൽ എത്ര ശതമാനം ഭൂമി ഒരു കൃഷിയും ചെയ്യാത്തതായുണ്ട് ; പ്രസ്തുത തോട്ടഭൂമികളെല്ലം സർക്കാർ ഏറ്റെടുക്കാൻ തയ്യാറാകുമോ ;

(ഡി) തോട്ടത്തിന്റെ പേരിൽ 15 ഏക്കറിലധികം ഭൂമി കൈവശം വെക്കുകയും പ്രസ്തുത ഭൂമിയിൽ കൃഷി ചെയ്യാതിരിക്കുകയും ചെയ്യുന്നവരുടെ കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

ഭൂമി കയ്യേറ്റങ്ങൾ

1226. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ ഭൂമി കയ്യേറ്റങ്ങളെ സംബന്ധിച്ച് ക്രൈംബ്രാഞ്ച് ഐ.ജി കണ്ടെത്തിയ വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവ് സർക്കാർ പാലിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എവിടെയെല്ലാം; പ്രതിപട്ടികയിലുള്ള കയ്യേറ്റക്കാരുടെ പേരും കയ്യേറ്റത്തിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

ഹെഡ് സർവ്വേയറന്മാരുടെ വാർഷിക ഇൻക്രിമെൻറ്

1227. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ വകുപ്പിലെ ഹെഡ് സർവ്വേയറന്മാർക്ക് വാർഷിക ഇൻക്രിമെൻറ് നൽകുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിന്നും വിധിയുണ്ടായിട്ടുണ്ടോ; എങ്കിൽ അതിൻെറ വിശദാംശം ലഭ്യമാക്കുമോ ?

(ബി) പ്രസ്തുത വിധി നടപ്പാക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ ; ഇല്ലെങ്കിൽ അത് എന്നത്തേയ്ക്ക് നടപ്പാക്കുമെന്ന് അറിയിക്കുമോ?

വ്യാജ രേഖ ചമച്ച് പട്ടയം ലഭ്യമാക്കൽ

1228. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ പെരിങ്ങോം വില്ലേജിൽ വ്യാജ രേഖ ചമച്ച് പട്ടയം ലഭ്യമാക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്സുകളുടെ കാര്യത്തിൽ വിശദീകരണ പത്രിക സമർപ്പിക്കണമെന്ന കോടതി ഉത്തരവ് പാലിക്കാതിരുന്ന സാഹചര്യം വിശദീകരിച്ച് ചീഫ് സെക്രട്ടറി ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ;

(ബി) കേസ് നടത്തിപ്പിൽ സർക്കാർ അഭിഭാഷകരുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ പരിശോധിക്കുകയുണ്ടായോ എന്നും ഗുരുതര വീഴ്ചകൾ വരുത്തിയവർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

<u>പട്ടയ വിതരണം</u>

1229. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് പട്ടയം നൽകി എന്ന് വ്യക്തമാക്കുമോ;

(ബി) ശേഷിക്കുന്ന പട്ടയങ്ങൾ അടിയന്തരമായി നൽകുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) അനുവദിച്ച് നൽകുന്ന പട്ടയങ്ങളിൽ അപാകതകൾ കടന്ന് വരുന്നത് ഒഴിവാക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് ഉൾപ്പെടെ കർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ?

<u>പോക്ക് വരവ് നടപടികൾ ഓൺലൈൻ ആക്കുന്നത്</u>

1230. ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി കൈമാറ്റം ചെയ്യുമ്പോൾ പോക്ക് വരവ് നടപടികളിൽ കാലതാമസം നേരിടുന്നതിനാൽ ഇവയുടെ നടപടി ക്രമം ഓൺലൈനാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ബി) തുടക്കത്തിൽ എവിടെയെല്ലാമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും സംസ്ഥാനത്ത് മുഴുവൻ ഇവ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

<u>റാന്നി നിയോജക മണ്ഡലത്തിലെ കർഷകർക്ക് പട്ടയം നൽകൽ</u>

1231. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ പമ്പാവാലി, വടന്തമൺ, തെക്കേത്തൊടി എന്നിവിടങ്ങളിലെ കൈവശ കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ വിശദീകരിക്കുമോ ;

(ബി) പട്ടയം നൽകാനായി ആരംഭിച്ച സർവ്വേ നടപടികൾ പൂർത്തിയായോ; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ ; പ്രസ്തുത നടപടികൾ ധ്രുതഗതിയിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചോ; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; എന്നത്തേയ്ക്ക് സർവ്വേ നടപടി പൂർത്തിയാക്കാനാകും;

(സി) പ്രസ്തുത പട്ടയങ്ങൾ ഉപാധികളോടെയുള്ളതാണോ ഉപാധിരഹിതമാണോ; ഉപാധികൾ എന്തൊക്കെയാണ് ;

(ഡി) പതിറ്റാണ്ടുകളായി കർഷകരുടെ കൈവശമിരിക്കുന്ന കൃഷിഭൂമിക്ക് ഉപാധിരഹിത പട്ടയം നൽകാൻ നടപടി സ്വീകരിക്കുമല്ലോ; എന്നത്തേക്ക് പട്ടയവിതരണം ചെയ്യാനാകും ;

(ഇ) കർഷകരുടെ കൈവശം ഇപ്പോഴുള്ള ഉപാധി പട്ടയങ്ങളും ഉപാധിരഹിതമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>കരവാരം വില്ലേജ്</u>

1232. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരവാരം വില്ലേജ് ചിറയിൻകീഴ് താലൂക്കിന്റെ കീഴിലാക്കി ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) ആയതു എന്നു മുതലാണ് പ്രാബല്യത്തിൽ വരുന്നതെന്നും എന്തെല്ലാം നടപടിയാണ് ഇനി പൂർത്തിയാക്കുവാനുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

തോട്ടം മേഖലയിലെ ഭൂമി

1233. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിൽ എത്ര ഏക്കർ ഭൂമി നിലവിലുണ്ട്;

(ബി) തോട്ടം മേഖലയിലെ 5% ഭൂമി ഇതര ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ അനുമതി നല്കിയിട്ടുണ്ടോ; എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കാവുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തോട്ടം മേഖലയിലെ ഭൂമിയിൽ തോട്ടം ആവശ്യങ്ങൾക്കായി ഉപയോഗിക്കാത്തതായ ഭൂമി മൊത്തം എത്ര ഏക്കർ ഉണ്ട്;

(ഡി) തോട്ടം ഇല്ലാത്ത പ്രസ്തുത ഭൂമികൾ കണ്ടെത്തി ഭൂരഹിതർക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

വയനാട് ജില്ലയിലെ റവന്യൂ അദാലത്ത്

1234. ശ്രീ.എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടത്തിയ റവന്യൂ അദാലത്തിൽ എത്ര പരാതികളാണ് ലഭിച്ചതെന്നുള്ളതിൻെറ താലൂക്ക് തലത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിൽ എത്ര പരാതികളിൽ തൽസമയ പരിഹാരം ഉണ്ടാക്കാൻ സാധിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഇനി തീർപ്പുകൽപ്പിക്കാനുള്ള പരാതികൾ എത്രയെന്നും തീർപ്പുകൽപ്പിക്കുന്നതിനുള്ള കാലതാമസം എന്താണെന്നും വ്യക്തമാക്കുമോ?

റവന്യൂ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

1235. ശ്രീ.പി.ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി റവന്യൂ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഓരോ പദ്ധതിയ്ക്കും ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക എത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്നും പിൻവലിക്കപ്പെട്ട തുക എത്ര ;

(സി) ഈ അഞ്ച് ബഡ്ജറ്റുകളിലായി പ്രഖ്യാപിച്ചതിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്ത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

റവന്യൂ വകുപ്പിന്റെ ഭൂമി എക്സൈസ് വകുപ്പിന് വിട്ടുനൽകുന്നതിന് നടപടി

1236. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ പുളക്കോട് വില്ലേജിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് 30.6 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് കെട്ടിടം നിർമ്മിക്കാൻ വിട്ടു നൽകുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>റിവർ മാനേജ്മെന്റ് ഫണ്ട്</u>

1237. **ശ്രീ.സി.കെ സദാശിവൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ കഴിഞ്ഞ നാലര വർഷത്തെ ഉപയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ സ്രോതസ്സ് ഏതെല്ലാമാണ് ; പ്രസ്തുത ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിക്കാമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ;

(സി) പ്രസ്തുത ഫണ്ടിന്റെ ശേഷിക്കുന്ന തുകയെത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) നദീതീരസംരക്ഷണത്തിന് പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നുണ്ടോ ; തുക വിനിയോഗിച്ചതു സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ ;

(ഇ) നദീതീര സംരക്ഷണത്തിനുള്ള സ്റ്റേറ്റ് ഹൈ ലെവൽ കമ്മിറ്റി യോഗം ചേരുന്നതിന്റെ ചെലവിലേക്കായി പ്രസ്തുത ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ ; വിശദമാക്കുമോ?

<u>പട്ടയം നൽകുന്നതിനുള്ള നടപടികൾ</u>

1238. **ശ്രീ.കെ.ബി.ഗണേഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) കനാൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് നിയമതടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(സി) പത്തനാപുരം നിയോജക മണ്ഡലത്തിൽ പട്ടയം നൽകുന്നതു സംബന്ധിച്ച നിലവിലെ അവസ്ഥ വ്യക്തമാക്കാമോ ?

<u>പ്രകൃതി ക്ഷോഭ ദുരിതാശ്വാസം</u>

1239. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലപ്പുഴ ജില്ലയിൽ പ്രകൃതി ക്ഷോഭ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഈ പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) പൂർത്തിയാകാത്ത പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടാതിരുന്നതിനുള്ള കാരണം വിശദമാക്കാമോ?

<u>ഇടുക്കി ജില്ലയിലെ പട്ടയ പ്രദേശങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള യോഗം</u>

1240. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പട്ടയ പ്രദേശങ്ങൾ ചർച്ച ചെയ്യുന്നതിന് 2012 മെയ് ഒമ്പതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായോ; എങ്കിൽ ആ യോഗത്തിൽ ഏതെല്ലാം മന്ത്രിമാർ പങ്കെടുക്കുകയുണ്ടായി;വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യോഗത്തിന്റെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; യോഗ മിനുട്സിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) യോഗ തീരുമാനങ്ങളിൽ നടപ്പിലാക്കുവാൻ ഇനിയും അവശേഷിക്കുന്നവ ഏതൊക്കെ; യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ഏതെങ്കിലും വിജ്ഞാപനം പിന്നീട് പിൻവലിക്കുകയുണ്ടായോ; വിശദമാക്കാമോ?

<u>ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തി തടയണ നിർമ്മാണം</u>

1241. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ചെറുതുരുത്തി തടയണ നിർമ്മാണം (റിവർ മാനേജ് മെൻറ് ഫണ്ട്) തടസ്സപ്പെട്ടു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത തടയണ നിർമ്മാണത്തിനു വേണ്ടി ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് പറയാമോ ;

(സി) തടയണ നിർമ്മാണം പൂർത്തിയാക്കുവാൻ ആവശ്യമായ തുക അനുവദിക്കേണ്ടതാണെന്നും അതിനുവേണ്ടി ജലവിഭവ വകുപ്പ് സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കാവുന്നതാണെന്നും റിവർ മാനേജ്മെൻറ് ഫണ്ട് തൃശ്ശൂർ ജില്ലാ തല കമ്മിറ്റി ശുപാർശ ചെയ്തിട്ടും എന്തുകൊണ്ടാണ് സംസ്ഥാനതല കമ്മിറ്റി ഇതുവരെ ഇത് പരിഗണിക്കാത്തതെന്ന് വിശദമാക്കാമോ ;

(ഡി) ചേലക്കര മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന ഭാരതപ്പുഴയുടെ തീരങ്ങളുടെ സംരക്ഷണത്തിനും ജലസേചനത്തിനും കുടിവെള്ള പദ്ധതികൾക്കും വളരെ പ്രയോജനകരമായ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

<u>കുലശേഖരം പാലം</u>

1242. **ശ്രീ.കെ.മുരളീധരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കുലശേഖരം പാലം നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) നെഗോഷ്യേറ്റഡ് പർച്ചേയ്സ് വ്യവസ്ഥപ്രകാരമുള്ള സ്ഥലമെടുപ്പ് നടപടികൾ എന്ന് പൂർത്തിയാകും;

(സി) ഏറ്റെടുക്കുന്ന സ്ഥലം പാലം നിർമ്മാണത്തിനുവേണ്ടിയാണോ അതോ ബന്ധപ്പെട്ട അപ്രോച്ച് റോഡുകളുടെ നിർമ്മാണത്തിനായാണോ പ്രയോജനപ്പെടുത്തുന്നത്;

(ഡി) പാലം നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടുണ്ടെങ്കിൽ ഭരണാനുമതി ലഭിച്ച നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുമോ?

<u>വ്യാജരേഖ ചമച്ച് ഭൂമി വാങ്ങാൻ ശ്രമം</u>

1243. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ പെരിങ്ങളം വില്ലേജിലെ ഭൂമി വ്യാജരേഖ ചമച്ച് വാങ്ങാൻ ശ്രമിച്ചത് സംബന്ധിച്ച വിജിലൻസ് അന്വേഷണം പൂർത്തിയായത് എപ്പോഴായിരുന്നു ;

(ബി) വിജിലൻസ് അന്വേഷണത്തിലൂടെ കണ്ടെത്തിയ വസ്തുതകൾ വിശദമാക്കുമോ ;

(സി) കോടതിയിൽ വന്ന കേസ് എന്തായിരുന്നു ; കേസ് നടത്തിപ്പിലുണ്ടായതായി പറയുന്ന വീഴ്ച എന്തായിരുന്നു ;

(ഡി) പ്രസ്തുത കേസിന്റെ പരിഗണന ഏതെല്ലാം തീയതികളിൽ ഹൈക്കോടതിയിലുണ്ടായി ; ഇതു സംബന്ധിച്ച്

റിപ്പോർട്ട് നൽകുന്നതിൽ വീഴ്ച വരുത്തിയത് ആരായിരുന്നു ;

(ഇ) പ്രസ്തുത ഭൂമിയുടെ യഥാർത്ഥ അവകാശി ആരാണ് ; സർക്കാർ വക ഭൂമി ആണെങ്കിൽ അത് സംരക്ഷിക്കുന്നതിന് കേസ് നടത്താൻ ജാഗ്രത കാണിക്കാതിരുന്നവരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഭൂമിയുടെ ഫെയർ വാല്യൂ

1244. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെയർ വാല്യൂ നിശ്ചയിക്കാത്തതുമൂലം സ്ഥലം കൈമാറ്റം വൈകുന്നത് അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് പറയാമോ?

(ബി) ഒരു സ്ഥലത്തിൻറെ ഫെയർ വാല്യൂ പുതുതായി നിശ്ചയിച്ച് കിട്ടുന്നതിന് എന്താല്ലാമാണ് ചെയ്യേണ്ടതെന്ന് പറയാമോ, ആലപ്പുഴ ജില്ലയിൽ ഇപ്രകാരം ഫെയർ വാല്യൂ നിശ്ചയിച്ചു കിട്ടുന്നതിനുള്ള എത്ര അപേക്ഷകൾ നടപടി പൂർത്തിയാകാതെയുണ്ടെന്ന് പറയാമോ?

(സി) ഭൂമിയുടെ ഫെയർ വാല്യൂ നിശ്ചയിച്ച് കിട്ടുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ ഒരു നിശ്ചിത തീയതിയ്ക്കുള്ളിൽ നടപടി പൂർത്തിയാക്കി നൽകുന്നതിന് സർക്കാർ ഉത്തരവിറക്കുമോ?

ഹാരിസൺ മലയാളം പ്ലാന്റേഷൻ ഭൂമി റീസർവേ നടപടികൾ

1245. ശ്രീ.വി.ശശി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശമുള്ള (എച്ച്.എം.പി.എൽ) ഭൂമിയുടെ റീസർവെ നടപടികൾ എത്ര ശതമാനം പൂർത്തീകരിച്ചു; ഇതിനായി എത്ര തുക അനുവദിച്ചു ;അതിൽ എത്ര ചെലവഴിച്ചു; വ്യക്തമാക്കുമോ?

ഭൂനികുതി ഓൺലൈനായി അടക്കൽ

1246. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴയ്ക്കൻ
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂനികുതി അടക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

അധികഭൂമി ഏറ്റെടുക്കൽ

1247. ഡോ.ടി.എം.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമ പ്രകാരം കൈവശം വെക്കാവുന്ന പതിനഞ്ച് ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വെച്ച് വരുന്നവരിൽ നിന്നെല്ലാം അധികഭൂമി ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഏറ്റെടുക്കാൻ അവശേഷിക്കുന്ന മിച്ച ഭൂമി എത്ര ഏക്കർ വരും; മിച്ച ഭൂമി കണ്ടെത്താനുള്ള എന്തെല്ലാം നടപടി

സ്വീകരിച്ചിട്ടുണ്ട്; ഈ സർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത മിച്ചഭൂമി എത്ര എന്ന് വ്യക്തമാക്കുമോ:

(ബി) അധിക ഭൂമി കൈവശം വയ്ക്കാൻ വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നല്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഏതെങ്കിലും അപേക്ഷയെ തുടർന്നാണോ തീരുമാനം എടുത്തത്; ഭൂപരിധിയുടെ ഇളവ് ചൂഷണം ചെയ്യാൻ അവസരമാക്കുന്നതാണ് പ്രസ്തുത തീരുമാനം എന്നറിയാമോ;

(സി) പ്രസ്തുത തീരുമാന പ്രകാരം അധിക ഭൂമി കൈവശം വെക്കുന്നതിനായി അപേക്ഷ സമർപ്പിച്ചവർ എത്ര; ജില്ല തിരിച്ച് വിശദമാക്കുമോ ; എത്ര കേസുകളിൽ ഇതിനകം അനുമതി നൽകുകയുണ്ടായി ; ആർക്കെല്ലാം; വിശദമാക്കുമോ ?

ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

1248. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ കെ.ഡി.എച്ച്. വില്ലേജിൽ ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ എത്ര പട്ടയങ്ങൾ വിതരണം നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ ;

(ബി) പഞ്ചായത്ത് ഭവന നിർമ്മാണ പദ്ധതിയിൽ വീട് അനുവദിച്ചിട്ടുള്ള ആളുകളുടെ കൈവശഭൂമിക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു ; ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിച്ച് ആയതിന് പരിഹാരം കാണുമോയെന്ന് വ്യക്തമാക്കുമോ ?

റിസോർട്ട് മാഫിയകൾ

1249. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മലയോര ജില്ലകളിലെ നൂറുകണക്കിന് ഏക്കർ ഭൂമി മൂവായിരത്തിലധികം വരുന്ന റിസോർട്ട് മാഫിയകളും ഭൂപ്രമാണിമാരും കൈവശപ്പെടുത്തിയതായുള്ള പത്രവാർത്തകൾ റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;ഉണ്ടെങ്കിൽ ഇതേക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ;

(ബി) അനധികൃതമായി പ്രവർത്തിച്ചു വരുന്ന റിസോർട്ടുകളെക്കുറിച്ച് ലഭിച്ച വിവരങ്ങൾ വ്യക്തമാക്കുമോ;

(സി) 2005 വരെയുള്ള കൈവശ ഭൂമിക്ക് പട്ടയം നൽകാൻ സർക്കാർ എടുത്തിരുന്ന തീരുമാനത്തിലൂടെ റിസോർട്ട് മാഫിയകൾ നൂറുകണക്കിന് ഏക്കർ ഭൂമികൾ സ്വന്തമാക്കാനിടയാകുമായിരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ഓൺലൈൻ വഴി റവന്യൂ സർട്ടിഫിക്കറ്റുകൾ

1250. ശ്രീ.ഹൈബി ഈഡൻ

,, വർക്കല കഹാർ

,, കെ.ശിവദാസൻ നായർ

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>കുടിയേറ്റ ഭൂമി കൈമാറാനും വിൽക്കാനും മുദ്രപ്പത്രം</u>

1251. ശ്രീ.സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിയേറ്റ ഭൂമി കൈമാറാനും വിൽക്കാനും മുദ്രപ്പത്രം നിർബന്ധമാക്കിയിരുന്ന വ്യവസ്ഥ ഗസറ്റ് വിജ്ഞാപനത്തിലൂടെ ഭേദഗതി ചെയ്തിട്ടുണ്ടോ; എങ്കിൽ വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(ബി) മുദ്രപ്പത്രത്തിന് പകരം വെള്ളക്കടലാസ് ഉപയോഗിച്ചുള്ള കരാർ മതിയെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്, മലയോര മേഖലയിൽ പട്ടയരഹിത ഭൂമി വാങ്ങി കൂട്ടാനും കയ്യേറ്റങ്ങൾക്കും പ്രസ്തുത രംഗത്തെ മാഫിയകൾക്ക് അവസരമാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുടിയേറ്റ ഭൂമി കൈമാറാനും വിൽക്കാനും മുദ്രപ്പത്രം നിർബന്ധമാക്കിയിരുന്ന സാഹചര്യം എന്തായിരുന്നു; അതിപ്പോഴും നിലനിൽക്കുന്നതായുള്ള റിപ്പോർട്ടുകൾ പരിഗണിച്ചിട്ടുണ്ടോ?

<u>വരൾച്ചാ ദുരിതാശ്വാസ പദ്ധതി</u>

1252. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിന് ആലപ്പുഴ ജില്ലയിൽ നിന്നും ഈ സാമ്പത്തിക വർഷം നൽകിയ പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ?

<u>ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകുന്ന പദ്ധതി</u>

1253. ശ്രീ.കെ.മുരളീധരൻ
,, ഹൈബി ഈഡൻ
,, പി.എ.മാധവൻ
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ കുടുംബങ്ങൾക്ക് മൂന്ന് സെന്റ് ഭൂമി വീതം നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;വിശദമാക്കുമോ?

<u>ഭൂവിനിയോഗ ഉത്തരവ്</u>

1254. ശ്രീ.കെ.എം.മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂവിനിയോഗ ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ അത് ഏതു ഉത്തരവാണ്;

(ബി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ എന്തെല്ലാം ;

(സി) പ്രസ്തുത ഉത്തരവിലെ ഏതെങ്കിലും വ്യവസ്ഥകൾ നടപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകളാണ് നടപ്പാക്കുവാൻ സാധിച്ചിട്ടുള്ളത് ;

(ഡി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ചാൽ ഉള്ള ശിക്ഷ എന്തെല്ലാമാണ് ;

(ഇ) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ലംഘിച്ചതിൽ ആരുടെയെങ്കിലും പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ കാരണമെന്ത് ?

നെൽവയൽ നികത്തി വീട് നിർമ്മിച്ചതിന് പിഴ ഇനത്തിൽ ലഭിച്ച വരുമാനം

1255. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മിക്കുന്നതിന് നെൽവയൽ നികത്തിയ മുൻകാല നടപടി റഗുലറൈസ് ചെയ്യുന്നതിന് ഭൂമിയുടെ മുഖ വിലയുടെ എത്ര ശതമാനം പിഴ അടയ്ക്കണ്ടതുണ്ട് ; പ്രസ്തുത പിഴ ഇനത്തിൽ 2015 - 16 സാമ്പത്തിക വർഷം സർക്കാർ ബഡ്ജറ്റിൽ പ്രതീക്ഷിച്ച വരുമാനം എത്ര കോടി രൂപയാണ്;

(ബി) തോട്ടം ഉടമയ്ക്ക് കൈവശമുള്ള തോട്ട ഭൂമിയുടെ എത്ര ശതമാനം ഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാം എന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത് ; ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സർക്കാർ ഭൂമിയുടെ മുഖവിലയുടെ എത്ര ശതമാനം പിഴയോ ഫീസോ ആയി ഈടാക്കുന്നുണ്ട് ; പ്രസ്തുത ഇനത്തിൽ ഏത്ര കോടി രൂപ നടപ്പ സാമ്പത്തിക വർഷം റവന്യൂ വരുമാനം പ്രതീക്ഷിക്കുന്നുണ്ട് ; വ്യക്തമാക്കുമോ?

തൃപ്രയാർ താലൂക്ക് രൂപീകരണം

1256. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശം പരിഗണിച്ച് തൃപ്രയാർ താലൂക്ക് രൂപീകരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

നെൽവയൽ നീർത്തട സംരക്ഷണ നിയമം

1257. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിൽ എന്തെല്ലാം ഭേദഗതികളാണ് വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം

1258. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് നിർമ്മാണത്തിനും മറ്റും നിലം നികത്തുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമത്തിൽ നിന്നും ഒഴിവ് ലഭിക്കുന്നതിലേക്ക് നാളിതുവരെ ലഭിച്ച മൊത്തം അപേക്ഷകരുടെ എണ്ണം ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) ഭൂവിലയുടെ ഇരുപത്തിയഞ്ച് ശതമാനം പിഴ അടച്ചുകൊണ്ട് നിലം നികത്തിയവരിൽ നിന്നും ലഭിച്ച അപേക്ഷകൾ എത്ര; പിഴ ഈടാക്കിക്കൊണ്ട് റഗുലറൈസ് ചെയ്ത കേസുകൾ എത്ര; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

<u>സ്റ്റാമ്പ് ഡിപ്പോയിൽ മുദ്രപത്രങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യം</u>

1259. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിനു കീഴിലുള്ള സ്റ്റാമ്പ് ഡിപ്പോയിൽ 25 പൈസ, 50 പൈസ, 1 രൂപ മുദ്രപത്രങ്ങൾ കെട്ടിക്കിടക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇതിനുള്ള കാരണവും പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെ നിന്നെല്ലാമുള്ള മുദ്രപത്രങ്ങളാണ് വിതരണം നടത്തുന്നതിന് അനുമതിയുള്ളത്;

(സി) സ്റ്റാമ്പ് ഡിപ്പോയിൽ കെട്ടിക്കിടക്കുന്ന മുദ്രപത്രങ്ങൾ റീ-വാലിഡേറ്റ് ഉപയോഗിച്ച് ഇതുമൂലമുണ്ടാകുന്ന നഷ്ടമൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വ്യാജ മുദ്രപത്രങ്ങൾ കണ്ടെത്തുന്നതിന് എല്ലാ ജില്ലകളിലും പരിശോധനകൾ കൃത്യമായ ഇടവേളകളിൽ നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ മതിയായ ജാഗ്രത പുലർത്തുന്നതിന് പ്രത്യേകം ശ്രദ്ധ നൽകുമോ?

<u>മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗനവാടി</u>

1260. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗനവാടി സ്ഥാപിക്കുന്നതിനായി ചുനക്കര വില്ലേജിൽ റവന്യൂ പുറമ്പോക്ക് ഭൂമിയിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് ഭൂമി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>നെൽവയൽ ഡേറ്റാബാങ്ക് രൂപീകരണം</u>

1261. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള ഉത്തരവ് പിൻവലിച്ചുകൊണ്ട് തീരുമാനമെടുത്തിട്ടുണ്ടോ;എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ നെൽപ്പാടങ്ങളുടെ കണക്കെടുക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള നെൽവയൽ ഡേറ്റാബാങ്ക് രൂപീകരണം പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) നെൽവയൽ ഡേറ്റാബാങ്ക് അടിയന്തിരമായി പൂർത്തീകരിക്കുന്നതിനായി നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം കൃത്യമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം</u>

1262. **ശ്രീ.പി.കെ.ഗുരുദാസൻ**

**,,** കെ.സുരേഷ് കുറുപ്പ്

**,,** കെ.വി.അബ്ദുൾ ഖാദർ

**,,** ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഡാറ്റാബാങ്ക് തയ്യാറാക്കൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഡാറ്റാബാങ്ക് തയ്യാറാക്കൽ സംരംഭം എത്ര ജില്ലകളിൽ നടപ്പാക്കി എന്നും ഇതിന്റെ ഭാഗമായി എത്ര ഹെക്ടർ ഭൂമി ഡാറ്റാ ബാങ്കിലേക്ക് മാറ്റപ്പെട്ടുവെന്നും വ്യക്തമാക്കാമോ;

(സി) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്ന നടപടി നിലവിൽ ഉടരുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിയമം അട്ടിമറിക്കപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇതു സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ?

## പയ്യന്നൂർ താലൂക്ക് രൂപീകരണം

1263. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് രൂപീകരണവുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത താലൂക്ക് എപ്പോൾ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ?

## സർക്കാർ ഭൂമിയിൽ കയ്യേറ്റം നടത്തിയത് സംബന്ധിച്ച്

1264. **ശ്രീ.ജെയിംസ് മാത്യു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റം നടത്തി കൈവശം വച്ച് വരുന്നവരായി റിപ്പോർട്ട് ചെയ്യപ്പെട്ട കണക്കുകൾ എത്രെയന്ന് ജില്ല തിരിച്ച് വിശദമാക്കുമോ; ആകെ എത്ര ഏക്കർ ഭൂമി കൈയ്യേറ്റം ചെയ്തു കൈവശം വച്ച് വരുന്നുണ്ട്;

(ബി) സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾക്ക് നിയമസാധുത നൽകിക്കൊണ്ട് റവന്യൂ വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിജ്ഞാപനമനുസരിച്ച് ഏത് തീയതി വരെ, എത്ര ഏക്കർ വരെയുള്ള കയ്യേറ്റങ്ങൾക്കാണ് നിയമ സാധുത നൽകിയിരിക്കുന്നത്; ഇത് സംബന്ധമായ വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ;

(സി) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപായി, വിജ്ഞാപനം വഴി നിയമ സാധുത ലഭിക്കുന്ന കയ്യേറ്റക്കാരുടെ എണ്ണവും, ഭൂമിയും, ഭൂമിയെ സംബന്ധിച്ച കണക്കുകളും ശേഖരിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ അത് വിശദമാക്കുമോ?

## സർക്കാർ ഭൂമിയിൽ താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം

1265. **ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിൽ കുടിൽ കെട്ടി വർഷങ്ങളായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ പട്ടയത്തിന് അപേക്ഷിച്ചവർ എത്രയുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വർഷങ്ങളായി കെട്ടിക്കിടക്കുന്ന പ്രസ്തുത അപേക്ഷകളിൻമേൽ തീർപ്പ് കല്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

## സർക്കാർ കോളേജിനായി സറണ്ടർ ചെയ്ത ഭൂമി

1266. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കിനാപ്പൂർ കെ.എസ്.ഐ.ഡി.സി വ്യവസായ വളർച്ചാ കേന്ദ്രത്തിൽ സർക്കാർ കോളേജിനായി സറണ്ടർ ചെയ്ത ഭൂമിയുടെ ഉടമസ്ഥത/കൈവശാവകാശരേഖ ഉന്നതവിദ്യാഭ്യാസ വകുപ്പിന് നൽകുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; പുരോഗതി അറിയിക്കുമോ?

<u>സർക്കാർ പാട്ടത്തിന് നൽകിയ ഭൂമി</u>

1267. **ശ്രീ.എം.എ.ബേബി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സംസ്ഥാനത്ത് എത്ര ഏക്കർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട് ;

(ബി) ഭൂമി പാട്ടിത്തിന് നൽകിയ ഇനത്തിൽ പിരിച്ചെടുക്കാൻ ബാക്കി നില്പുള്ള തുക എത്ര കോടിയാണ് ; യഥാസമയം വാടക പിരിച്ചെടുക്കാത്തത് മൂലം എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായിട്ടാണ് സി. ആൻറ് എ. ജി റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്താക്കാമോ ;

(സി) പാട്ടകാലാവധി കഴിഞ്ഞിട്ടും സർക്കാരിന് തിരിച്ച് നൽകിയിട്ടില്ലാത്ത കേസുകൾ എത്രയാണ് ; ഇപ്രകാരം എത്ര ഏക്കർ ഭൂമി തിരിച്ച് പിടിക്കേണ്ടതായിട്ടുണ്ട് ; വിശദമാക്കാമോ;

(ഡി) സർക്കാർ ഭൂമിയുടെ പാട്ടവാടക ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് എപ്പോഴാണ് ; പ്രസ്തുത നിരക്ക് വർദ്ധിപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഇടുക്കിയിലെ സർക്കാർ ഭൂമി കയ്യേറ്റങ്ങൾ</u>

1268. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ സർക്കാർ ഭൂമി കയ്യേറ്റങ്ങൾ സംബന്ധിച്ച് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കമോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഈ റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് നിയമ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(ഡി) ഏതെങ്കിലും നടപടി കോടതി ഇടപെടലിനെ തുടർന്ന് നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി</u>

1269. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ച് പ്രവൃത്തി പൂർത്തീകരിച്ച ഇനത്തിൽ നൽകാനുള്ള കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏത് മാസം വരേയുള്ള തുകയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര മാസം വരെയുള്ള കുടിശ്ശിക ഇനിയും നല്കാനുണ്ടെന്നുള്ള ജില്ല തിരിച്ച കണക്ക് വ്യക്തമാക്കുമോ?

<u>കെട്ടിടനികുതി</u>

1270. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര തുക കെട്ടിട നികുതിയിനങ്ങളിൽ വസൂലാക്കിയിട്ടുണ്ടെന്നുള്ള വിവരം ജില്ല, ഇനം എന്നിവ തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) നിലവിൽ എത്ര തുക കുടിശ്ശികയിനത്തിൽ കെട്ടിടനികുതിയിനമായി പിരിക്കുന്നതിനുണ്ടെന്നും ആയതിൻമേൽ കോടതി/മറ്റ് ഉത്തരവുകൾ നിലനിൽക്കുന്ന എത്ര കേസ്സുകൾ ഉണ്ടെന്നും ഉള്ള വിവരം ജില്ല തിരിച്ച് അറിയിക്കുമോ ?

ഭൂരഹിതർക്ക് ഭൂമി

1271. **ശ്രീ.എ.എ.അസീസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭൂരഹിതരായഎത്ര കുടുംബങ്ങൾക്കാണ് ഭൂമി നൽകിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള എത്ര കുടുംബങ്ങൾക്ക് ഇനി ഭൂമി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഭൂരഹിതർക്ക് ഭൂമി നൽകൽ

1272. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഭൂരഹിതർ ഉണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് എപ്രകാരം ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ;

(സി) നിലവിൽ എത്ര ഹെക്ടർ മിച്ചഭൂമി ഉണ്ടെന്നാണ് കണക്കാക്കുന്നത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) മിച്ചഭൂമി സംബന്ധിച്ച് ഈ സർക്കാർ കാലയളവിനുള്ളിൽ എത്ര ശതമാനം ഫയലുകൾ പൂർത്തിയായി ; മൊത്തം മിച്ച ഭൂമിയുടെ എത്ര ശതമാനം കോടതി കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ഇ) മിച്ചഭൂമി സംബന്ധിച്ച കേസ്സുകൾ ഹൈക്കോടതി മുഖേന ക്വാഷ് ചെയ്ത് അർഹതപ്പെട്ട ഭൂരഹിതർക്ക് നൽകുവാൻ ഏന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഭൂമിയ്ക്കായി അപേക്ഷ നൽകിയിട്ടുള്ള ഭൂരഹിതരുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

ഏലമലക്കാടുകൾ

1273. **ശ്രീ.എസ്.രാജേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഏലമലക്കാടുകൾ സംരക്ഷിത വനമാണോ; ഇതു സംബന്ധിച്ച് സുപ്രീം കോടതിയുടെയും ഹരിത ട്രൈബ്യൂണലിന്റെയും വിധി എന്തായിരുന്നു ;

(ബി) ഏലമലക്കാടുകൾ സംരക്ഷിത വനമായി പ്രഖ്യാപിച്ചത് എന്നാണ് ; 2005 ലെ ഇതു സംബന്ധമായ സുപ്രീം കോടതി വിധി പ്രസ്താവം എന്തായിരുന്നു;

(സി) ശ്രീ. രാജൻ മധേക്കർ റിപ്പോർട്ടിലെ ഏലമലക്കാടുകൾ സംബന്ധിച്ച കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; നിലവിൽ ഏലമലക്കാട്ടിൽ എത്ര പട്ടയങ്ങൾ വ്യാജമായി നൽകപ്പെട്ടതായി കണ്ടെത്തുകയുണ്ടായി;

(ഡി) ഏലമലക്കാടുകളെ റവന്യൂഭൂമിയായി മാറ്റുന്നതിന് എന്തെങ്കിലും നടപടി നിലവിലുണ്ടോ; വിശദമാക്കുമോ?

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

1274. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ലക്ഷ്യം കൈവരിച്ചോ; പദ്ധതി പ്രകാരം എത്ര പേർക്ക് ഭൂമി വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടെന്ന് പറയാമോ;

(ബി) വിതരണം ചെയ്ത ഭൂമിയെല്ലാം വാസയോഗ്യമായവ ആയിരുന്നോ; ജനങ്ങൾ ഇത് ഉപയോഗിക്കുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ക്രമക്കേടുകളും അഴിമതികളും നടന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ ധനശേഖരണാർത്ഥം നടത്തിയ പരിപാടിയിൽ ആകെ എത്ര ചെലവുണ്ടായി; അതിൽ നിന്ന് എത്ര വരുമാനമുണ്ടാക്കാൻ കഴിഞ്ഞു; വേറെ ഏതെല്ലാം തരത്തിൽ പ്രസ്തുത പദ്ധതിക്ക് ഭൂമി കണ്ടെത്താൻ സാധിച്ചു എന്ന് അറിയിക്കാമോ?

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

1275. ശ്രീ.കെ.രാധാകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി ഭൂമിയില്ലാത്തവരായി എത്രപേരെ കണ്ടെത്തിയിട്ടുണ്ടെന്നും അവരിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേരുണ്ടെന്നും ജില്ല തിരിച്ച് പറയാമോ;

(ബി) ഇവരിൽ ഇതുവരെ എത്രപേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് ഭൂമി വിതരണം ചെയ്യാനുണ്ടെന്നും പറയാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മുമ്പ് വിതരണം ചെയ്ത ഭൂമി വാസയോഗ്യമല്ലെന്ന് കണ്ടെത്തിയ പരാതികൾ പരിഗണിച്ച് പരാതിക്കാർക്ക് വാസയോഗ്യമായ ഭൂമി നൽകുന്നത് എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പറയാമോ?

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

1276. ശ്രീ.കെ.അച്ചുതൻ
,, ഹൈബി ഈഡൻ
,, കെ.ശിവദാസൻ നായർ
,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ്പ്രസ്തുതപദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് വിശദാംശങ്ങൾ വ്യക്തമാക്കുമോ;?

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

1277. ശ്രീ.ഇ.പി.ജയരാജൻ
,, കെ.രാധാകൃഷ്ണൻ
,, രാജു എബ്രഹാം
,, സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടുണ്ടോ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെയായി എത്ര അപേക്ഷ ലഭിച്ചുവെന്നും എത്രപേർക്ക് ഭൂമി നൽകാനായി എന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ പട്ടയവിതരണം ചെയ്തവർക്ക് പോലും ഭൂമി കണ്ടെത്തി നൽകിയിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് ഭൂമി നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കുവേണ്ടി അതാതിടങ്ങളിൽ തന്നെ ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഇ) തോട്ടം ഉടമകൾ നിയമവിരുദ്ധമായി കൈയടക്കി വച്ചിട്ടുള്ള ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുക ചെലവഴിച്ചു; ഭൂമി വിലയ്ക്കു വാങ്ങാൻ തുക ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>നെല്ലിയാമ്പതിയിലെ ഭൂമികയ്യേറ്റം</u>

1278. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ കരുണ എസ്റ്റേറ്റിന്റെ ഭൂമികയ്യേറ്റം സംബന്ധിച്ച് ലാന്റ് ബോർഡ് സെക്രട്ടറി അന്വേഷണം നടത്തിയതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട നടപടികൾ കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ട് പ്രകാരമുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ സർവ്വേ നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) റിപ്പോർട്ട് പ്രകാരം കയ്യേറ്റങ്ങൾ സ്ഥിരീകരിച്ചിട്ടുണ്ടോ ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഭൂരഹിതർക്ക് ഭൂമി നൽകുവാനുള്ള നടപടികൾ</u>

1279. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കൈവശം ഇപ്പോൾ എത്ര ഹെക്ടർ ഭൂമിയാണുള്ളത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം 2012 ആഗസ്റ്റ് 15വരെയുള്ള ഭൂമിയില്ലാത്തവരുടെയും ഭൂമിക്ക് അർഹതയുള്ളവരുടെയും കണക്ക് വില്ലേജ് ആഫീസുകൾ വഴി ശേഖരിച്ചതു പ്രകാരം ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇതു പ്രകാരം എത്ര പേർക്ക് നാളിതുവരെ ഭൂമി നൽകുകയുണ്ടായി; വിശദമാക്കുമോ;

(ഡി) ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുവാൻ ആരൊക്കെ മുന്നോട്ട് വന്നിട്ടുണ്ട്; അവർ ആരെല്ലാമെന്നും എത്ര സെന്റ് ഭൂമി നൽകിയെന്നും വ്യക്തമാക്കുമോ; ഇതിൽ റവന്യൂ വകുപ്പ് മന്ത്രി ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം

വ്യക്തമാക്കുമോ;

(ഇ) സർക്കാരാവശ്യത്തിനായി മാറ്റി വച്ചിട്ടുള്ള ഭൂമി, പദ്ധതികളുടെ ആവശ്യത്തിന് ഏറ്റെടുക്കുകയും നിലവിൽ ഉപയോഗിക്കാത്തതുമായ ഭൂമി , പുറമ്പോക്ക് ഭൂമി എന്നിവ അളന്നു തിട്ടപ്പെടുത്തി നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തി ഭൂമിയില്ലാത്ത മുഴുവൻ പേർക്കും ഭൂമി നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്നും വ്യക്തമാക്കുമോ?

<u>ഭൂകമ്പമാപിനികളുടെ ശൃംഖല സ്ഥാപിക്കുന്നതിന് പദ്ധതി</u>

1280. **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**
**,, അൻവർ സാദത്ത്**
**,, വർക്കല കഹാർ**
**,, ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂകമ്പങ്ങൾ നിരീക്ഷിക്കുന്നതിന് ഭൂകമ്പമാപിനികളുടെ ശൃംഖല സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>പുനർനിർമ്മാണം ഉപേക്ഷിച്ച മാടക്കാൽ തൂക്ക്പാലവും പടന്നക്കടപ്പുറം തൂക്ക് പാലവും</u>

1281. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്രകൃതിദുരന്തനിവാരണ പദ്ധതിയിൽപ്പെടുത്തി നിർമ്മിച്ച മാടക്കാൽ തൂക്ക് പാലത്തിന്റെയും, നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ച പടന്നക്കടപ്പുറം തൂക്ക് പാലത്തിന്റെയും പുനർനിർമ്മാണം ഉപേക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനു ചെലവഴിച്ച തുകയുടെ നഷ്ടം ആര് വഹിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്തവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

<u>വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം</u>

1282. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച ആലപ്പുഴ ജില്ലയിലെ റോഡുകൾക്ക് തുക അനുവദിക്കുന്നതിനു വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര നിർമ്മാണ പ്രവൃത്തികൾക്ക് എത്ര രൂപ വീതം കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കാലവർഷത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് ഈ സാമ്പത്തിക വർഷം പുതിയ പ്രൊപ്പോസലുകൾ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>തുടർച്ചാനുമതിയില്ലാത്ത റവന്യൂ ഓഫീസുകൾ</u>

1283. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ തുടർച്ചാനുമതിയില്ലാതെ പ്രവർത്തിക്കുന്ന ലാന്റ് അക്വിസിഷൻ, റവന്യൂ റിക്കവറി ഓഫീസുകൾ എത്രയുണ്ടെന്നും അവിടെയുള്ള ജീവനക്കാരുടെ എണ്ണവും വെളിപ്പെടുത്തുമോ ;

(ബി) തുടർച്ചാനുമതിയില്ലാത്തതിനാൽ ജീവനക്കാരുടെ ശമ്പളബിൽ ട്രഷറി നിരസിക്കുകയും വേതനം മുടങ്ങുകയും ചെയ്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 2015 മാർച്ചിൽ ഓഫീസുകളുടെ പ്രവർത്തന കാലയളവ് അവസാനിച്ചിട്ടും തുടർച്ചാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത ഓഫീസുകളിൽ ഏതെങ്കിലും നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത ജീവനക്കാരെ റവന്യൂ വകുപ്പിന്റെ മറ്റു ഓഫീസുകളിൽ പുനർവിന്യസിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

**1977 ജനുവരി ഒന്നിന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് പട്ടയം നൽകുന്നത്**

1284. **ശ്രീ.വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരി ഒന്നിന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് 1993 ലെ ചട്ടങ്ങൾ അനുസരിച്ച് 2015 സെപ്റ്റംബർ വരെ എത്ര ഏക്കർ വനഭൂമിയ്ക്ക് പട്ടയം നൽകി; ഇതു വഴി എത്ര കുടുംബങ്ങൾക്ക് ഭൂമിയുടെ പട്ടയം ലഭിച്ചു; വിശദമാക്കുമോ;

(ബി) ഏതെല്ലാം താലൂക്കുകളിൽ എത്ര ഏക്കർ വീതമാണ് പട്ടയം നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) നെടുങ്കണ്ടം ഭൂമി പതിവ് ഓഫീസിൽ നിന്നും ഇതുവരെ എത്ര പട്ടയങ്ങൾ നൽകി; എത്ര ഏക്കർ ഭൂമിയുടെ പട്ടയം ആണ് നൽകിയിട്ടുള്ളത്;വിശദമാക്കുമോ;

(ഡി) കേന്ദ്രാനുമതി ലഭിച്ച എത്ര ഏക്കർ വനഭൂമിക്കാണ് പട്ടയം നൽകിയിട്ടുള്ളതെന്നും അനുമതിക്ക് ശേഷം ഇനിയും എത്ര ഏക്കർ വനഭൂമിക്ക് പട്ടയം നൽകാനുണ്ടെന്നും വ്യക്തമാക്കുമോ; ഭൂമിക്ക് ഇനിയും പട്ടയം നൽകാനുള്ള താലൂക്കുകൾ എത്രയെന്നു വെളിപ്പെടുത്താമോ;

(ഇ) ഇടുക്കി കാർഡമം ഹിൽ റിസർവ്(CHR) ഭൂമിയുടെ റീസർവ്വേയുമായി ബന്ധപ്പെട്ട് 4.6.2013 ന് എംപവേർഡ് കമ്മിറ്റിയെടുത്ത തീരുമാനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ; പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**2008-ന് മുമ്പ് നികത്തിയ നെൽ വയലുകൾ**

1285. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ന് മുമ്പ് നികത്തിയ നെൽ വയലുകൾ കരഭൂമിയാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾക്കു സർക്കാർ രൂപം നൽകിയിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ന്യായവില സർക്കാർ എങ്ങിനെയാണ് കണക്കാക്കുന്നത്;വ്യക്തമാക്കാമോ;

(സി) 2008-നു മുമ്പ് അനധികൃതമായി എത്ര ഏക്കർ വയലുകളാണ് നികത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ എത്ര കോടി രൂപയാണ് വരുമാനം പ്രതീക്ഷിക്കുന്നത്?വിശദമാക്കുമോ?

പാടങ്ങൾ നികത്തുന്ന പദ്ധതി

T 1286. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാടങ്ങൾ നികത്തിയ നടപടി പണം വാങ്ങി ക്രമവൽക്കരിക്കുന്ന പദ്ധതി പ്രകാരം എത്ര രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്;

(ബി) എത്ര ഏക്കർ പാടങ്ങളാണ് പ്രസ്തുത പദ്ധതി പ്രകാരം ക്രമവൽക്കരിച്ചു നൽകിയിട്ടുള്ളത്;

(സി) ഏതു വർഷംവരെ നികത്തിയ പാടങ്ങളാണ് ക്രമവൽക്കരിച്ചു നൽകാൻ ഉത്തരാവായിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ നിന്നും പിൻവാങ്ങി നെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് 2016-17 വർഷത്തെ ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

## അനന്ത പദ്ധതി

1287. **ശ്രീ.സി.മോയിൻ കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്തെ നഗരിയിലെ വെള്ളപ്പൊക്കം ഇല്ലാതാക്കുന്നതിന് നടപ്പാക്കിയ അനന്ത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതോടനുബന്ധിച്ച് ഓടകളിലേയും കനാലുകളിലേയും കൈയ്യേറ്റങ്ങളെല്ലാം ഒഴിപ്പിച്ചു കഴിഞ്ഞോ ; ഇല്ലെങ്കിൽ എവിടെയെല്ലാമുള്ള കൈയ്യേറ്റങ്ങളാണ് ഇനി ഒഴിപ്പിക്കാനുള്ളത് ;

(സി) ഓടകളിലേയും കനാലുകളിലെയും വർഷങ്ങളായി അടിഞ്ഞുകിടപ്പുള്ള മാലിന്യം നീക്കം ചെയ്തു കഴിഞ്ഞോ ; ഇല്ലെങ്കിൽ പ്രസ്തുത നടപടി എന്നത്തേക്ക് പൂർത്തിയാകും ;

(ഡി) തെക്കനംകര കനാലിന് മുകളിലെ അനധികൃത നിർമ്മിതികൾ മുഴുവൻ പൊളിച്ചു മാറ്റിക്കഴിഞ്ഞോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ഈ കനാലിന് മുകളിൽ ഏതെങ്കിലും നിർമ്മിതിക്ക് കോർപ്പറേഷൻ അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ മുനിസിപ്പൽ, ടൗൺ പ്ലാനിംഗ്, സ്വീവേജ് നിയമ വ്യവസ്ഥകൾ പ്രകാരം മറ്റ് ഭാഗങ്ങളിലെ കൈയ്യേറ്റം ഒഴിപ്പിച്ചതു പോലെ ഇതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

## കാർഷിക പരിഷ്കരണ നിയമങ്ങൾ

1288. **ശ്രീ.കെ.എം.മാണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക പരിഷ്കരണം നടപ്പാക്കുന്നതിലേക്ക് റെവന്യൂ വകുപ്പ് മുൻകൈ എടുത്തു പാസാക്കിയ നിയമങ്ങൾ ഏതെല്ലാം ;

(ബി) പ്രസ്തുത നിയമങ്ങളിൽ ഏതെല്ലാം നടപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്;

(സി) പ്രസ്തുത നിയമങ്ങളിൽ നടപ്പാക്കുവാൻ സാധിക്കാത്തവ ഏതെല്ലാമാണ്;

(ഡി) പ്രസ്തുത നടപടിയുടെ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

## ഭൂപരിഷ്കരണ നിയമ വ്യവസ്ഥയിൽ ഇളവ്

1289. ഡോ.ടി.എം.തോമസ് ഐസക് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമ വ്യവസ്ഥയിൽ ഭൂപരിധിയ്ക്ക് നാളിതുവരെ ഇളവ് നൽകിയിട്ടുള്ളത് എത്ര പേർക്കാണെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഭൂപരിധി വ്യവസ്ഥയിൽ ഇളവ് നൽകിയതിനെ തുടർന്ന് ഭൂമി കൈവശം വച്ച് വരുന്നവർ ഏത് ആവശ്യത്തിലേക്കാണ് ഭൂമി ഉപയോഗിച്ചു കൊണ്ടിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇളവ് വാങ്ങിയ കാര്യത്തിന് ഭൂമി ഉപയോഗിക്കാത്തവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ എന്നും അത്തരം ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

ഭൂപരിഷ്കരണ നിയമ വ്യവസ്ഥയിൽ ഇളവ്

1290. ശ്രീ.എം.എ.ബേബി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമ പ്രകാരം അനുവദനീയമായതിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കാൻ ഇളവ് അനുവദിച്ച് കിട്ടുന്നതിലേയ്ക്ക് നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചു എന്നും എത്ര അപേക്ഷകർക്ക് ഇളവ് നൽകിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) ഭൂപരിഷ്കരണ നിയമ വ്യവസ്ഥയിൽ ഇളവ് നൽകിയതു വഴി പരിധിയിലധികം ഭൂമി കൈവശം വയ്ക്കുന്നവർ എത്രയാണ് എന്നും അവരെല്ലാം കൂടി മൊത്തം എത്ര ഏക്കർ ഭൂമി അധികമായി കൈവശം വച്ച് വരുന്നു എന്നുമുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഇളവ് നൽകുന്നത് സംബന്ധിച്ച പുതിയ വ്യവസ്ഥ എന്നു മുതലാണ് നിലവിൽ വന്നതെന്നും അതിനുശേഷം പരിധി ഇളവിനായി ലഭിച്ച അപേക്ഷകൾ എത്രയാണെന്നും ഇതിൽ എത്രയെണ്ണത്തിൽ തീരുമാനം എടുത്തുവെന്നും വ്യക്തമാക്കുമോ;

(ഡി) ഇളവ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകളായ,നിക്ഷേപവും തൊഴിലവസരങ്ങളും, ഇളവ് ലഭിച്ച് എത്ര മാസങ്ങൾക്കുള്ളിൽ ഉണ്ടാകേണ്ടതുണ്ട് എന്നും ആയതു സമയബന്ധിതമായി കൈവരിച്ചില്ലെങ്കിൽ ഇളവ് പിൻവലിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

റീസർവേ നടപടികളുടെ പുരോഗതി

1291. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കേരളത്തിലെ റീസർവ്വേയുടെ പുരോഗതിയും റീസർവ്വേ റിക്കാർഡുകൾ എന്നത്തേക്ക് നടപ്പിലാക്കുമെന്നും വിശദമാക്കുമോ;

(ബി) കാലഹരണപ്പെട്ട റിക്കാർഡുകളും ഭൂമി സംബന്ധമായ അവ്യക്തതകളും നിലനിൽക്കുന്ന സാഹചര്യത്തിൽ റവന്യൂ കമ്പ്യൂട്ടറൈസേഷൻ ജോലികൾക്ക് എത്രമാത്രം വിശ്വസനീയതയും സാധ്യതയും ഉണ്ടെന്ന് വ്യക്തമാക്കാമോ?

(സി) റീ സർവ്വേ റിക്കർഡുകളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായും റവന്യൂ രേഖകളും സർട്ടിഫിക്കറ്റുകളും ലഭിക്കുന്ന വില്ലേജുകൾ ഏതെല്ലാമാണെന്ന് ജില്ലതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

മിനി ഫോറസ്റ്റിലെ ചെയിൻമാൻമാരുടെ വേതനം

1292. ശ്രീ.വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനി ഫോറസ്റ്റിലെ സർവ്വേയുമായി ബന്ധപ്പെട്ട ചെയിൻമാൻമാരുടെ വേതനം എങ്ങനെയാണ് വിതരണം ചെയ്യുന്നത് ;

(ബി) പ്രസ്തുത വേതനം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അത് എന്നത്തേയ്ക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പിലെ സർവ്വേയർമാരുടെ സ്ഥലം മാറ്റം

1293. ശ്രീ.പി.കെ.ബഷീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വേ ആന്റ് ലാന്റ് റെക്കോർഡ്സ് വകുപ്പിലെ സർവ്വേയർമാരുടെ സ്ഥലം മാറ്റത്തിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഒരു ജില്ലയിൽ എത്ര വർഷം സേവനം പൂർത്തിയാക്കിയവരെയാണ് മറ്റൊരു ജില്ലയിലേയ്ക്ക് സ്ഥലം മാറ്റത്തിന് പരിഗണിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത കാലാവധി പൂർത്തിയാക്കിയ എത്ര പേർ ഇടുക്കി ജില്ലയിൽ നിന്നും സ്ഥലം മാറ്റത്തിന് കഴിഞ്ഞ രണ്ട് വർഷത്തിനിടയ്ക്ക് അപേക്ഷ നൽകിയിരുന്നു; അവയിൽ എത്ര പേർക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്;വിശദാംശം ലഭ്യമാക്കുമോ;

(ഡി) സ്ഥലം മാറ്റ മാനദണ്ഡപ്രകാരമുള്ള കാലാവധി പൂർത്തിയാക്കാത്ത എത്ര പേർക്ക് ഇടുക്കി ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ?

## സർവ്വേ അദാലത്ത്

1294. ശ്രീ.എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, ടി.എൻ. പ്രതാപൻ

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വേ അദാലത്തുകൾ സംഘടിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## റീസർവ്വേ അദാലത്തുകൾ

1295. ശ്രീ.പി.തിലോത്തമൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ റീസർവ്വേ അദാലത്തിൽ പരിഹരിക്കപ്പെടാത്ത എത്ര അപേക്ഷകൾ ഉണ്ട് ; പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നതെന്ന് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) റീ സർവ്വേ നടപടികളിലൂടെയും അദാലത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ പരിഹാര നടപടികളിലൂടെയും സർക്കാർ പുറമ്പോക്കുകളോ തരിശുകളോ സ്വകാര്യ വ്യക്തികൾക്ക് നൽകുന്ന സംഭവങ്ങൾ ഉണ്ടാകാറുണ്ടോ; ഇത്തരം അപാകതകൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊണ്ടിട്ടുള്ളത് വ്യക്തമാക്കുമോ ?

## കണ്ണൻദേവൻ ഹിൽസ് പ്രൊഡ്യൂസസ് കമ്പനിയുടെ മൂന്നാറിലെ ഭൂമി

1296. ശ്രീ.എസ്.രാജേന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൻദേവൻ ഹിൽസ് പ്രൊഡ്യൂസസ് കമ്പനി മൂന്നാറിലെ ഭൂമി കൈവശപ്പെടുത്തിയത് എപ്പോഴാണ് ; ഈ കൈമാറ്റത്തിന് നിയമസാധുതയുണ്ടോ ;

(ബി) കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസസ് കമ്പനി, ടാറ്റാ ടീ കമ്പനിയിലേക്ക് ഭൂമി പരിവർത്തനം നടത്തിയത് ഏത് വർഷത്തിലായിരുന്നു ;

(സി) ബ്രിട്ടീഷ് നിയമ പ്രകാരം സംസ്ഥാനത്തെ ഭൂമി റജിസ്റ്റർ ചെയ്യാവുന്നതാണോ ; പ്രസ്തുത രജിസ്ട്രേഷൻ നടന്നത് ഏത് തീയതിയിലാണ് ; സ്റ്റാമ്പ് ഡ്യൂട്ടി നിയമത്തിന്റെ ലംഘനം ഉണ്ടായിട്ടുണ്ടോ ;

(ഡി) പാട്ടവ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കണ്ണൻ ദേവൻ കമ്പനി എത്ര ഏക്കർ ഭൂമിയാണ്

കൈവശപ്പെടുത്തിയിരിക്കുന്നത്; കണ്ണൻ ദേവൻ കമ്പനിയുടെ കൈവശം മൂന്നാറിൽ ഇപ്പോൾ എത്ര ഏക്കർ ഭൂമിയുണ്ട് ; വ്യക്തമാക്കുമോ ?

ഭൂരഹിതർക്ക് ഭൂമി

1297. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ളി മണ്ഡലത്തിൽ കൊയിലാണ്ടി താലൂക്ക്, അവിടനല്ലൂർ വില്ലേജിലെ, റീ സർവ്വേ 33 ൽ 1ബി., 3ബി. എന്നിവയിൽപ്പെട്ട 3 ഏക്കർ 20 സെന്റ് ഭൂമി ഭൂരഹിതർക്ക് പതിച്ചുകൊടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത ഇനത്തിൽ അപേക്ഷകരോട് എത്ര രൂപ വിവിധ ഫീസുകളോ ചാർജ്ജുകളോ നികുതികളോ ആയി വസൂൽ ചെയ്തിട്ടുണ്ട്; ഇവർക്ക് മേപ്പടി ഭൂമിയുടെ പട്ടയം അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഭൂമി അതിർത്തി നിർണ്ണയിച്ച് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ തടസ്സമെന്താണ്; ഇതു സംബന്ധിച്ച് കോടതി വ്യവഹാരം നിലവിലുണ്ടോ; തടസ്സങ്ങൾ നീക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഡ്രാഫ്റ്റ്സ് മാൻ ഗ്രേഡ് **- 1 -** ന്റെ ഒഴിവുകൾ

1298. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രാഫ്റ്റ്സ് മാൻ ഗ്രേഡ് -1 ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താൻ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ഹെഡ് ഡ്രാഫ്റ്റ്സ് മാന്റെ അനുവദനീയമായ തസ്തികകൾ എത്രയാണെന്നും പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടിയും വിശദമാക്കുമോ;

(സി) ടെക്നിക്കൽ അസിസ്റ്റന്റിന്റെ അനുവദനീയമായ തസ്തികകൾ എത്രയെന്നും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

കയർ മേഖലയിലെ ചകിരി ക്ഷാമം

1299. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ ചകിരി ക്ഷാമം കയർവ്യവസായത്തിന് പ്രതികൂലമായ വസ്തുതയാണെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ചകിരി ഉല്പാദനത്തിനായി പച്ചതൊണ്ട് തല്ലുന്നതിനുള്ള എത്ര യന്ത്രം വിതരണം ചെയ്തിട്ടുണ്ടെന്നും വിതരണത്തിനുള്ള മാനദണ്ഡമെന്തായിരുന്നെന്നും വ്യക്തമാക്കുമോ;

(സി) ചകിരി ഉല്പാദനത്തിനായി യന്ത്രം ആവശ്യപ്പെട്ട് എത്ര സഹകരണ സംഘങ്ങൾ അപേക്ഷ നൽകിയിട്ടുണ്ട്; അതിൽ എത്ര പേർക്ക് യന്ത്രം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത യന്ത്രത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇതിന്റെ അറ്റകുറ്റപ്പണി ആരാണ് നടത്തുന്നത്; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

കയർ വ്യവസായവുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

1300. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് ബജറ്റുകളിലായി കയർ വ്യവസായവുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അഞ്ചു ബജറ്റുകളിലുമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾക്ക് വകയിരുത്തിയ തുകയെത്രയെന്നും പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്നും പിൻവലിക്കപ്പെട്ട തുകയെത്രയെന്നും വിശദമാക്കുമോ?

## കയർ ഉത്പന്നങ്ങളുടെ ആഭ്യന്തര വിപണി

1301. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉത്പന്നങ്ങളുടെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുവാനും ആഭ്യന്തര വിപണി വിപുലപ്പെടുത്തുവാനും കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വിപണി വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിൻെറ കാലത്ത് നടപ്പിലാക്കിയ 'ഒരു വീട്ടിൽ ഒരു കയർ ഉല്പന്നം 'എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാർ ഓഫീസുകളിൽ പ്ലാസ്റ്റിക്ക്, പരിസ്ഥിതി സൗഹൃദമല്ലാത്ത വസ്തുക്കളുപയോഗിച്ചുള്ള ഉല്പന്നങ്ങൾ എന്നിവ നിരോധിച്ച് കയർ ഉല്പന്നങ്ങൾ മാത്രം ഉപയോഗിക്കാൻ ആവശ്യപ്പെടുമോ ; തദ്വാരാ ആഭ്യന്തര വില്പന വർദ്ധിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ?

## തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതി

1302. **ശ്രീ.എ.റ്റി.ജോർജ്**
**,,** അൻവർ സാദത്ത്
**,,** വി.പി.സജീന്ദ്രൻ
**,,** എം.പി.വിൻസെൻറ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കയർപിരി സംഘങ്ങൾ

1303. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പ്രവർത്തിക്കുന്ന കയർപിരി സംഘങ്ങൾ എത്ര; പ്രസ്തുത സംഘങ്ങളുടെ ജില്ല തിരിച്ചുള്ള പേര് വിവരം ലഭ്യമാക്കുമോ;

(ബി) അടഞ്ഞു കിടക്കുന്ന കയർപിരി സംഘങ്ങൾ എത്ര; പ്രസ്തുത സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) പ്രവർത്തന സജ്ജമായിട്ടുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ എത്രയെന്നറിയിക്കുമോ; പ്രസ്തുത സംഘങ്ങളുടെ ജില്ല തിരിച്ചുള്ള പേര് വിവരം നൽകുമോ;

(ഡി) അടഞ്ഞ് കിടക്കുന്ന മാറ്റസ് & മാറ്റീംഗ്സ് സംഘങ്ങൾ എത്രയെന്നറിയിക്കാമോ;പ്രസ്തുത സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഇ) ഈ സർക്കാർ വന്നതിനുശേഷം എത്ര സംഘങ്ങൾ പുതിയതായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സംഘങ്ങൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത സംഘങ്ങൾക്ക് കയർഫെഡിൽ അഫിലിയേഷൻ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? കയർഫെഡ് കയർ സംഭരിച്ച ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക എത്രയെന്നറിയിക്കാമോ; പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

(എഫ്) പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരം നൽകുന്നതിനും സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ജി) പിരിഞ്ഞ് പോകുന്ന സംഘം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, പെൻഷൻ എന്നിവ നൽകുന്നതിന് വേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ?

### ചകിരിയുടെയും തൊണ്ടിന്റെയും ലഭ്യതക്കുറവ് പരിഹരിക്കാൻ നടപടി

1304. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖല നേരിടുന്ന ഏറ്റവും പ്രധാന പ്രതിസന്ധി തൊണ്ടും ചകിരിയും ആവശ്യത്തിന് ലഭിക്കാനുള്ള സാധ്യതക്കുറവും അവ സംസ്കരിക്കുന്നതിനുള്ള സൗകര്യക്കുറവുമാണെന്നിരിക്കേ തെങ്ങുകൃഷി വ്യാപകമാക്കുന്നതിനും വ്യാപകമായി തൊണ്ട് സംഭരിക്കുന്നതിനും ആധുനിക സംവിധാനങ്ങളുടെ സഹായത്തോടെ പരിസ്ഥിതിക്ക കോട്ടമുണ്ടാക്കാത്തവിധം തൊണ്ട് സംസ്കരിക്കുന്നതിനും ചകിരി ഉത്പാദിപ്പിക്കുന്നതിനും കൃഷി-വ്യവസായ വകുപ്പുകളോടൊത്തു ചേർന്ന് പദ്ധതി ആവിഷ്കരിക്കുമോ?

### പുതിയ റേഷൻ കാർഡ്

1305. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ ?

(ബി) തെറ്റ് തിരുത്തുന്നതിന് ഓൺലൈൻ സൗകര്യം ലഭിക്കാതിരുന്നവർക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഉരുക്കിയിട്ടുള്ളത് ?

(സി) ബി.പി.എൽ കാർഡുടമകളുടെ പേര് വിവരങ്ങൾ അറിയുന്നതിനും, അർഹതപ്പെട്ടവരെ ഉൾപ്പെടുത്തുന്നതിനുമായി ,കാർഡ് വിതരണം ചെയ്യുന്നതിന് മുമ്പ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ? വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

### സപ്ലൈകോ പൊതുവിതരണ ശൃംഖലയും നിത്യോപയോഗ സാധനങ്ങളും

1306. **ശ്രീ.എളമരം കരീം**
**ശ്രീമതി.കെ.എസ്.സലീഖ**
**ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ**
**,, കെ.കുഞ്ഞിരാമൻ (ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതു മൂലം ജനങ്ങൾ സപ്ലൈകോയെ ഒഴിവാക്കേണ്ടതായി വരുന്ന സാഹചര്യം ഉണ്ടായിയിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സപ്ലൈകോയിലൂടെ വിറ്റഴിക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കൾക്ക് എത്ര തവണ വിലവർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ; 2011 ജനുവരി മാസത്തെ വിലയും ഇപ്പോഴത്തെ വിലയും എത്രയാണെന്ന് അറിയിക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് വിലസ്ഥിരത നിലനിർത്തിയിരുന്ന സബ്സിഡി ഉല്പന്നങ്ങൾക്ക് ഈ സർക്കാർ വില വർദ്ധിപ്പിക്കുകയുണ്ടായോ; എങ്കിൽ എത്ര തവണ;

(ഡി) നിലവിൽ സബ്സിഡി ഉല്പന്നങ്ങളുടെ വില എത്രയാണെന്ന് വെളിപ്പെടുത്താമോ; കഴിഞ്ഞ നാലരവർഷത്തിനിടെയുണ്ടായ വിലവർദ്ധന എത്ര ശതമാനമെന്ന് അറിയിക്കാമോ;

(ഇ) പൊതുമാർക്കറ്റിലെ വില വർദ്ധനവ് തടയുന്നതിന് പകരം സബ്സിഡി സാധനങ്ങൾക്കും വില വർദ്ധിപ്പിക്കുന്നതായി പറയപ്പെടുന്ന നടപടി പുന:പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>പാചകവാതക വിതരണ പദ്ധതി</u>

T 1307. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന അദാനി ഗ്രൂപ്പിന്റെ ഗാർഹിക പാചകവാതക വിതരണ പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം അറിയിക്കുമോ?

<u>ഇ . പി . ആർ. എസ് പദ്ധതി</u>

1308. ശ്രീ.പി.എ.മാധവൻ

**,,** വി.റ്റി.ബൽറാം

**,,** പാലോട് രവി

**,,** ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർക്ക് ഇ.പി.ആർ.എസ്. പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>വില സൂചിക വർദ്ധന</u>

T 1309. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11 ലെയും 2015-16 ലെയും വില സൂചിക സംബന്ധിച്ച ഔദ്യോഗിക കണക്കുകൾ വിശദമാക്കുമോ ; 2010-11 ലുള്ളതിനേക്കാൾ എത്ര ശതമാനം വില സൂചികയിൽ വർദ്ധനയുണ്ടായി ; ഭക്ഷ്യ വസ്തുക്കൾ ഒരോന്നിന്റെയും 2010-11 ലെയും ഇപ്പോഴത്തെയും വിലവിവരം വിശദമാക്കുമോ ;

(ബി) 2010-11 ൽ കണക്കാക്കപ്പെട്ട സംസ്ഥാനത്തെ പണപ്പെരുപ്പം എത്ര ശതമാനമായിരുന്നു. 2015-16 -ലെ കണക്കാക്കപ്പെട്ട പണപ്പെരുപ്പം എത്ര ശതമാനമാണ് ; പണപ്പെരുപ്പം സംബന്ധിച്ച പ്രസ്തുത കാലയളവുകളെ വിലയിരുത്തി വിശകലനം ചെയ്തു വിശദമാക്കുമോ ?

<u>വില വർദ്ധന</u>

1310. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യോത്പന്നങ്ങളുടെ വില വർദ്ധന പിടിച്ചുനിർത്താൻ ഭക്ഷ്യ പൊതുവിതരണ വകുപ്പുവഴി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഭക്ഷ്യോത്പന്നങ്ങൾ സബ് സിഡി നിരക്കിൽ സർക്കാർ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പൊതുവിതരണ ശൃംഖലവഴിയാണ് ഇവ വിതരണം ചെയ്യുന്നത്; വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ പേരും സബ് സിഡി നിരക്കും വ്യക്തമാക്കാമോ;

(സി) ക്രിസ്തുമസ്സിനോടനുബന്ധിച്ച് സാധാരണക്കാർക്ക് ഭക്ഷ്യോത്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് എത്തിച്ചു കൊടുക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ ഏജൻസികൾ വഴി എന്തൊക്കെ ഉത്പ്പന്നങ്ങളാണ് ഇത്തരത്തിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്; ഇവയുടെ വിതരണം എന്നാരംഭിക്കും ;വ്യക്തമാക്കുമോ ?

<u>പയർ വർഗ്ഗങ്ങളുടെ വിലക്കയറ്റം</u>

1311. ശ്രീ.എം.ചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഴുന്നുപരിപ്പ്, തുവരപരിപ്പ്, ചെറുപയർ എന്നീ പയർ വർഗ്ഗങ്ങൾക്കുണ്ടായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിപണിയിൽ വില നിയന്ത്രണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കൃത്രിമമായ വിലക്കയറ്റവും പൂഴ്ത്തി വെയ്പും തടയുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ജില്ലാകളക്ടർമാർക്കും ജില്ലാ സപ്ലൈ ഓഫീസർമാർക്കും കൂടുതൽ അധികാരങ്ങൾ നൽകി കരിഞ്ചന്തയും പൂഴ്ത്തിവെയ്പും തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇതുവരെ എത്ര റെയ്ഡുകളാണ് നടത്തിയിട്ടുള്ളത്; സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

<u>പഴം-പച്ചക്കറി സംഭരണവും സംസ്കരണവും</u>

1312. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, ഐ.സി.ബാലകൃഷ്ണൻ
,, ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴം-പച്ചക്കറി സംഭരണത്തിനും സംസ്കരണത്തിനും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>പുതിയ റേഷൻ കാർഡ്</u>

1313. ശ്രീമതി.ജമീലാ പ്രകാശം
ശ്രീ.സി.കെ.നാണു
,, മാത്യു റ്റി.തോമസ്
,, ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുടമകൾക്ക് പുതിയ കാർഡ് നൽകുന്നതിന്സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും അതിന്റെ ഇപ്പോഴത്തെ സ്ഥിതിയും എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ റേഷൻ കാർഡുകൾ തയ്യാറാക്കുന്ന കാര്യത്തിൽ ധാരാളം അടിസ്ഥാന പിശകുകൾ കടന്നു കൂടിയിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങളും അതിന് ഉത്തരവാദികൾ ആരാണെന്നും പ്രസ്തുത പിശകുകൾ പരിഹരിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ ?

<u>പുതിയ റേഷൻ കാർഡ്</u>

1314. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകളിലെ തെറ്റുതിരുത്തൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) മാസങ്ങൾ കഴിഞ്ഞിട്ടും പുതിയ റേഷൻ കാർഡ് വിതരണം ചെയ്യാൻ വൈകുന്നതിനുള്ള കാരണങ്ങൾ വിശദീകരിക്കുമോ;

(സി) റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തി പുതിയ കാർഡ് എന്നുമുതൽ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

<u>പുതിയ റേഷൻ കാർഡ് വിതരണം</u>

1315. **ശ്രീ.എ.എ.അസീസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നു വരുന്ന പുതിയ റേഷൻ കാർഡ് വിതരണത്തിന്റെ പുരോഗതി അറിയിക്കുമോ;

(ബി) പുതിയ റേഷൻ കാർഡുകൾ എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>പുതിയ മാവേലി സ്റ്റോറുകൾ</u>

1316. **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**
**,, എ.പി.അബ്ദുള്ളക്കുട്ടി**
**,, എം.പി.വിൻസെൻറ്**
**,, ബെന്നി ബെഹനാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>പുതിയ മാവേലി സ്റ്റോറുകൾ</u>

1317. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ പഞ്ചായത്തിലെ അടിച്ചിലിയിലും കൊരട്ടി പഞ്ചായത്തിലെ വാലുങ്ങാമുറിയിലും പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

<u>പുതിയ റേഷൻ കാർഡുകളുടെ വിതരണം</u>

1318. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകൾ എന്ന് മുതൽ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ബി) ഉപയോഗിച്ചുകൊണ്ടിരിക്കുന്ന റേഷൻ കാർഡിന്റെ കാലാവധി എന്നാണ് അവസാനിച്ചതെന്നും പ്രസ്തുത കാർഡുകളുടെ കാലാവധി എത്ര സമയം വരെയാണ് നീട്ടി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഏതൊക്കെ ഏജൻസികളെയാണ് കാർഡ് പുതുക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) റേഷൻ കാർഡ് പുതുക്കലിൽ തെറ്റുകൾ ആവർത്തിച്ചതിനാൽ പുതിയ ഏജൻസിയെ ഏല്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

പുതിയ റേഷൻകാർഡുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ

1319. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റേഷൻകാർഡുടമകൾക്ക് പുതിയ റേഷൻകാർഡുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ;

(ബി) രേഖപ്പെടുത്തിയ വിവരങ്ങളിൽ കടന്നുകൂടിയ തെറ്റുകളും പിശകുകളും തിരുത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുകയുണ്ടായോ ;

(സി) പുതിയ റേഷൻകാർഡുകൾ എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

നെല്ല് സംഭരണം

1320. ശ്രീ.സി.പി.മുഹമ്മദ്

,, ഷാഫി പറമ്പിൽ

,, ടി.എൻ. പ്രതാപൻ

,, എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

നെല്ല സംഭരണം

1321. ശ്രീ.ജി.സുധാകരൻ

,, എം.ചന്ദ്രൻ

,, കെ.രാധാകൃഷ്ണൻ

,, കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ കർഷകരിൽ നിന്നുള്ള നെല്ല സംഭരണം പ്രതിസന്ധിയിലായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) കഴിഞ്ഞ വർഷവും ഈ വർഷം നാളിതുവരെയും കർഷകരിൽ നിന്നും സപ്ലൈകോ സംഭരിച്ച നെല്ലിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) നെല്ല് സംഭരണത്തിൽ നിന്നും സപ്ലൈകോ പിന്മാറിയത് മൂലം കർഷകർക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സ്വകാര്യ മില്ലുടമകളും സപ്ലൈകോയും സ്വീകരിച്ച നിലപാട് മൂലം നെൽകർഷകർക്ക് നഷ്ടം ഉണ്ടായിട്ടുണ്ടോ;എന്കിൽ ആയത് കണക്കാക്കിയിട്ടുണ്ടോ;

(ഇ) നെല്ല് സംഭരിച്ച വകയിൽ സപ്ലൈകോ എന്ത് തുക കർഷകർക്ക് കുടിശ്ശിക നല്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

## നെല്ല് സംഭരണം

1322. **ശ്രീ.ഇ.കെ.വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണം കാര്യക്ഷമമല്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സപ്ലൈകോ വഴി നെല്ല് സംഭരിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത്;

(സി) സർക്കാരിന്റെ നെല്ല് സംഭരണം കാര്യക്ഷമമല്ലാത്തതിനാൽ നെൽകൃഷിയിൽ നിന്നും കർഷകർ പിൻമാറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## റേഷൻ വിതരണം കാര്യക്ഷമമാക്കൽ

1323. **ശ്രീ.വി.റ്റി.ബൽറാം**
**,,** ഡൊമിനിക് പ്രസന്റേഷൻ
**,,** ആർ . സെൽവരാജ്
**,,** വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

## നെല്ല് സംഭരണം കാര്യക്ഷമമാക്കാൻ നടപടി

1324. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ വിവിധ പാടശേഖരങ്ങളിലെ നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിവിൽസപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും പാടശേഖരങ്ങളിൽ നിന്നും നെല്ല് സംഭരിക്കുന്നതിന്റെ മാനദണ്ഡമെന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) ഒരു ക്വിന്റൽ നെല്ലിന് എത്രകിലോ നെല്ല് അധികമായി കർഷകരിൽ നിന്നും പാടശേഖരങ്ങളിൽ നിന്നും സംഭരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന നെല്ല് സംഭരണത്തിന്റെ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ആരാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) സ്വകാര്യ മില്ലുടമകളുമായി ചേർന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉദ്യോഗസ്ഥർ കർഷകരെയും

പാടശേഖരങ്ങളെയും ചൂഷണം ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കർഷകർ ഉല്പാദിപ്പിച്ച മുഴുവൻ നെല്ലും സംഭരിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

<u>റേഷൻ കാർഡ് വിതരണം</u>

1325. **ശ്രീ.വി.ചെന്താമരാക്ഷൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ സ്വീകരിച്ചത് ഏത് മാസമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാർഡ് നാളിതുവരെയായി വിതരണം ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ; പ്രസ്തുത കാർഡ് എന്ന് മുതൽ വിതരണം നടത്തുമെന്ന് വ്യക്തമാക്കുമോ ?

<u>റേഷൻ കാർഡ് പുതുക്കൽ</u>

1326. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കുന്നതിനായി എത്ര അപേക്ഷകളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി അപേക്ഷിച്ചിട്ടുള്ളവർക്ക് പുതുക്കിയ റേഷൻ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കാർഡിനുള്ള അപേക്ഷകളിലെ തെറ്റ് തിരുത്തൽ പ്രക്രിയ പൂർത്തിയായിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്നത്തേക്കു പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) പുതിയ റേഷൻ കാർഡിന് എത്ര രൂപയാണ് കാർഡുടമകളിൽ നിന്നും ഈടാക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ?

<u>റേഷൻ കാർഡ് പുതുക്കൽ</u>

1327. **ശ്രീ.വി.പി.സജീന്ദ്രൻ**
**,, കെ.എസ്.ശബരീനാഥൻ**
**,, ഐ.സി.ബാലകൃഷ്ണൻ**
**,, ഹൈബി ഈഡൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതകളെ കാർഡുടമകളാക്കിക്കൊണ്ട് റേഷൻ കാർഡ് പുതുക്കി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>റേഷൻ കാർഡ് പുതുക്കൽ</u>

1328. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) റേഷൻ കാർഡ് പുതുക്കുന്നതിൽ വന്നിട്ടുള്ള അപാകതകൾ തിരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത് എന്നാണ്; പുതിയ റേഷൻ കാർഡുകൾ എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ കഴിയും?

<u>റേഷൻ കടകളിലെ ക്രമക്കേടുകളും തിരിമറികളും</u>

1329. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളിലെ ക്രമക്കേടുകളും തിരിമറികളും കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) പരിശോധനയുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ 2015 വർഷത്തിൽ എത്ര കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ;

(സി) റേഷൻ കടകളുടെ സുതാര്യമായ പ്രവർത്തനത്തിന് പൊതുജന പങ്കാളിത്തത്തോടെ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നകാര്യം പരിഗണിക്കുമോ ?

<u>റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>

1330. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചത് എന്നാണെന്നും പ്രസ്തുത നടപടി ക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(ബി) ഉപഭോക്താക്കൾക്ക് പുതിയ റേഷൻ കാർഡ് എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

<u>കൊല്ലം ജില്ലയിലെ റേഷൻ കള്ളക്കടത്ത്</u>

1331. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ റേഷൻ വിതരണത്തിലെ ക്രമക്കേട്, നിലവിലുള്ള നിയമങ്ങളുടെ ലംഘനം എന്നിവയുടെ അടിസ്ഥാനത്തിൽ എത്ര റേഷൻ വ്യാപാരികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇവരിൽ നിന്നും എത്ര രൂപാ പിഴയായി ഈടാക്കിയിട്ടുണ്ട്;പ്രസ്തുത കാലയളവിൽ ഏതെങ്കിലും റേഷൻകടയുടെ ലൈസൻസ് റദ്ദ് ചെയ്തുവോ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ വച്ച് റേഷൻ കള്ളക്കടത്തുമായി ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതു പ്രകാരം എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തു; ഇതുപ്രകാരം ഏതൊക്കെ റേഷൻ സാധനങ്ങൾ എത്ര അളവിൽ കണ്ടെത്തിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ;

(സി) കൊല്ലം ജില്ലയിലെ വ്യാപകമായ റേഷൻ കള്ളക്കടത്തുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്കുള്ള പങ്ക് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര റേഷൻ കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുവാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്;

(ഡി) മേൽ സൂചിപ്പിച്ച ക്രമക്കേടുകളിൽ ഉദ്യോഗസ്ഥതല പങ്ക് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നുള്ള വിവരം വെളിവാക്കുമോ?

<u>കൊല്ലം ജില്ലയിലെ പുതിയ റേഷൻകാർഡ് വിതരണം</u>

1332. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പുതിയ റേഷൻകാർഡ് വിതരണം ആരംഭിച്ചുവോ ; പ്രസ്തുത കാർഡ് വിതരണം എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും, നിലവിലുള്ള പുരോഗതിയും, സമയക്രമവും എന്താണെന്നുംവ്യക്തമാക്കുമോ ;

(ബി) പുതിയ റേഷൻ കാർഡ് നൽകുമ്പോൾ ഗുണഭോക്താക്കൾ സ്വയം രേഖപ്പെടുത്തിയ വിവരങ്ങൾ വിശ്വാസത്തിലെടുത്ത് കൊണ്ട് ആയത് റേഷൻ കാർഡിൽ ഉൾപ്പെടുത്തുവാനാണോ ഉദ്ദേശിക്കുന്നത് ; എങ്കിൽ ഇതിന്മേൽ ഏതെങ്കിലും ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;വിശദമാക്കുമോ;

(സി) റേഷൻ കാർഡിൽ പേര് ഉൾപ്പെടുത്താൻ കഴിയാത്തവർക്ക് പുതിയ റേഷൻ കാർഡ് വിതരണം നടത്തുന്നതിന് മുൻപ് ആയത് ഉൾപ്പെടുത്തുവാൻ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നിർദ്ദേശം ജില്ലാ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ?

<u>റേഷൻ വിഹിതത്തിലെ കുറവ്</u>

1333. **ശ്രീ.ഇ.പി.ജയരാജൻ**

**,,** എം.ചന്ദ്രൻ

**,,** കെ.വി.അബ്ദുൾ ഖാദർ

**ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണഭോക്താക്കൾക്ക് നൽകിവരുന്ന റേഷൻ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) റേഷൻ കടകൾ വഴി ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് എത്ര അളവിലാണ് റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതെന്നും 2011 ആദ്യമാസങ്ങളിൽ ഇവയുടെ അളവ് എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്രതവണ റേഷൻ വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കേന്ദ്രസർക്കാർ അനുവദിച്ച റേഷൻ വസ്തുക്കൾ യഥാസമയം ഏറ്റെടുക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ; ഇത് റേഷൻ വിഹിതത്തിൽ വെട്ടിക്കുറവ് വരുത്താൻ ഇടയാക്കിയിട്ടുണ്ടോ ?

<u>മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾ</u>

1334. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകൾ വഴി എന്തെല്ലാം സാധനങ്ങളാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്;

(ബി) ഇതിൽ ഏതെല്ലാം സാധനങ്ങളുടെ സബ്സിഡിയാണ് ഇപ്പോൾ നിർത്തലാക്കിയിട്ടുള്ളത്

(സി) നിർത്തലാക്കിയ സബ്സിഡികൾ പുന:സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

<u>മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം</u>

1335. ശ്രീമതി.ജമീലാ പ്രകാശം
ശ്രീ.സി.കെ.നാണു
,, മാത്യു റ്റി.തോമസ്
,, ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും മുഖാന്തിരം വിൽക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം സംബന്ധിച്ച് എന്തെങ്കിലും ചട്ടങ്ങളോ മാനദണ്ഡങ്ങളോ നിലവിലുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) നിത്യോപയോഗ സാധനങ്ങളായി കണക്കാക്കിയിട്ടുള്ള 13 ഇനങ്ങൾക്ക് 2009-ൽ ഈടാക്കിയിരുന്ന വിലയെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇവയ്ക്ക് 2011 മാർച്ചിൽ ഈടാക്കിയിരുന്ന വിലയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഇവയ്ക്ക് ഇപ്പോൾ ഈടാക്കുന്ന വിലയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) 2011 മാർച്ചിനും 2015 നവംബറിനും ഇടയ്ക്ക് എത്ര തവണ ഇവയുടെ വില വർദ്ധിപ്പിച്ചിട്ടുണ്ട്;

(എഫ്) ഈ വില വർദ്ധന സംബന്ധിച്ച വിശദാംശങ്ങളും അവയ്ക്ക സ്വീകരിച്ച മാനദണ്ഡങ്ങളും വ്യക്തമാക്കാമോ?

<u>കഴിഞ്ഞ ബഡ്ജറ്റുകളിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് പ്രഖ്യാപിച്ച പദ്ധതികൾ</u>

1336. ശ്രീ.കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം;

(ബി) ഈ പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുകയെത്ര; ഈ പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്നും പിൻവലിക്കപ്പെട്ട തുകയെത്ര;

(സി) ഈ അഞ്ചു ബജറ്റുകളിലുമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>വിലവിവര പട്ടികയുടെ പ്രദർശനം</u>

1337. ശ്രീ.കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപാര സ്ഥാപനങ്ങളിൽ വിലവിവര പട്ടിക പ്രദർശിപ്പിച്ചിരിക്കണമെന്ന വ്യവസ്ഥ നിലവിൽ ഉണ്ടോ ; ഇത് ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(ബി) വിലവിവര പട്ടിക പ്രദർശിപ്പിക്കാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ എത്ര ; നിലവിൽ സംസ്ഥാനത്ത് എത്ര വ്യാപാര സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നുണ്ട് ; ഇതിൽ വിലവിവര പട്ടിക പ്രദർശിപ്പാക്കാത്തതിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടവർ എത്ര ;

(സി) ഒരേ സാധനത്തിന് വ്യത്യസ്ത നിരക്കിൽ വില ഈടാക്കി വരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അളവിലും തൂക്കത്തിലും വ്യത്യാസം ഉണ്ടാകുന്നത് നിയന്ത്രിക്കാനുള്ള സംവിധാനം ഉൾപ്പെടെ പ്രവൃത്തിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ ?

<u>സിവിൽ സപ്ലൈസിന്റെ വില്പന കേന്ദ്രങ്ങൾ</u>

1338. **ശ്രീ.പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലാഭകരമല്ലാത്തതായി പ്രവർത്തിക്കുന്ന സിവിൽ സപ്ലൈസിന്റെ എത്ര ചില്ലറ വില്പന കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ കണ്ടെത്തിയിട്ടുള്ളവയിൽ എത്രയെണ്ണത്തിന്റെ പ്രവർത്തനം നിർത്തിയിട്ടുണ്ട്;

(സി) ചില്ലറ വില്പന കേന്ദ്രങ്ങളുടെ വില്പന വരുമാനം ഗണ്യമായി കുറയാനിടയായിട്ടുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) അവശ്യസാധന കമ്പോളത്തിൽ സിവിൽ സപ്ലൈസിന്റെ വിഹിതം എത്രയായിരുന്നുവെന്നും കഴിഞ്ഞ ഒരു വർഷമായി അതിൽ എത്ര കുറവുണ്ടായി എന്നും കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>നാട്ടിക മണ്ഡലത്തിലെ സപ്ലൈകോ മെഡിക്കൽ സ്റ്റോർ</u>

1339. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ മെഡിക്കൽ സ്റ്റോർ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ?

(ബി) നാട്ടിക നിയോജക മണ്ഡലത്തിൽ പുതിയതായി ഒരു സപ്ലൈകോ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

<u>സപ്ലൈകോ ഔട്ട്ലെറ്റുകൾ</u>

1340. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലും 2015-ലും സപ്ലൈകോ ഔട്ട്ലെറ്റുകൾ എത്രയായിരുന്നു?

<u>കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ</u>

1341. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് നിലവിൽ ഏതെല്ലാം ഭക്ഷ്യധാന്യങ്ങൾ എത്ര ടൺവീതം സംസ്ഥാനത്തിന് അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഓരോ മാസവും കേന്ദ്രം അനുവദിച്ചതും സംസ്ഥാനം എടുത്തതുമായ ഭക്ഷ്യ ധാന്യങ്ങൾ ഏതെല്ലാം; അവ എത്ര ടൺ വീതമാണ് ;

(സി) അധികമായി ആവശ്യപ്പെട്ട ഭക്ഷ്യധാന്യങ്ങൾ എത്രയാണ് ; അവ ലഭിച്ചിട്ടുണ്ടോ ?

<u>പുതുക്കിയ റേഷൻ കാർഡുകൾ</u>

1342. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകൾ പുതുക്കി നൽകുമ്പോൾ എ.പി.എൽ, ബി.പി.എൽ റേഷൻകാർഡുകൾക്ക് പകരം പ്രയോറിറ്റി, നോൺ പ്രയോറിറ്റി കാർഡുകളാക്കി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എ.പി.എൽ, ബി.പി.എൽ അടിസ്ഥാനത്തിൽ റേഷൻ കാർഡുകൾ അനുവദിക്കുന്നതും പ്രയോറിറ്റി

അടിസ്ഥാനത്തിൽ റേഷൻകാർഡുകൾ അനുവദിക്കുന്നതും തമ്മിൽ ഉള്ള വ്യത്യാസം എന്താണ്; വിശദീകരണം നൽകാമോ?

<u>പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവത്കരണം</u>

1343. ശ്രീ.അൻവർ സാദത്ത്

,, എ.റ്റി.ജോർജ്

,, ടി.എൻ. പ്രതാപൻ

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവത്കരണം നടപ്പാക്കാൻ പദ്ധതിയുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>പൊതുവിതരണ വകുപ്പിലെ കംപ്യൂട്ടറൈസേഷൻ പദ്ധതി</u>

1344. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ വകുപ്പിൽ നടപ്പിലാക്കിയ കംപ്യൂട്ടറൈസേഷൻ പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണ്;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) പൊതുവിതരണ വകുപ്പിൻ കീഴിലുള്ള ഏതെല്ലാം ആഫീസുകൾ നാളിതുവരെ പൂർണ്ണമായും കംപ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്?

<u>പൊതുവിതരണ വകുപ്പിൽ കമ്പ്യൂട്ടറൈസേഷൻ പദ്ധതിക്കായി നിയമനം</u>

1345. ശ്രീമതി.പി. അയിഷാ പോറ്റി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ വകുപ്പിൽ റേഷനിംഗ് കൺട്രോളർ തസ്തികയിൽ നിന്നും ഒരു വർഷം മുൻപ് വിരമിച്ച ഉദ്യോഗസ്ഥന് പ്രസ്തുത വകുപ്പിലെ കമ്പ്യൂട്ടറൈസേഷൻ പദ്ധതിക്കായി പുനർനിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു തസ്തികയിൽ;

(ബി) പ്രസ്തുത തസ്തിക, നിയമനം എന്നിവയ്ക്ക് വകുപ്പ് മന്ത്രിയുടേയോ മന്ത്രിസഭയുടെയോ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) ഏതു ഉത്തരവ് പ്രകാരമാണ് പ്രസ്തുത തസ്തിക സൃഷ്ടിച്ചത്; ആയതിന് ആവശ്യമായ അംഗീകാരം നേടിയിട്ടുണ്ടോ;

(ഡി) അംഗീകാരം ലഭ്യമായിട്ടില്ലെങ്കിൽ നിയമവിരുദ്ധമായി നിയമന ഉത്തരവ് നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും പ്രസ്തുത അധിക തസ്തികയിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന് നൽകിയ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

<u>കൗൺസിൽ ഫോർ ഫുഡ് റിസർച്ചിലെ കോഴ്സുകൾ</u>

1346. ശ്രീ.എ.എ.അസീസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിലെ കൗൺസിൽ ഫോർ ഫുഡ് റിസർച്ചിൽ ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നത്;

(ബി) ഏത് യൂണിവേഴ്സിറ്റിയുടെ അംഗീകാരമാണ് ഈ സ്ഥാപനത്തിനുള്ളത്;

(സി) ഓരോ കോഴ്സിനും എത്ര സീറ്റുകൾ വീതമാണുള്ളതെന്നും യോഗ്യതകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

<u>പെട്രോൾ ഡീസൽ പമ്പുകളുടെ നടത്തിപ്പ്</u>

1347. **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ അനുവദിച്ച ഏതെങ്കിലും പെട്രോൾ ഡീസൽ പമ്പുകളുടെ നടത്തിപ്പ് സ്വകാര്യ വ്യക്തികൾക്കോ മറ്റ് പൊതു മേഖല കമ്പനികൾക്കോ കൈമാറിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം അത്തരത്തിൽ കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കൈമാറിയതിനുള്ള വ്യവസ്ഥകൾ എന്തായിരുന്നു.; വിശദമാക്കുമോ;

(സി) ഉപഭോക്താക്കൾക്ക് നൽകേണ്ട സൗജന്യ സേവനങ്ങൾ പ്രസ്തുത പമ്പുകളിൽ ലഭ്യമാണോ എന്ന് പരിശോധിക്കാൻ വകുപ്പിൽ എന്തെങ്കിലും സംവിധാനമുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ഡി) സിവിൽ സപ്ലൈസ് പമ്പുകളിലേക്ക് ഇന്ധനം കൊണ്ടുവരുന്നതിന് സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്താറുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യത്തിന് സ്വന്തം വാഹന സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>നെല്ലിന്റെ സംഭരണവില ഉറപ്പാക്കാൻ നടപടി</u>

1348. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ വർഷത്തെ ഒന്നാം വിളയ്ക്ക് എത്ര ടൺ നെല്ലാണ് സംഭരിച്ചതെന്നു വ്യക്തമാക്കാമോ;

(ബി) ഈ വർഷം ഒന്നാം വിളക്ക് എത്ര ടൺ നെല്ലാണ് ഇതുവരെ സംഭരിച്ചിട്ടുള്ളത്

(സി) നെല്ല് സംഭരണത്തിന് കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം കുറവ് ഉണ്ടായിട്ടുണ്ടോ;ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ;

(ഡി) നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് 21.5 രൂപയായി നിശ്ചയിച്ചുകൊണ്ടുള്ള പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്നു വ്യക്തമാക്കാമോ;

(ഇ) സംഭരിച്ച മുഴുവൻ നെല്ലിനും കിലോഗ്രാമിന് 21.5 രൂപ നൽകുമോ?

<u>സപ്ലൈകോയുടെ വിറ്റുവരവ്</u>

1349. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 - 2006, 2010-2011, 2014-2015 എന്നീ സാമ്പത്തിക വർഷങ്ങളിലെ സപ്ലൈകോയുടെ വിറ്റുവരവ് എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ?

<u>സപ്ലൈകോയുടെ വിറ്റുവരവ്</u>

1350. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11 ൽ സപ്ലൈകോയുടെ വിറ്റുവരവ് , ലാഭം എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) 2013-14, 2014-15 എന്നീ വർഷങ്ങളിലെ വിറ്റുവരവും ലാഭനഷ്ടവും എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>സപ്ലൈകോയുടെ പ്രവർത്തനം</u>

1351. ശ്രീ.വി.എസ്.സുനിൽ കുമാർ
ശ്രീമതി.ഗീതാ ഗോപി
ശ്രീ.വി.ശശി
,, കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം സെപ്തംബർ വരെ സപ്ലൈകോയുടെ പ്രവർത്തന നഷ്ടം എത്രയാണെന്നും ഏതെല്ലാം ഇനങ്ങളിലാണ് സപ്ലൈകോയ്ക്ക് നഷ്ടം സംഭവിക്കുന്നതെന്നും വെളിപ്പെടുത്തുമോ ;

(ബി) സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾ വഴി എത്രയിനം സാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നതെന്നും നിലവിൽ എത്രയിനം സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ടെന്നും വ്യക്കമാക്കുമോ;

(സി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി പ്രത്യേക യോഗം ചേർന്ന് നടപ്പാക്കാൻ നിർദ്ദേശിച്ച സബ്സിഡി നിരക്ക് പരിഷ്കാരങ്ങൾ എന്തെല്ലാം ; ഇവ നടപ്പാക്കാൻ സപ്ലൈകോ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്പോൾ മുതൽ നടപ്പാക്കിത്തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

<u>വിലക്കയറ്റം നിയന്ത്രിക്കാൻ നടപടികൾ</u>

1352. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽ സപ്ളൈസ് കോർപ്പറേഷന് എത്ര തുകയാണ് ബജറ്റിൽ വകയിരുത്തിയതെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ; എങ്കിൽ വ്യകതമാക്കാമോ?

<u>രജിസ്ട്രേഷൻ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ</u>

1353. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് ബജറ്റുകളിലായി രജിസ്ട്രേഷൻ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബജറ്റിലും വകയിരുത്തിയ തുകയെത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്നും പിൻവലിച്ച തുക എത്ര;

(സി) ഈ അഞ്ച് ബജറ്റുകളിലുമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

<u>നിത്യോപയോഗസാധന വിലയുടെ നിയന്ത്രണം</u>

1354. ശ്രീ.കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില അനുദിനം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിലക്കയറ്റം നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ വിപണി ഇടപെടലിനായി പ്രതിവർഷം എന്തു തുക നീക്കിവച്ചെന്നും പ്രതിവർഷം എന്തു തുക ചെലവഴിച്ചെന്നും വിശദമാക്കാമോ?

<u>പൊതുവിതരണത്തിലെ ക്രമക്കേട്</u>

1355. ശ്രീ.സി.മമ്മൂട്ടി

,, പി.ബി. അബ്ദുൾ റസാക്

,, കെ.മുഹമ്മദുണ്ണി ഹാജി

,, കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണത്തിന് നൽകുന്ന ഭക്ഷ്യ ധാന്യങ്ങൾ അവ വാങ്ങാത്ത ഉപഭോക്താക്കളുടെ പേരിൽ നൽകിയതായി കാണിച്ച് അവ മുഴുവനും മറിച്ചു വിൽക്കുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത വിൽപന നിയന്ത്രിക്കാൻ സ്വീകരിക്കാവുന്ന മുൻകരുതൽ നടപടികളെക്കുറിച്ച് വിശദമാക്കുമോ ;

(ബി) ഗോഡൗണുകളിൽ പ്രസ്തുത ഭക്ഷ്യ ധാന്യങ്ങൾ ശേഖരിച്ച് പോളീഷ് ചെയ്തു ബ്രാന്റഡ് അരിയാക്കിയും ഗോതമ്പ് പൊടിച്ച് മൂല്യവർദ്ധിത ഉല്പന്നമാക്കിയും വൻ ലാഭം കൊയ്യുന്ന ഈ ക്രമക്കേടിന് ഉദ്യോഗസ്ഥർ നൽകുന്ന ഒത്താശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമായി അന്വേഷിച്ച് നടപടി സ്വീകരിക്കുമോ ?

<u>അവശ്യസാധനങ്ങളുടെ വിലവർധനവ്</u>

1356. ശ്രീ.എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വിലക്കയറ്റം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) വില വർദ്ധന നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തുകയാണ് ഓരോ വർഷവും അവശ്യസാധനങ്ങളുടെ വില നിയന്ത്രണത്തിനായി ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് പ്രസ്തുത തുക നൽകിയത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉപഭോക്തൃ സംരക്ഷണ നിയമം</u>

1357. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംരക്ഷണ നിയമത്തിൽ ഉപഭോക്താക്കൾ എന്ന നിർവചനത്തിന്റെ വ്യാപ്തി വ്യക്തമാക്കുമോ; (ഏതൊക്കെ തരത്തിലുള്ള ഉപഭോക്താക്കളാണ് പ്രസ്തുത നിർവചനത്തിൽ ഉൾപ്പെടുന്നത്);

(ബി) ബി.എസ്.എൻ.എൽ-നും സമാനവുമായ കമ്പനികൾക്കെതിരെ ഉപഭോക്താക്കൾക്കുള്ള പരാതികൾ സംസ്ഥാനത്തെ ഉപഭോക്തൃ ഫോറങ്ങളിലൂടെ പരിഹരിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉപഭോക്തൃ സംരക്ഷണ നിയമത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ അവബോധം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഇ-സ്റ്റാമ്പിംഗ്

1358. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാമ്പ് ആക്ട് ഭേദഗതിയിലൂടെ സംസ്ഥാനത്ത് ഇ-സ്റ്റാമ്പിംഗ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇ-സ്റ്റാമ്പിംഗ് നടപ്പാക്കുമ്പോൾ സ്റ്റാമ്പ് വെണ്ടർമാർ വഴി ട്രഷറി വകുപ്പിന്റെ കീഴിൽ തന്നെയാണോ നടപ്പാക്കുന്നത്;

(സി) മുദ്രപത്ര വിതരണവും ഇ-സ്റ്റാമ്പിംഗ് സംവിധാനവും കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

വില കുറച്ച് ആധാരങ്ങൾ രജിസ്റ്റർ ചെയ്ത കേസുകൾ

1359. ശ്രീ.എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയുടെ വില കുറച്ച്ആധാരം രജിസ്റ്റർ ചെയ്ത എത്ര കേസുകൾ നിലവിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; പിഴ അടക്കാൻ നോട്ടീസ് നൽകിയ കേസുകൾ എത്ര;

(ബി) പ്രസ്തുത കേസുകളിൽ എത്ര കോടി രൂപയുടെ വരുമാന നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ?

സഹകരണ സ്ഥാപനവും സ്റ്റാമ്പ് ഡ്യൂട്ടി വ്യവസ്ഥയും

1360. ഡോ.ടി.എം.തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ.ഓപ്പറേറ്റീവ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത പ്രവർത്തിച്ച വരുന്ന ഒരു സഹകരണ സ്ഥാപനവും അതിലെ ഒരു അംഗവും തമ്മിലുള്ള ഇടപാടുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി വ്യവസ്ഥ ബാധകമാണോ; നിലവിലുള്ള വ്യവസ്ഥകൾ വിശദമാക്കാമോ; എന്ന് മുതലാണ് സ്റ്റാമ്പ് ഡ്യൂട്ടി വ്യവസ്ഥ ഏർപ്പെടുത്തിയിരുന്നത്;

(ബി) ഇത് ഒഴിവാക്കണമെന്ന ആവശ്യം സഹകരണ വകുപ്പിൽ നിന്നും ഉന്നയിച്ചിട്ടുണ്ടോ; നിലപാട് വിശദമാക്കുമോ;

(സി) സഹകരണ സംഘവും അതിലെ അംഗങ്ങളും തമ്മിൽ നടന്ന ഏതെങ്കിലും കൈമാറ്റ നടപടിയ്ക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഏർപ്പെടുത്തുകയും അത് ഈടാക്കുന്നതിന് റിക്കവറി നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സഹകരണ സ്ഥാപനങ്ങളുടെ ആപ്പീസിനും വികസന പദ്ധതികൾക്കും വേണ്ടി വാങ്ങാത്ത ഭൂമിക്ക് രജിസ്ട്രേഷൻ ഫീസ് ഇളവ് നൽകിയിട്ടുളളത് ഏത് വ്യവസ്ഥ പ്രകാരമാണ്; ഇത് നിലവിലുണ്ടോ?

മോങ്ങം സബ്‌രജിസ്ട്രാർ ഓഫീസിന്റെ അതിർത്തി പുനർനിർണയം

1361. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മോങ്ങം സബ് രജിസ്ട്രാർ ഓഫീസ് പരിധി പുനർ നിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ജില്ലാ കളക്ടറുടെ അഭിപ്രായം ഉൾപ്പെടുത്തി ജില്ലാ രജിസ്ട്രാർ ജനറൽ റിപ്പോർട്ട് നൽകിയിട്ടും നാളിതുവരെയായി അതിർത്തി പുനർനിർണ്ണയിക്കുന്നതിലുള്ള കാല താമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പുൽപറ്റ പഞ്ചായത്തിലെ ചെറുപുത്തൂർ ഗ്രാമം ഉൾപ്പെടയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി മോങ്ങം സബ്‌രജിസ്ട്രാർ ഓഫീസിന്റെ അതിർത്തി പുനർ നിർണ്ണയിച്ച് ഉത്തരവിറക്കുമോ?

ഭൂമിയുടെ അണ്ടർ വാല്യൂവേഷൻ

1362. ശ്രീ.ലൂഡി ലൂയിസ്
,, ഐ.സി.ബാലകൃഷ്ണൻ
,, എ.റ്റി.ജോർജ്
,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ അണ്ടർ വാല്യൂവേഷൻ കേസ്സുകളിൽ തീർപ്പ് കൽപ്പിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഭൂമിയുടെ ന്യായവില

1363. ശ്രീ.കെ.കെ.ജയചന്ദ്രൻ
,, കെ.വി.വിജയദാസ്
,, കെ.കെ.നാരായണൻ
,, സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില നിശ്ചയിച്ചത് സംബന്ധിച്ച പരാതികളിൽ തീർപ്പ് കല്പിക്കാനായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇനിയും ന്യായവില നിശ്ചയിക്കാത്ത പ്രദേശങ്ങൾ നിലവിലുണ്ടോ; എന്കിൽ നിശ്ചയിക്കാത്തഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ന്യായവില നിശ്ചയിക്കുന്നതിന് മുമ്പ് ഭൂമിയുടെ വില കുറച്ച് കാണിച്ച് ആധാരം രജിസ്റ്റർ ചെയ്തവർക്കെതിരെയുള്ള നടപടികൾ തുടരുന്നുണ്ടോ; എങ്കിൽ ഇത്തരം എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ; ഏത് വർഷം മുതലുള്ള കേസുകളാണ് നിലനില്ക്കുന്നത്; എത്ര സെന്റ് ഭൂമി മുതൽ രജിസ്റ്റർ ചെയ്തവരാണ് ഇതിൽ ഉൾപ്പെടുന്നത്;

(ഡി) ആധാരം വിലകുറച്ച് രജിസ്റ്റർ ചെയ്തവർക്കെതിരെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഭൂമിയുടെ ന്യായവില വർദ്ധന

1364. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില വർദ്ധന മൂലം ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിനും ഭാഗപത്രത്തിനും ഉണ്ടായിട്ടുള്ള നികുതി വർദ്ധന പുനപരിശോധിക്കുമോ;

(സി) നികുതി വർദ്ധന പിൻവലിക്കുവാനും ഒരു ഏക്കർ വരെയുള്ള ഭാഗപത്രത്തിന് പഴയ രീതി നിലനിർത്തുവാനും നടപടി സ്വീകരിക്കുമോ?

സ്റ്റാമ്പ് ഡ്യൂട്ടിയിലെ ഇളവ്

1365. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ സ്റ്റാമ്പു ഡ്യൂട്ടിയിൽ ഇളവു നൽകുന്നതിന് ജില്ലാ രജിസ്ട്രാർമാർക്ക് അധികാരമുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം അവസരത്തിൽ ഏതെല്ലാം സ്ഥാപനങ്ങളുടെ കാര്യത്തിൽ എന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളോ, മുറികളോ അംഗീകൃത സംഘങ്ങൾക്കായി രജിസ്റ്റർ ചെയ്യുമ്പോൾ സ്റ്റാമ്പു ഡ്യൂട്ടിയിൽ ഇളവു നൽകാൻ ജില്ലാ രജിസ്ട്രാർക്ക് അധികാരമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആവശ്യവുമായി ഏതെങ്കിലും സഹകരണ സംഘം വകുപ്പുമന്ത്രിക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധമായി എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസ് നവീകരണം</u>

1366. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസ് നവീകരണത്തിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കി സമർപ്പിച്ച 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഭരണാനുമതി എന്നത്തേയ്ക്ക് ലഭ്യമാക്കുമെന്നും പ്രസ്തുത ഫയൽ ഇപ്പോൾ എവിടെയാണെന്നും ഫയൽ നമ്പർ ഏതാണെന്നും വിശദമാക്കാമോ;

(ബി) ചോർന്നൊലിക്കുന്ന കിളിമാനൂർ സബ് രജിസ്ട്രാർ ഓഫീസ് നവീകരണത്തിനു ഫണ്ട് അനുവദിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ചേളമാന്നൂർ ഗവ.യു.പി.സ്കൂൾ അപ്ഗ്രഡേഷൻ</u>

1367. **ശ്രീ.ജി.എസ്.ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചേളമാന്നൂർ ഗവ.യു.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിലേയ്ക്കായി 3 ഏക്കർ ഭൂമി പൊതുജനങ്ങൾ വാങ്ങി സർക്കാരിലേയ്ക്ക് കൈമാറുവാൻ തീരുമാനിക്കുകയും പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ബന്ധപ്പെട്ടവർ നൽകിയ അപേക്ഷ ലഭിച്ചിരുന്നുവോ; ആയതിന്മേൽ സ്വീകരിച്ച നടപടികളും പുരോഗതിയും വിശദമാക്കുമോ;

(ബി) പ്രാദേശികമായി നിലവിലുള്ള ഭൂമിവില കണക്കാക്കുമ്പോൾ പൊതുജനങ്ങൾ ഏറ്റെടുക്കുന്ന പ്രസ്തുത പൊതു കൂട്ടായ്മ പൂർത്തീകരിക്കുന്നതിലേയ്ക്ക് അനുകൂല ഉത്തരവ് നൽകി സഹായിക്കുവാൻ സന്നദ്ധമാകുമോയെന്ന് വിശദമാക്കുമോ?

<u>സ്പീഡ് കേരള പദ്ധതി</u>

1368. ശ്രീ.എം.എ. വാഹീദ്
,, ലൂഡി ലൂയിസ്
,, എം.പി.വിൻസെൻറ്
,, **വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പീഡ് കേരള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

കോവിലകം താഴെ പാലം നിർമ്മാണം

1369. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ബാലുശ്ശേരി കോട്ടൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കോവിലകം താഴെ പാലം പണി അവസാനിപ്പിച്ച് കരാറുകാരനെ ഒഴിവാക്കിയത് ഏത് തീയതിയിലാണ് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാലം പണിയുന്നതിന് ഇതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) കോട്ടൂർ ഭാഗത്ത് അപ്രോച്ച് റോഡ് ഇല്ലാത്തതു കാരണം പാലം പ്രയോജനപ്പെടുത്താൻ കഴിയാത്ത കാര്യം ചർച്ച ചെയ്യുന്നതിന് ബഹു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എത്ര യോഗം ചേർന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രശ്നപരിഹാരത്തിന് എന്ത് നടപടിയാണ് സ്വീകരിച്ചത് എന്നും ആയതിന്റെ പുരോഗതിയും വ്യക്തമാക്കുമോ?

സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

1370. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര തഴക്കരയിൽ കുന്നം ഹയർസെക്കന്ററി സ്കൂളിനും ഇറവങ്കര വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിനും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

ചാലക്കുടി - ആനമല റോഡിന്റെ നവീകരണം

1371. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി - വാഴച്ചാൽ - മലക്കപ്പാറ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള അന്തർ സംസ്ഥാന ടൂറിസ്റ്റ് പാതയായ ചാലക്കുടി - ആനമല റോഡിന്റെ അവസാന 10 കിലോമീറ്റർ ബി.എം. & ബി.സി. ടാറിംഗ് നടത്തി നവീകരിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അടിയന്തരമായി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നവീകരണത്തിനായി നേരത്തേ അനുവദിച്ച 30 കോടി രൂപയുടെ പ്രവൃത്തികളിൽ ഉൾപ്പെട്ടിരുന്ന സൈഡ് പ്രൊട്ടക്ഷൻ അടക്കമുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിൽ നിന്നും കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഒഴിവാക്കിയ സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

കൊടുവള്ളി നിയോജകമണ്ഡലത്തിലെ പാലങ്ങൾ

1372. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊടുവള്ളി നിയോജകമണ്ഡലത്തിൽ എത്ര പാലങ്ങൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവ ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

<u>വട്ടോളിപ്പാലം നിർമ്മാണം</u>

1373. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വട്ടോളിപ്പാലത്തിന്റെ ഡിസൈൻ അപ്രൂവലിനുള്ള നിർദ്ദേശം പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തിന് സമർപ്പിക്കുകയുണ്ടായിട്ടുണ്ടോ;എങ്കിൽ നിർദ്ദേശം എപ്പോഴാണ് ലഭിച്ചത്;

(ബി) ഡിസൈൻ അപ്രൂവൽ നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

<u>ഡി. സി .ആർ. ജി. അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷ</u>

1374. ശ്രീ.സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ജോലി ചെയ്തു വരവെ മരണമടഞ്ഞ ശ്രീ വി. പി. എൽദോയുടെ രണ്ടാനമ്മ ശ്രീമതി. അന്നം പൗലോസ്, വീണമാലിൽ വീട് , ഇരിങ്ങോൾ (പി..ഒ.) എന്നയാൾ ഡി. സി. ആർ. ജി. അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷ പരിഗണിച്ചിട്ടുണ്ടോ ;

(ബി) പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി 07.11.2015 -ന് 4111/ബി1/2015 നമ്പർ ഫയൽ പ്രകാരം പി. ഡബ്ല്യൂ. ഡി. ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

(സി) പ്രസ്തുത അപേക്ഷ പ്രകാരം ഡി. സി. ആർ. ജി. അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ;

<u>എം.സി. റോഡ് വികസനവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം</u>

1375. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡ് വികസനവുമായി ബന്ധപ്പെട്ട് കെ,എസ്.റ്റി.പി.യുടെ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി രത്നഗിരി ലൈബ്രറി കെട്ടിടത്തിന് പുനസ്ഥാപനവില നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരതുക നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ; ഇതിനുള്ള തടസ്സം വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ലൈബ്രറി കമ്മിറ്റി പരാതി നൽകിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് ഫയൽ നിലവിലുണ്ടോ; എങ്കിൽ ഫയൽ നമ്പർ വ്യക്തമാക്കുമോ?

<u>കെ.എസ്.റ്റി.പി രണ്ടാം ഘട്ടം</u>

1376. ശ്രീ.കെ.ശിവദാസൻ നായർ

,, തേറമ്പിൽ രാമകൃഷ്ണൻ

,, സി.പി.മുഹമ്മദ്

,, ഹൈബി ഈഡൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.റ്റി.പി, രണ്ടാം ഘട്ടം പദ്ധതി ആരം ഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>പി.ഡബ്ല്യൂ.ഡി വികസന പ്രവർത്തനങ്ങൾ</u>

1377. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പി.ഡബ്ല്യൂ.ഡി അടൂർ നിയോജക മണ്ഡലത്തിലെ റോഡുകളിൽ നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ പദ്ധതി തിരിച്ച് വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(ബി) പ്രസ്തുത പ്രവർത്തികൾക്ക് എത്ര തുക അടങ്കൽ വകയിരുത്തിയിട്ടുണ്ടെന്നും ആയവയുടെ നിർമ്മാണ പുരോഗതികൾ സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കുമോ?

<u>നഗര റോഡ് വികസനം</u>

1378. **ശ്രീ.ജോസഫ് വാഴയ്ക്കൻ**
**,,** പി.സി വിഷ്ണുനാഥ്
**,,** എം.എ. വാഹീദ്
**,,** വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര റോഡ് വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>നേമം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

1379. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ എം.എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്ന വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നാളിതുവരെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കണമെന്നാവശ്യപ്പെട്ട്കൊണ്ട് പൊതുമരാമത്തു വകുപ്പിന് ലഭ്യമായിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും വിശദമാക്കാമോ?

<u>വൺ ടൈം മെയിന്റനൻസ് ഫണ്ട്</u>

1380. **ശ്രീമതി.ഗീതാ ഗോപി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിൽ നാട്ടിക മണ്ഡലത്തിന് വൺടൈം മെയിന്റനൻസ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് അനുവദിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഹരിത ദേശീയപാതാ നയം</u>

1381. ശ്രീ. എൻ .എ.നെല്ലിക്കുന്ന്
,, റ്റി.എ.അഹമ്മദ് കബീർ
,, വി.എം.ഉമ്മർ മാസ്റ്റർ
,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയോരങ്ങളിൽ മരം വച്ചു പിടിപ്പിക്കുന്നതിനുള്ള കേന്ദ്രസർക്കാരിൻെറ ഹരിത ദേശീയപാതാ നയം സംബന്ധിച്ച പൂർണ്ണവിവരം ലഭ്യമായിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തു സഹായം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുൾപ്പെടെ അടുത്ത അഞ്ചുവർഷത്തെ ദേശീയപാതാ വികസന പദ്ധതികൾ പ്രകാരം നടപ്പാക്കാനാവുന്ന പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

<u>റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ</u>

1382. ശ്രീ.കെ.എം.മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചു വരുന്ന റോഡ് അപകടങ്ങളുടെ പ്രധാന കാരണം റോഡുകളുടെ ശോചനീയാവസ്ഥയാണെന്നത് പരിഗണിച്ച്, ടാർ റോഡ് വീതികൂട്ടൽ, ബസ്ബേ നിർമ്മാണം, മേൽനടപ്പാലങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ അപകട സാദ്ധ്യത കുറയ്ക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) തിരക്കേറിയ റോഡുകളിൽ കാൽനടയാത്രക്കാർക്ക് റോഡ് ക്രോസിംഗിനുള്ള മേൽപാലങ്ങൾ, അണ്ടർ പാസുകൾ എന്നിവ നിർമ്മിക്കുന്നതിലേക്ക് ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു; വിശദമാക്കുമോ?

<u>റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി</u>

1383. ശ്രീ.ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, സണ്ണി ജോസഫ്
,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്പനി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഹിൽ ഹൈവേ പദ്ധതി</u>

1384. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'ഹിൽ ഹൈവേ പദ്ധതി 'നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഇതിനായി പ്രസ്തുത ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 കോടി രൂപ ഖജനാവിൽ നിന്നും പിൻവലിച്ചിട്ടുണ്ടോ;

(സി) തുടർന്നുള്ള 4 ബഡ്ജറ്റുകളിലും പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര വീതം;

(ഡി) ഹിൽ ഹൈവേക്കായി ഇതിനകം എന്ത് തുക ഖജനാവിൽ നിന്നും പിൻവലിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

<u>കോർ റോഡ് നെറ്റ് വർക്ക് പദ്ധതി</u>

1385. ശ്രീ.ടി.എൻ. പ്രതാപൻ
,, സി.പി.മുഹമ്മദ്
,, എ.റ്റി.ജോർജ്
,, പാലോട് രവി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർ റോഡ് നെറ്റ് വർക്ക് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ആസ്തി വികസന സ്കീം</u>

1386. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത നിർമ്മാണ പ്രവൃത്തികൾ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി റീടെൻഡർ നടപടികൾ ഡിസംബർ മാസത്തിൽ തന്നെ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമാണം</u>

1387. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പൂർത്തീകരിക്കാത്ത ഓരോ കെട്ടിടങ്ങളുടെയും നിർമാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>എന്റെ നിയോജക മണ്ഡലം ആസ്തി വികസന സ്കീം</u>

1388. **ശ്രീ.തോമസ് ചാണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിനു കീഴിൽ കുട്ടനാട്ടിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തികൾ വിശദമാക്കിയ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) എന്റെ നിയോജക മണ്ഡലം ആസ്തി വികസന സ്കീമിൽ നിന്നും പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദീകരിച്ചുകൊണ്ടുള്ള അവലോകന റിപ്പോർട്ട്

ലഭ്യമാക്കുമോ ;

(സി) ഗ്രാവലിന് ലോക്കൽ മാർക്കറ്റ് റേറ്റ് നൽകാത്തതുമൂലം പല നിർമ്മാണ പ്രവൃത്തികളും കരാറുകാർ ഏറ്റെടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഗ്രാവലിന് എൽ.എം.ആർ. അനുവദിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ദേശീയ പാതകളിൽ ടോൾ പിരിവ്</u>

1389. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ പാതകളിൽ നിന്നും ടോൾ പിരിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണ് ; ഇത്തരം ടോൾ പിരിവിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ടോൾ പിരിവ് സംബന്ധിച്ച് സംസ്ഥാനത്ത് തുടർച്ചയായി നിലനില്ക്കുന്ന തർക്കങ്ങളും സംഘർഷങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ചുള്ള വ്യവസ്ഥകളും നിബന്ധനകളും പൊതുജനസമക്ഷം വെളിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ടോൾ പിരിവിൽ വരുത്തുന്ന വർദ്ധന സംബന്ധിച്ചുള്ള നടപടി ക്രമങ്ങളും നിബന്ധനകളും വിശദമാക്കാമോ;

(ഡി) സർവ്വീസ് റോഡുകൾ പൂർത്തിയാക്കാത്ത സ്ഥലങ്ങളിൽ ടോൾ പിരിവ് നടത്തുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>പുതിയ റോഡുകളും പാലങ്ങളും</u>

1390. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 2011-12-ലെ ബജറ്റിൽ പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം റോഡുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; എത്ര പാലങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.;

(ബി) പ്രസ്തുത നിർമാണത്തിനെല്ലാം കൂടി എന്ത് തുകയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്; ഇതിൽ എന്ത് തുക ഖജനാവിൽ നിന്നും പിൻവലിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) തുടർന്നുള്ള ബജറ്റുകളിൽ ഓരോന്നിലും പ്രസ്തുത പ്രവൃത്തികൾക്കായി തുക വകയിരുത്തിയിരുന്നോ; വിശദമാക്കാമോ; ഇതിൽ ഖജനാവിൽ നിന്നും പിൻവലിക്കപ്പെട്ട തുകയെത്ര;

(ഡി) ഇതിൽ പണി ആരംഭിക്കാത്ത പാലങ്ങളോ റോഡുകളോ ഉണ്ടോ; വിശദമാക്കാമോ?

<u>റിംഗ് റോഡുകളുടെ നിർമ്മാണം</u>

1391. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഒന്നാമത്തെ ബജറ്റിൽ (2011-12) പ്രത്യേക പരിഗണന നൽകി സംസ്ഥാനത്ത് റിംഗ് റോഡുകൾ എവിടെയെല്ലാം നടപ്പാക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എവിടെയെല്ലാം റിംഗ് റോഡുകൾ നിർമ്മിക്കപ്പെട്ടു എന്ന് അറിയിക്കുമോ;

(സി) ഇതിനായി ആദ്യ ബജറ്റിൽ എന്ത് തുക വകയിരുത്തിയിരുന്നു; പ്രസ്തുത തുക ഖജനാവിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) തുടർന്നുള്ള നാല് ബജറ്റുകളിൽ റിംഗ് റോഡുകളുടെ നിർമ്മാണത്തിനായി തുക വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര തുക വീതം വകയിരുത്തിയിരുന്നു;

(ഇ) റിംഗ് റോഡുകളുടെ നിർമ്മാണത്തിനായി ഖജനാവിൽ നിന്നും ഇതിനകം പിൻവലിച്ച ആകെ തുക എത്ര?

പ്രഥമ ബഡ്ജറ്റിലെ മുൻഗണനാ പരിപാടികൾ

1392. ശ്രീ.കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ പ്രഥമ ബഡ്ജറ്റിൽ മുൻഗണനാ പരിപാടികളിൽ എത്ര റോഡുകളും പാലങ്ങളുമാണ് ഉൾപ്പെടുത്തിയിരുന്നത്;

(ബി) ഇവയിൽ എത്രയെണ്ണം ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്;

(സി) ഇതിനായി ഇതുവരെ എത്ര തുക ബഡ്ജറ്റുകളിൽ വകയിരുത്തിയിട്ടുണ്ടായിരുന്നു; അതിൽ എത്ര തുക ചെലവഴിക്കാനായി പിൻവലിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ഡി) അടിസ്ഥാന സൗകര്യവികസനത്തിന് എത്രമാത്രം പുരോഗതി ഇതുകാരണം ഉണ്ടായിട്ടുണ്ട്?

റോഡ് പരിഷ്ക്കരണം

1393. ശ്രീ.സി.എഫ്.തോമസ്

,, മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റോഡുകളുടെ നിലവാരം ഉയർത്തി റോഡ് പരിഷ്ക്കരണം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ;വിശദമാക്കുമോ ;

(ബി) കൂടുതൽ ജില്ലാ റോഡുകൾ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മണലൂർ മണ്ഡലത്തിലെ മരാമത്ത് ജോലികൾ

1394. ശ്രീ.പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡ്സ്, ബിൽഡിംഗ്സ്, ദേശീയപാത വിഭാഗങ്ങൾ 2011-12 മുതൽ മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം ;

(ബി) 2011-12 മുതൽ നാളിതുവരെ ഏതെല്ലാം പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിച്ചു; അവയുടെ അടങ്കൽ തുക എത്രയാണെന്നും നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ?

കാലടി ശ്രീശങ്കരാചാര്യ സമാന്തരപാലം

1395. ശ്രീ.ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി ശ്രീശങ്കരാചാര്യ സമാന്തരപാലത്തിന്റെയും ബൈപാസ് റോഡിന്റെയും അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകാരം നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) അംഗീകാരം നൽകിയിട്ടുണ്ടെങ്കിൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും ഇതിനായി പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്നും

വിശദമാക്കാമോ;

(സി) തുക അനുവദിച്ചപ്പോൾ പരിഗണിക്കപ്പെട്ട അലൈൻമെന്റ് ഏതെന്നും നിലവിൽ പരിഗണനയിലുള്ള അലൈൻമെന്റ് ഏതെന്നും വിശദമാക്കാമോ?

<u>മൊറാഴ-കണ്ണപുരം റോഡ് നിർമ്മാണം</u>

1396. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പ്രധാന ഡിസ്ട്രിക്ട് റോഡായ മൊറാഴ-കണ്ണപുരം റോഡ് ബി. എം. & ബി സി ആക്കി ഉയർത്തുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>തിരുമല -തൃക്കണ്ണാപുരം റോഡു വികസന പദ്ധതി</u>

1397. ശ്രീ.വി.ശിവൻകുട്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന തിരുമല -തൃക്കണ്ണാപുരം റോഡു വികസന പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിച്ചതെന്നാണെന്നും ആയതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്കു പൂർത്തിയാകുമെന്നു വ്യക്തമാക്കുമോ ?

<u>കൊല്ലം ഇരുമ്പ് പാലം</u>

1398. ശ്രീ.പി.കെ.ഗുരുദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ഇരുമ്പ് പാലം പൊളിച്ച് പുതിയ പാലം പണിയുന്നതിന് വേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) പ്രസ്തുത പാലം പുതുക്കി പണിയുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര റോഡ് ഗതാഗത വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ ; പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ; ഇല്ലെങ്കിൽ അംഗീകാരം ലഭിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ഡി) പ്രസ്തുത പാലം നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തുക എത്രയെന്നറിയിക്കുമോ ?

<u>കൊല്ലം ജില്ലയിലെ ഗ്രാമീണ റോഡുകൾ</u>

1399. ശ്രീ.പി.കെ.ഗുരുദാസൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ൽ കൊല്ലം ജില്ലയിൽ എത്ര ഗ്രാമീണ റോഡുകൾക്കുടെ നവീകരണത്തിനായി തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ; എത്ര തുക വീതമാണ് അനുവദിച്ചതെന്ന് മണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(ബി) കൊല്ലം മണ്ഡലത്തിൽ ഗ്രാമീണ റോഡുകൾക്ക് തുക അനുവദിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ ?

<u>ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ചുള്ള റോഡുകളുടെ പുനരുദ്ധാരണം</u>

1400. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ ശബിരമല ഉത്സവ സീസണുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ റോഡുകളുടെ പുനരുദ്ധാരണത്തിനും മറ്റുമായി എത്രകോടി രൂപയാണ് ആകെ അനുവദിച്ചിട്ടുള്ളത് ; ഇവയുടെ ഡിവിഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; ഓരോ ഡിവിഷനിലും അനുവദിച്ചിട്ടുള്ള പ്രവൃത്തിയുടെ പേരും തുകയും ഇനംതിരിച്ച് വ്യക്തമാക്കാമോ ;

(ബി) ബഹു. കേരള ഹൈക്കോടതി കണ്ടെത്തിയിട്ടുള്ള ശബരിമല അനുബന്ധ റോഡുകൾ ഏതൊക്കെ ; അവയ്ക്ക് ഓരോന്നിനും ഇത്തവണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി തുക നീക്കിവച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര തുക വീതം നീക്കി വച്ചിട്ടുണ്ട് എന്നു പറയാമോ ;

(സി) ശബരിമല കണക്ടിംഗ് റോഡുകൾ എന്ന പേരിൽ ശബരിമല ഫെസ്റ്റിവലിൽ ഉൾപ്പെടുത്തി ഏതൊക്കെ റോഡുകൾക്ക് എത്ര തുക വീതമാണ് അനുവദിച്ചിരിക്കുന്നതെന്ന് പി.ഡബ്ല്യൂ.ഡി. സെക്ഷൻ , സബ് ഡിവിഷൻ എന്നിവ തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ശബരിമല പാതകൾക്ക് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

<u>തങ്കളം-കാക്കനാട് റോഡിന്റെ ജോലികൾ</u>

1401. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കാക്കനാട് റോഡിന്റെ പൂർണ്ണ തോതിലുള്ള ജോലികൾ നടക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) റോഡിന്റെ അഡ്വാൻസ് പൊസഷനിൽ 5.98 കോടി അനുവദിച്ചിട്ടും പണം അർഹതപ്പെട്ടവർക്ക് നല്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) തുക എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ഡി) എട്ട് വർഷത്തോളമായിട്ടും ടി റോഡിന്റെ ജോലികൾ ഇഴഞ്ഞ് നീങ്ങുന്നത് അവസാനിപ്പിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ ജോലികൾ പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

<u>കൊരട്ടി പൊങ്ങം റെയിൽവേ ഓവർബ്രിഡ്ജ്</u>

1402. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി പൊങ്ങം റെയിൽവേ ഓവർ ബ്രിഡ്ജിന്റെ വീതി കൂട്ടി നവീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനും ഗതാഗതം പുന:സ്ഥാപിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(സി) ചിറങ്ങര റെയിൽവേ ക്രോസിംഗിൽ മേൽപ്പാലം നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

ചേലക്കര ബൈപാസ് നിർമ്മാണം

1403. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര ബൈപാസ് നിർമ്മാണത്തിന് ഭരണാനുമതി പുതുക്കി നൽകുവാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) 2009-ൽ നൽകിയ ഭരണാനുമതി പ്രകാരം പുതിയ ബൈപാസ് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത റോഡിൽ വർദ്ധിച്ച വാഹന ഗതാഗതവും മറ്റ് തിരക്കുകളും കാരണമുണ്ടാകുന്ന ഗതാഗതക്കുരുക്കുകളും അപകടങ്ങളും ഒഴിവാക്കുവാൻ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി പുതുക്കി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

ഗ്രാമീണ റോഡുകളുടെ നവീകരണം

1404. ശ്രീ.സി.കെ.നാണു
ശ്രീമതി.ജമീലാ പ്രകാശം
ശ്രീ.ജോസ് തെറ്റയിൽ
,, മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പ സാമ്പത്തിക വർഷത്തിൽ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനുവേണ്ടി എത്ര തുക വകയിരുത്തിയിരുന്നു; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) ഇപ്രകാരം ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണ്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ എം.എൽ.എ മാരിൽ നിന്നും നിവേദനം ലഭിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണ്; വിശദാംശം നൽകുമോ?

ഗ്രാമീണ റോഡുകളുടെ മെയിന്റനൻസ്

1405. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾ മെയിന്റനൻസ് ചെയ്യുന്നതിനായി (ഒ. .ടി .എം ) 1.7.2011 മുതൽ 31.10.2015 വരെയുള്ള കണക്ക് പ്രസിദ്ധീകരിക്കുമോ;

(ബി) ഒറ്റപ്പാലത്തെ ഏറ്റെടുത്ത ഗ്രാമീണ റോഡുകൾ മെയിന്റനൻസ് ചെയ്യുന്നതിനായി നാളിതുവരെ എത്ര തുക അനുവദിച്ചു; വാർഷികാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ?

ആനക്കയം പാലത്തിന്റെ നിർമ്മാണം

1406. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17.5 കോടി രൂപ അനുവദിച്ചിട്ടുള്ള ആനക്കയംപാലത്തിന്റെ നിർമ്മാണം നീണ്ടു പോകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) രണ്ട് കുടികളിൽ നിന്നും ആദിവാസികളുടെ അപേക്ഷകൾ ഉണ്ടായിട്ടും ആറ് സെന്റ് സ്ഥലം വനം വകുപ്പ് വിട്ടു നൽകാത്തത് മൂലം ആദിവാസികളും ടൂറിസ്റ്റുകളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രസ്തുത പാലത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുമോ;

(സി) ഇതു സംബന്ധിച്ച് വനം വകുപ്പിന്റെ നിലപാട് തിരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാലം സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>തവനൂർ മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തി</u>

1407. **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം തവനൂർ മണ്ഡലത്തിൽ എത്ര തുകയുടെ പ്രവൃത്തിക്കുള്ള ഭരണാനുമതിയാണ് പൊതുമരാമത്ത് വകുപ്പ് മുഖേന നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് നൽകിയിട്ടുള്ളത് എന്നും, ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചത് എന്നും വിശദമാക്കാമോ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ പൂർത്തിയാക്കാനുള്ളത് എന്നും ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ;

<u>മുളക്കട-വാടി റോഡിന്റെ പുനർനിർമ്മാണം</u>

1408. **ശ്രീ.പി.കെ.ഗുരുദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളക്കട-വാടി റോഡിന്റെ പുനർനിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുത്തു കഴിഞ്ഞതിനാൽ പ്രസ്തുത റോഡിന്റെ നിർമ്മാണം സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനാവശ്യമായ തുക അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത റോഡിനുള്ള ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

<u>എറണാകുളം - ശബരിമല സ്റ്റേറ്റ് ഹൈവേ</u>

1409. **ശ്രീ.എ. പ്രദീപ്കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 2011-12-ലെ ബജറ്റിൽ പ്രത്യേക പരിഗണന നൽകി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച എറണാകുളം - ശബരിമല സ്റ്റേറ്റ് ഹൈവേ നിർമ്മിക്കാനായിട്ടുണ്ടോ ;

(ബി) ഇത് ഏതെല്ലാം സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഹൈവേയായിരിക്കുമെന്നാണ് ബജറ്റിൽ പറഞ്ഞിരുന്നത് ;

(സി) ഇതിനായി ബജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിരുന്നത് ; ഹൈവേയുടെ നിർമ്മാണത്തിനായി പ്രസ്തുത തുക വിനിയോഗിച്ചിട്ടുണ്ടോ ; ഇതിനായി തുക ഖജനാവിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) തുടർന്നുള്ള ബജറ്റുകളിൽ ഈ ആവശ്യത്തിന് തുക വകയിരുത്തിയിരുന്നോ ; എങ്കിൽ എത്ര ; ശബരിമല ഹൈവേക്കായി ഖജനാവിൽ നിന്നും ഇതിനകം പിൻവലിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

<u>തുറവൂർ - കുമ്പളങ്ങി - എരവല്ലൂർ - എഴുപുന്ന റോഡിന്റെ അറ്റകുറ്റപണികൾ</u>

1410. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറവൂർ - കുമ്പളങ്ങി - എരവല്ലൂർ - എഴുപുന്ന റോഡിന്റെ അറ്റകുറ്റപ്പണികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ ; എങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ്എത്ര രൂപയാണ് ; ഇതിൻമേൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) സഞ്ചാര യോഗ്യമല്ലാതായി മാറിയ ഈ റോഡ് പുനർ നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

<u>റോഡുകൾ ബി.എം.&ബി.സി ചെയ്യുന്നതിനുള്ള പദ്ധതി</u>

1411. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര റോഡുകൾ ബി.എം & ബി.സി ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലും എത്ര കിലോമീറ്റർ റോഡുകളാണ് ഇത്തരത്തിൽ പൂർത്തീകരിച്ചതെന്നും ഇതിനായി എത്ര തുക വീതം വകയിരുത്തിയെന്നും വിശദമാക്കുമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര കിലോമീറ്റർ റോഡുകൾ ബി.എം.&ബി.സി ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും ആയതിൽ ഭരണാനുമതി നൽകിയവ എത്രയെന്നും വിശദമാക്കുമോ?

<u>ദേശീയപാത നാല് വരി ആക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ</u>

1412. **ഡോ.ടി.എം.തോമസ് ഐസക് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത നാല് വരി ആക്കുന്നതിന് ഭൂമി ഏറ്റെടുത്ത് നല്കുന്ന നടപടികൾ ഏകോപിപ്പിക്കുന്നതിന് ഉന്നത അധികാര സമിതിക്ക് രൂപം നല്കുകയുണ്ടായോ; സമിതി എത്ര തവണ യോഗം ചേരുകയുണ്ടായി; ദേശീയപാതകളുടെ രൂപകല്പനയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ സമിതി എന്തെല്ലാം തീരുമാനങ്ങൾ എടുക്കുകയുണ്ടായിട്ടുണ്ട്;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ പുതുക്കിയ നഷ്ടപരിഹാര വ്യവസ്ഥയനുസരിച്ച് നാളിതുവരെ എത്ര ഭൂമി ദേശീയ പാതക്കായി അക്വയർ ചെയ്തിട്ടുണ്ട്; ഏതെല്ലാം റോഡുകൾക്ക് വേണ്ടി എത്ര വീതം ഭൂമി അക്വയർ ചെയ്തിട്ടുണ്ട്; ഇതിനായി എന്തു തുക വിനിയോഗിക്കുകയുയണ്ടായി; ഏതെങ്കിലും റോഡ് നിർമ്മാണം ടെണ്ടർ വിളിച്ച്, പ്രവൃത്തി ആരംഭിക്കുകയുണ്ടായോ;

(സി) നിർദ്ദിഷ്ട റോഡുകളുടെ എസ്റ്റിമേറ്റ് തുക വിശദമാക്കുമോ; എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണ്?

<u>തോട്ടുകര പാലം നിർമ്മാണം</u>

1413. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പടന്ന പഞ്ചായത്തിലെ തോട്ടുകര പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

## പെരുമൺ പാലം നിർമ്മാണം

1414. ശ്രീ.പി.കെ.ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമൺ പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ തുക വകയിരുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പാലം നിർമ്മാണത്തിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയെന്നറിയിക്കാമോ;

(ഡി) പ്രസ്തുത പാലം നിർമ്മാണത്തിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കുളിമാട് പാലം നിർമ്മാണം

1415. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുളിമാട് പാലം നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ ;

(ബി) പാലം നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

## ദേശീയപാത വികസന നയം

T 1416. ശ്രീ.ജി.സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനം സംബന്ധിച്ച നയം വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്കയും ബുദ്ധിമുട്ടും പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ദേശീയപാതകളുടെ വികസനം വഴി പാതകൾക്ക് ചുങ്കം ചുമത്തേണ്ടി വരുന്നത് ഒഴിവാക്കാൻ എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## സുരക്ഷിത റോഡുകൾ

1417. ശ്രീ.സണ്ണി ജോസഫ്
,, ബെന്നി ബെഹനാൻ
,, കെ.എസ്.ശബരീനാഥൻ
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകൾ സുരക്ഷിതമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ റോഡുകൾ</u>

1418. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഏതൊക്കെ റോഡു പ്രവൃത്തികൾക്ക് ഏതൊക്കെ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക വീതം അനുവദിച്ചെന്ന് വിശദമാക്കാമോ;

(ബി) ഈ ഓരോ പ്രവൃത്തിയും ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>അങ്കമാലി ബൈപ്പാസ് പദ്ധതി</u>

1419. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡും ദേശീയ പാതയും സംഗമിക്കുന്ന അങ്കമാലി നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി വർഷങ്ങളായി നിർദ്ദേശിക്കപ്പെട്ടതും കഴിഞ്ഞ സർക്കാരിന്റെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുകയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിച്ച ബഡ്ജറ്റിൽ നിന്നും ഒഴിവാക്കുകയും ചെയ്ത അങ്കമാലി ബൈപ്പാസ് പദ്ധതി എങ്ങനെ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) അങ്കമാലി ബൈപ്പാസ് നിർമ്മാണത്തെ സംബന്ധിച്ച് ചർച്ചചെയ്യുന്നതിനായി 31.3.2012 ലും 2.7.2014 ലും രണ്ട് യോഗങ്ങൾ വിളിച്ചു ചേർത്ത് തീരുമാനങ്ങൾ എടുത്തിട്ടും 2011 ബഡ്ജറ്റിൽ 1000 കോടിയുടെ ബൈപ്പാസ് പാക്കേജിൽ ഉൾക്കൊള്ളിച്ചിരുന്ന പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാനും ബഡ്ജറ്റിൽ ഉൾപ്പെടുത്താനും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാലര വർഷം കഴിഞ്ഞിട്ടും സാധിക്കാത്തതിന് കാരണം വിശദമാക്കുമോ ;

(സി) പ്രസ്തുത ബൈപ്പാസ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് എത്രനാളിനുള്ളിൽ തയ്യാറാക്കുവാനാണ് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുള്ളത് ?

<u>വില്ലേജ് റോഡുകളുടെ പുനരുദ്ധാരണം</u>

1420. **ശ്രീ.ബി.സത്യൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ സംസ്ഥാനത്ത് വില്ലേജ് റോഡുകളുടെ മെയിന്റനൻസിന് പൊതുമരാമത്ത് വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം റോഡുകൾക്ക് എന്തു തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരും ഏറ്റവും കൂടുതൽ ഉള്ളതും ഗ്രാമീണ റോഡുകളാകെ പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നതുമായ ആറ്റിങ്ങൾ നിയമസഭാ മണ്ഡലത്തിൽ ഇതുവരെയും ഈ ഫണ്ട് ലഭ്യമാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>പുനലൂർ- മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നിർമ്മാണം</u>

1421. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ- മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നിർമ്മാണ നടപടി ഏതു ഘട്ടം വരെയായി ; റോഡിന്റെ വികസനത്തിനായി സ്വകാര്യ വ്യക്തികളിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തിയായോ ; ഇല്ലെങ്കിൽ ഏതൊക്കെ വില്ലേജുകളിൽ എത്രയൊക്കെ സ്ഥലം വീതമാണ് ഇനി ഏറ്റെടുക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ ; സ്ഥലം ഏറ്റെടുക്കാൻ വൈകുന്നതിന്റെ കാരണം പറയാമോ ; പ്രശ്നം പരിഹരിച്ച് സ്ഥലം ഏറ്റെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ; എന്നു പൂർത്തീയാക്കാനാകുമെന്നും വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും എത്രകോടി രൂപയാണ് ഇതിന് അനുവദിച്ചിട്ടുള്ളത് എന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ചാലക്കുടി പി ഡബ്ല്യൂ ഡി റെസ്റ്റ് ഹൗസ്

1422. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പി ഡബ്ല്യൂ ഡി റെസ്റ്റ് ഹൗസ് അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ച് മാസങ്ങൾ പിന്നിട്ടിട്ടും ആവശ്യമായ സ്റ്റാഫിനെ നിയമിക്കാത്തതു മൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത റെസ്റ്റ് ഹൗസ് അപ്ഗ്രേഡ് ചെയ്ത് മാനേജർ, കെയർടോക്കർ, വാർഡർ, സ്വീപ്പർ എന്നീ തസ്തികൾ അനുവദിച്ച് നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കാലവർഷം മൂലം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ

1423. **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷം മൂലം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ദേശീയ, സംസ്ഥാന പാതകൾക്ക് പുറമെ മറ്റ് വിഭാഗങ്ങളുടെ കീഴിലുമുള്ള പി.ഡബ്ല്യൂ.ഡി. റോഡുകളും നന്നാക്കുന്നതിന് പ്രത്യേക പദ്ധതി രൂപീകരിച്ച് നടപടി സ്വീകരിക്കുമോ ?

വേങ്ങൂർ - നായത്തോട് - എയർപോർട്ട് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ

1424. **ശ്രീ.ജോസ് തെറ്റയിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങൂർ - നായത്തോട് - എയർപോർട്ട് റോഡിന്റെ ഒന്നാംഘട്ടമായ 1കിലോമീറ്റർ ദൂരത്തിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുള്ളതിനാൽ 2010- ൽ റോഡ് പ്രവൃത്തിക്കും സ്ഥലമെടുപ്പിനും നൽകിയ 175 ലക്ഷം രൂപ വിനിയോഗിച്ച് റോഡ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(ബി) വർഷങ്ങളയി പ്രസ്തുത റോഡിനായി സ്ഥലം വിട്ടുനൽകിയിട്ടുള്ളവരുടെ യാത്രാക്ലേശം കണക്കിലെടുത്ത് പ്രസ്തുത തുക വിനിയോഗിച്ച് അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള പ്രസ്തുത റോഡ് അടിയന്തരമായി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വർഷങ്ങളായി മുടങ്ങികിടക്കുന്നപ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഇടപ്പള്ളി - മണ്ണുത്തി ദേശീയപാതയിലെ പ്രശ്നങ്ങൾ

T 1425. പ്രൊഫ. സി.രവീന്ദ്രനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടപ്പള്ളി - മണ്ണുത്തി ദേശീയപാതയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്നെടുത്ത യോഗ തീരുമാനങ്ങൾ ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുകൊണ്ട് തുടരെ തുടരെ ദാരുണമായ വാഹന അപകട മരണങ്ങൾ സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സർക്കാർ എൻ.എച്ച്. ന് നൽകാം എന്ന് പറഞ്ഞിരുന്ന തുക നൽകിക്കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുമോ; യോഗത്തിൽ എടുത്ത തീരുമാനം എന്ന് നടപ്പിലാക്കുമെന്ന് വിശദമാക്കാമോ?

ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതി

1426. ശ്രീ.കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതി പ്രകാരം ഗ്രാമീണ റോഡുകൾ ടാർ ചെയ്യുന്നതിന് 2015-16 സാമ്പത്തിക വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഒറ്റത്തവണ ടാർ ചെയ്യൽ പദ്ധതി അനുസരിച്ച് ഓരോ പൊതുമരാമത്ത് ഡിവിഷനുകൾക്കും അനുവദിച്ച തുക എത്ര വീതമെന്നും ഇനിയും പ്രവൃത്തികൾക്കായി കൂടുതൽ തുക അനുവദിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

തവനൂർ മണ്ഡലം എം.എൽ.എ യുടെ ആസ്തി വികസന പദ്ധതി

1427. ഡോ.കെ.ടി.ജലീൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലം MLA യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും പൊതുമരാമത്ത് വകുപ്പിൽ നിന്നും ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ടോ; എങ്കിൽ ടെൻഡർ എടുത്ത വ്യക്തിയുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

ബജറ്റിൽ പരിഗണന നൽകി പ്രഖ്യാപിച്ച ബൈപാസുകൾ

1428. ശ്രീ.കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ (2011-12) പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ബൈപാസുകൾ ഏതെല്ലാമായിരുന്നു;വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്രയെണ്ണത്തിന്റെ പണി ആരംഭിക്കാൻ കഴിഞ്ഞു; എത്ര പദ്ധതികൾ പൂർത്തീകരിച്ചു; നാളിതുവരെ പ്രവൃത്തി ആരംഭിക്കാനാകാത്ത പദ്ധതികൾ എത്ര;വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി ആദ്യ ബജറ്റിൽ ഉൾപ്പെടുത്തിയ തുകയെത്രയെന്നും തുടർന്നുള്ള ബജറ്റുകളിൽ

തുക വകയിരുത്തിയിരുന്നോയെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി ഖജനാവിൽ നിന്നും ഇതിനകം പിൻവലിച്ച തുകയെത്ര;വിശദമാക്കുമോ?

<u>റോഡുകളുടെ ഉപരിതലം പുതുക്കുന്ന പദ്ധതി</u>

1429. ശ്രീ.കെ.ശിവദാസൻ നായർ

,, ജോസഫ് വാഴയ്ക്കൻ

,, കെ.മുരളീധരൻ

,, വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ഏതെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഞാറക്കൽ മഞ്ഞനക്കാട് പാലം നിർമ്മാണം</u>

1430. ശ്രീ.എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറക്കൽ മഞ്ഞനക്കാട് പാലത്തിന്റെ നിർമ്മാണത്തിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ;

(സി) തുടർന്ന് ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ഡി) പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര നാളായെന്നും കാലതാമസം എന്തുകൊണ്ടെന്നും വ്യക്തമാക്കാമോ?

<u>ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി</u>

1431. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി പ്രകാരം സംസ്ഥാനത്തെ റോഡുകൾക്ക് എത്ര തുക അനുവദിച്ചിരുന്നു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിലെ ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിലെ ഏതെല്ലാം റോഡുകൾക്ക് ആദ്യഘട്ടത്തിൽ പണം അനുവദിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പേരാമ്പ്ര മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ എസ്റ്റിമേറ്റ് ലഭിച്ചു എന്നും എന്തു നടപടി ഇക്കാര്യത്തിൽ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി നൽകുമോ എന്ന് വ്യക്തമാക്കുമോ?

<u>പാറക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം</u>

1432. ശ്രീ.പി.ടി.എ. റഹീം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പാറക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് എത്ര തുകയുടെ പ്രവൃത്തിക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) അപ്രോച്ച് റോഡില്ലാത്തത് കാരണം പാലം പ്രയോജനരഹിതമായിക്കിടക്കുന്ന പ്രശ്നം പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

1433. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഒരു റോഡുപോലും ലഭിക്കാത്ത മണ്ഡലങ്ങളിൽ റോഡുകൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിന് ഒരു റോഡ് പോലും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയതിനായി സമർപ്പിച്ചിട്ടുള്ള പ്രോപ്പോസൽ പ്രകാരം റോഡുകൾക്ക് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

അടൈപ്പാട്-അവിയകുളം-കുരിശുംമൂട് റോഡ്

1434. **ശ്രീ.ചിറ്റയം ഗോപകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലുള്ള അടൈപ്പാട്-അവിയകുളം-കുരിശുംമൂട് റോഡ് നിർമ്മാണത്തിന് തുക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ആരെല്ലാം നിവേദനങ്ങൾ നൽകുകയുണ്ടായി എന്നറിയിക്കുമോ ;

(ബി) പ്രസ്തുത നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ നാളിതുവരെ അനുബന്ധ പദ്ധതിയ്ക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാതയുടെ ടാറിംങ്ങ്

1435. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാനപാതയുടെ ടാറിംങ്ങിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വിശദമാക്കാമോ; കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള കാലാവധി എന്നു വരെയാണെന്നും കരാറുകാരന് സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ എത്ര തവണ നൽകിയെന്നും എന്തുകാരണത്താൽ എന്നും വിശദമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

മാവേലിക്കര മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

1436. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമരാമത്ത് നിരത്ത് - കെട്ടിട വിഭാഗങ്ങൾ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2015-16 സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പ് പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കുന്നതിന്

ഭരണാനുമതി നല്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>കടവല്ലൂർ ഗവ. ഹയർസെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം</u>

1437. ശ്രീ.ബാബു എം. പാലിശ്ശേരി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.എൽ.എ. ആസ്തി വികസന പദ്ധതി 2012-13-ൽ ഉൾപ്പെടുത്തി 51 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതും, പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിന് നിർമ്മാണ ചുമതല നൽകിയതുമായ കടവല്ലൂർ ഗവ. ഹയർസെക്കന്ററി സ്കൂൾ ക്ലാസ്സ് മുറി നിർമ്മാണം പ്രവർത്തിയുടെ ഇപ്പോഴത്തെയവസ്ഥ എന്താണ്;

(ബി) ഭരണാനുമതി നൽകി 2 വർഷം കഴിഞ്ഞിട്ടും പ്രവർത്തി പൂർത്തീകരിയ്ക്കുവാൻ കഴിയാതെ വന്നത് എന്തുകൊണ്ടാണ്;

(സി) പ്രസ്തുത പ്രവൃത്തി കഴിവതും വേഗത്തിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>കോതായിതോട് പാലം നിർമ്മാണം</u>

1438. ശ്രീ.ജോസ് തെറ്റയിൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യമ്പുഴ - മഞ്ഞപ്ര റോഡിലെ കോതായിതോട് പാലത്തിന്റെ നിർമ്മാണത്തിന് 375 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) നിലവിലെ പാലത്തിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്ത് സ്ഥലമെടുപ്പ് നടപടികൾ ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>കൽപ്പറ്റ ബൈപ്പാസ് റോഡ് നടപ്പാത വിപുലപ്പെടുത്തുന്നത്</u>

1439. ശ്രീ.എം.വി.ശ്രേയാംസ് കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ബൈപ്പാസ് റോഡ്, വില്ലേജ് ഓഫീസ്, നാഷണൽ ഹൈവേ നടപ്പാത എന്നിവ വിപുലപ്പെടുത്തുന്നതിനായി പൊതുമരാമത്ത് ക്വാർട്ടേഴ്സിൻെറ ചുറ്റുമതിൽ പൊളിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിരിക്കുന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിൻമേൽ കോഴിക്കോട് നോർത്ത് സർക്കിളിൻെറ ഡി.ബി.3 /1830/ 2015 എന്ന ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

<u>മാവേലിക്കര കണ്ടിയൂർ ബൈപ്പാസ് നിർമ്മാണം</u>

1440. ശ്രീ.ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കണ്ടിയൂർ ബൈപ്പാസ് നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; എസ്റ്റിമേറ്റ് തുകയും അനുവദിച്ച തുകയും വിശദമാക്കുമോ ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(സി) ബൈപ്പാസ് നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന്

വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

1441. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ഒറ്റത്തവണ വ്യവസ്ഥയിൽ കോഴിക്കോട് ജില്ലയിലെ ഓരോ പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കീഴിലും എത്ര വീതം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കീഴിലും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ റോഡുകളുടെ ശോച്യാവസ്ഥ

1442. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള പി.ഡബ്ല്യു.ഡി റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) മെക്കാഡം ടാറിങ്ങ് നടത്തിയ റോഡുകളുടെ കാലദൈർഘ്യം വളരെ കുറഞ്ഞത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ?

ചെറുകുന്ന് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം

1443. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് മുഖേന 165 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ഹൈസ്കൂൾ സ്റ്റേഡിയത്തിന്റെ നിർമ്മാണം സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

കുറ്റ്യാടി മണ്ഡലത്തിലെ മരാമത്ത് പ്രവർത്തനം

1444. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പ്രവർത്തനം ആരംഭിച്ചതുമായ മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും സാങ്കേതികാനുമതി ലഭിക്കാത്ത പ്രവൃത്തികൾ എത്രയുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടും ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഏതൊക്കെ ആണന്ന് വ്യക്തമാക്കുമോ?

വാക്കയിൽ പാലത്തിന്റെ നിർമ്മാണം

1445. **ശ്രീ.എ.എം. ആരിഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ വാക്കയിൽ പാലത്തിന്റെ നിർമ്മാണത്തിന് എത്ര രൂപയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നത്;

(ബി) പ്രസ്തുത പാലത്തിന്റെ നിർമാണത്തോടനുബന്ധിച്ച് ഇൻവെസ്റ്റിഗേഷനും സോയിൽ ടെസ്റ്റിനുമായി ചെലവഴിച്ചത് എത്ര രൂപയാണ്; ഇത് ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നാണോ ഉപയോഗിച്ചിട്ടുള്ളത് ;

(സി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം എത്ര രൂപയാണ് പ്രസ്തുത പാലത്തിന്റെ നിർമ്മാണ ചെലവ് ;

(ഡി) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പാലത്തിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>കുന്നംകുളം നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി</u>

1446. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലം ആസ്തിവികസന പദ്ധതി പ്രകാരം 2014-15 വർഷത്തിൽ ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കുന്നംകുളം ഗവൺമെൻറ് ഗേൾസ് ഹയർ സെക്കൻറി സ്കൂളിലെ ക്ലാസ്സ് മുറികളുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം നൽകുമോ ?

<u>റോഡുകളുടെ പുനരുദ്ധാരണത്തിന് നടപടി</u>

1447. **ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര - പയ്യോളി റോഡ്, പേരാമ്പ്ര - ചാനിയംകടവ് റോഡ്, പേരാമ്പ്ര - പൈതോത്ത് - താന്നിക്കണ്ടി റോഡ്, മേപ്പയ്യൂർ - നെല്ല്യാടി - കൊല്ലം റോഡ് എന്നിവയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രവർത്തികൾ</u>

1448. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവർത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; പ്രവർത്തിയുടെ പേരും ഭരണാനുമതി നൽകിയ തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പ്രവർത്തികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതുമായവയുടെ വിശദാംശം ലഭ്യമാക്കാമോ ?

<u>കോഴിക്കോട്-തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി</u>

T 1449. **ശ്രീ.കോടിയേരി ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിക്ക് തത്വത്തിൽ അനുമതിയും പങ്കാളിത്തവും തേടി സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനു എത്ര കത്തുകൾ അയച്ചിട്ടുണ്ട്; ഇതിനകം അയച്ച കത്തുകളുടെ ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റിൽ നിന്ന് ഏറ്റവും ഒടുവിൽ ലഭിച്ച മറുപടിയുടെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(സി) പദ്ധതിയുടെ പൂർണ്ണ തോതിലുള്ള കൺസൽട്ടൻസിക്ക് ഡി.എം.ആർ.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഡി.എം.ആർ.സി.യുടെ റോൾ നിലവിൽ എന്താണെന്നു വ്യക്തമാക്കുമോ ?

(ഡി) രണ്ട് പദ്ധതികളും കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ സംയുക്തപങ്കാളിത്തത്തിലാണോ എന്നും പദ്ധതി രൂപരേഖയനുസരിച്ച് സംസ്ഥാനം കണ്ടെത്തേണ്ടുന്ന മൊത്തം തുകയും ഈ വർഷത്തെ ബഡ്ജറ്റിൽ പദ്ധതിക്ക് വകയിരുത്തപ്പെട്ട തുകയും എത്രയാണെന്നും വിശദമാക്കുമോ ?

## കുളിക്കടവ്, മണക്കായിക്കടവ് പാലങ്ങളുടെ നിർമ്മാണം

1450. **ശ്രീ.ഇ.പി.ജയരാജൻ :** താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ടതും ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതുമായ കുളിക്കടവ് പാലം, മണക്കായിക്കടവ് പാലം എന്നിവയുടെ നിർമാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

## അക്കിക്കാവ് കടങ്ങോട് റോഡ് നിർമ്മാണം

1451. **ശ്രീ.ബാബു എം. പാലിശ്ശേരി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർജില്ല കുന്നംകുളം പി.ഡബ്ല്യു.ഡി സെക്ഷനു കീഴിൽവരുന്ന അക്കിക്കാവ് കടങ്ങോട് റോഡ് എന്നാണ് പി.ഡബ്ല്യു.ഡി ഏറ്റെടുത്തത് ; വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ കുറ്റിപ്പുറം പി.ഡബ്ല്യു.ഡി റോഡിനെയും ചാവക്കാട് വടക്കാഞ്ചേരി പി.ഡബ്ല്യു.ഡി റോഡിനേയും ബന്ധിപ്പിക്കുന്നതും വർദ്ധിച്ച ഗതാഗത തിരക്കുള്ളതുമായ അക്കിക്കാവ് - കടങ്ങോട് പി.ഡബ്ല്യു.ഡി റോഡ് തകർന്ന് ഗതാഗതത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത റോഡ് വീതികൂട്ടി ടാറിംഗ് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

## കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

1452. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ മിനി സിവിൽസ്റ്റേഷൻ നിർമ്മാണം മുടങ്ങിയിട്ട് എത്ര കാലമായി എന്നും നിർമ്മാണം മുടങ്ങാനിടയായ കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

(ബി) മുടങ്ങിയ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾക്കായി കൊട്ടാരക്കര എം.എൽ.എ. യുടെ സാന്നിദ്ധ്യത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ ചേംബറിൽ യോഗം ചേർന്നത് എന്നാണ്; യോഗ തീരുമാനം എന്തായിരുന്നു;

(സി) യോഗ തീരുമാനം പാലിക്കപ്പെട്ടിരുന്നോ; ഇല്ലാത്തപക്ഷം ആയതിൽ കൈക്കൊണ്ട തുടർ നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം അടിയന്തിരമായി പുനരാരംഭിക്കാൻ എന്തെല്ലാം നടപടികൾ

സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

അരേങ്ങാട്ട് പുഴപാലം നിർമ്മാണം

1453. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ അരേങ്ങാട്ട് പുഴപാലം നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചോ;ഇല്ലെങ്കിൽ ടെൻഡർ നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

ഞാറയ്ക്കൽ ബീച്ചിൽ നിന്നും ജയ് ഹിന്ദ് മൈതാനം വഴി സംസ്ഥാനപാത വരെയെത്തുന്ന റോഡിന്റെ എസ്റ്റിമേറ്റ്

1454. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ ബീച്ചിൽ നിന്നും ജയ് ഹിന്ദ് മൈതാനം വഴി സംസ്ഥാനപാത വരെയെത്തുന്ന റോഡിന്റെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എസ്റ്റിമേറ്റ് ലഭിച്ചുവെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

കുറുപ്പന്തറ റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണം

1455. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറുപ്പന്തറ റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയും; ഇതു സംബന്ധിച്ച് ഡി. പി.ആർ. -ആർ. ബി. ഡി. സി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് എത്രയാണ്; എത്ര രൂപയുടെ ഭരണാനുമതിയാണ് സർക്കാർ നൽകിയിട്ടുള്ളതെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് റെയിൽവെയുമായുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ; പ്രസ്തുത സംരംഭത്തിന് പുതുതായി സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമുണ്ടോ ; ഉണ്ടെങ്കിൽ ഇതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് ഇതിനോടകം തീർപ്പാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത മേൽപ്പാലത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പാലം നിർമ്മാണം ടെണ്ടർ ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ എന്നും പ്രസ്തുത നടപടി എന്ന് ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും അറിയിക്കുമോ?

പണയിൽകടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

1456. ശ്രീ.ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം, ചെറുന്നിയൂർ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പണയിൽകടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പാലം പണി പൂർത്തിയായി ദശാബ്ദത്തിലേറെയായെങ്കിലും അപ്രോച്ച് റോഡ് നിർമ്മാണം നടക്കാത്തത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം</u>

1457. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; നടപടികൾ വേഗത്തിലാക്കുന്നതിന് സ്വീകരിച്ച നടപടി വ്യകതമാക്കാമോ;കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട ക്ലിയറൻസ് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ ; പാലം നിർമ്മാണത്തിന് നിലവിലുള്ള തടസ്സമെന്തെന്നും ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയെന്തെന്നും വിശദമാക്കാമോ?

<u>ദേശീയപാതയിലെ അപകട മരണങ്ങൾ</u>

1458. പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണുത്തി -ഇടപ്പള്ളി ദേശീയപാതയിൽ പാല്യക്കര ടോൾ പ്ലാസ പരിസരത്ത് നിരന്തരമായ അപകട മരണങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) സർക്കാർ എൻ.എച്ച്ന്റെ രണ്ട് വശവും സുരക്ഷാക്രമീകരണത്തിനായി തുക നൽകും എന്ന വസ്തുത അറിയുമോയെന്നു വ്യക്തമാക്കുമോ;

(ഡി) തുക അനുവദിച്ചിട്ടുണ്ടെങ്കിൽ എത്രയാണ് വിശദമാക്കാമോ;

(ഇ) ഇല്ലെങ്കിൽ, എത്രയും വേഗം തുക അനുവദിച്ച് മണ്ണുത്തി- ഇടപ്പള്ളി ദേശീയപാതയിൽ സുരക്ഷാക്രമീകരണം ഏർപ്പെടുത്തി അപകടമരണം ഒഴിവാക്കാൻ സർക്കാർ മുൻകൈ എടുക്കുമോ;വ്യക്തമാക്കുമോ?

<u>എരുമപ്പെട്ടി ഹയർ സെക്കണ്ടറി സ്കൂൾ ക്ലാസ്സ് മുറി നിർമ്മാണം</u>

1459. ശ്രീ.ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലം ആസ്തി വികസന സ്കീം 2014-15 പ്രകാരം ഒരു കോടിയുടെ ഭരണാനുമതി നൽകിയതും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നിർമ്മാണച്ചുമതല ഏൽപ്പിച്ചതുമായ എരുമപ്പെട്ടി ഹയർ സെക്കണ്ടറി സ്കൂൾ ക്ലാസ്സ് മുറി നിർമ്മാണം പ്രവർത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ബി) പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ പൊതു മരാമത്ത് റോഡുകൾ</u>

1460. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പൊതു മരാമത്ത് റോഡുകൾ വളരെയധികം ശോചനീയാവസ്ഥയിലാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പൊതുമരാമത്ത് റോഡുകൾ ഭാഗികമായി മണ്ഡലം തിരിച്ച് ചെയ്തതിന്റെ കാരണം എന്തെന്ന്

വ്യക്തമാക്കുമോ ;

(സി) ചെർപ്പുളശ്ശേരി നെല്ലായ വഴി വല്ലപ്പുഴ റോഡ്, ളുത റോഡ്, ചെർപ്പുളശ്ശേരി - ഒറ്റപ്പാലം റോഡ്, കോതകുറിശ്ശി - വാണിയംകുളം റോഡ്, വാണിയംകുളം - വല്ലപ്പുഴ റോഡ്, പേങ്ങാട്ടിരി - കൊപ്പം റോഡ് എന്നീ പൊതുമരാമത്ത് റോഡുകളിലൂടെയുള്ള കാൽനട പോലും വളരെയധികം ബുദ്ധിമുട്ടാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) ചെർപ്പുളശ്ശേരി നെല്ലായ വഴി വല്ലപ്പുഴ റോഡ്, പേങ്ങാട്ടിരി - കൊപ്പം റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ചെയ്യുതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പിൽ മീഡിയ അഡ്വൈസർ

1461. ശ്രീ.കെ.ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ മീഡിയ അഡ്വൈസർ എന്ന തസ്തിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തികയിൽ ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിയമിച്ചിട്ടുണ്ടെങ്കിൽ നിയമനത്തിന്റെ മാനദണ്ഡം എന്താണെന്നും ശമ്പള ഇനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

1462. ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് ബജറ്റുകളിലായി പൊതുമരാമത്ത് വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബജറ്റിലും വകയിരുത്തിയ തുകയെത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്നും പിൻവലിച്ച തുകയെത്ര;

(സി) പൊതുമരാമത്ത് വകുപ്പിൽ കഴിഞ്ഞ അഞ്ച് ബജറ്റുകളിലുമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കോരപ്പുഴയിൽ ഉള്ളൂർ കടവിൽ പാലം

1463. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി-കൊയിലാണ്ടി അസംബ്ലി മണ്ഡലങ്ങളെ ബന്ധിപ്പിച്ച് കോരപ്പുഴയിൽ ഉള്ളൂർ കടവിൽ പാലം പണിയുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 4 വർഷത്തിനകം പ്രസ്തുത പാലം നിർമ്മാണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) പ്രവൃത്തി നടപ്പിലാക്കുന്നതിലെ തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

അങ്ങാടിപ്പുറം റെയിൽവെ മേൽപ്പാലം

1464. ശ്രീ.റ്റി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി എന്ന് കമ്മിഷൻ ചെയ്യാൻ സാധിക്കും ?

ദേശീയപാതകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് പദ്ധതി

1465. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണമെന്തെന്ന് അറിയിക്കാമോ;

(സി) ദേശീയപാത വികസനവും പുതിയ പാതകളുടെ നിർമ്മാണവും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനായി എത്ര അളവിൽ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിനകം ഏറ്റെടുത്ത ഭൂമി എത്ര;

(ഇ) ദേശീയപാതാ വികസനത്തിന്റെ ഭാഗമായി ഭൂമി നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിന് എന്ത് തുക വകയിരുത്തിയിട്ടുണ്ട്; ഇതിനായി കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക എത്ര;

(എഫ്) സംസ്ഥാനത്ത് നിർത്തിവെച്ച എൻ.എച്ച്.എ.യുടെ ദേശീയപാതാ വികസന പ്രവർത്തനങ്ങൾക്കായുള്ള പ്രവർത്തനം പുന:രാംരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ജി) സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിന് കേന്ദ്ര സർക്കാരിന്റെ വാഗ്ദാനങ്ങൾ എന്തൊക്കെയാണ്; ഏതെല്ലാം പുതിയ പാതകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും രേഖാമൂലമുള്ള ഉറപ്പുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

കരുനാഗപ്പള്ളി മണ്ഡലത്തിലെ പൊതുമരാമത്ത് പദ്ധതികൾ

1466. ശ്രീ.സി.ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പു നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; എത്ര തുകയാണ് ഇതിനായി ചെലവഴിച്ചത്; ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ എതെല്ലാമാണ് എന്ന് അറിയിക്കുമോ?

തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി

T 1467. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി സംസ്ഥാന-കേന്ദ്ര ഗവൺമെന്റുകളുടെ സംയുക്ത സംരംഭമായി നടപ്പാക്കാൻ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; പദ്ധതിക്കാവശ്യമായ മൊത്തം തുക എത്ര; ഇതിൽ കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുക എത്ര; സംസ്ഥാനം ചെലവഴിക്കുന്ന തുക എത്ര; ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി വരുന്ന തുക എത്ര; അതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്രാനുമതിക്കായി അപേക്ഷിക്കാൻ തീരുമാനം എടുത്തത് എന്നായിരുന്നു; അപേക്ഷ സമർപ്പിച്ചത് എപ്പോൾ; കേന്ദ്രാനുമതി ലഭിച്ചത് എപ്പോൾ; വിശദമാക്കാമോ?

പാപ്പിനിശ്ശേരി-പിലാത്തറ കെ.എസ്.ടി.പി. റോഡ് നിർമ്മാണ പുരോഗതി

1468. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാപ്പിനിശ്ശേരി-പിലാത്തറ കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ; പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും ;

(ബി) പാപ്പിനിശ്ശേരി ഗേറ്റ് പൂർണ്ണമായി അടച്ചതുമൂലം ജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം പരിഗണിച്ച് നിർമ്മാണ പ്രവൃത്തി പരമാവധി വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) താവം, പാപ്പിനിശ്ശേരി മേൽപ്പാലങ്ങളുടെ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിൻെറ നിർമ്മാണം

1469. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല-അരൂർ മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിൻെറ നിർമ്മാണം തടസ്സപ്പെട്ടിട്ട് എത്രകാലമായെന്നു പറയാമോ ; ഇതിൻെറ നിർമ്മാണം പുനരാരംഭിക്കുവാൻ ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിൻെറ നിർമ്മാണത്തിന് ഈ സർക്കാർ എത്ര തുക അനുവദിച്ചു എന്ന് അറിയിക്കാമോ; തുക അനുവദിച്ച ഉത്തരവിൻെറ പകർപ്പ് ലഭ്യമാക്കുമോ?

(സി) നിരന്തരമായ ആവശ്യങ്ങൾ ഉയർന്നിട്ടും നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിൻെറ നിർമ്മാണത്തിന് നബാർഡിൻെറ ഫണ്ട് അനുവദിക്കുമെന്ന പ്രഖ്യാപനത്തിൻെറ തുടർനടപടികൾ ഏതു വരെ ആയി എന്നു വ്യക്തമാക്കുമോ?

ഗ്രാമീണറോഡുകളുടെ ശോച്യാവസ്ഥ

1470. ശ്രീ.എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി എന്ത് തുക കഴിഞ്ഞ ബഡ്ജറ്റുകളിൽ വകയിരുത്തി എന്നും ആയതിൽ നിന്നും എന്ത് തുക ചെലവഴിക്കാനായി പിൻവലിച്ചിരുന്നു എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ നിലവിലെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തൂക്കടാരിപ്പൊയിൽ-ഇടുമ്പ - കണ്ണമം റോഡ് നിർമ്മാണം

1471. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൂക്കടാരിപ്പൊയിൽ-ഇടുമ്പ - കണ്ണമം റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു: സുപ്രീംകോടതി അന്തിമ വിധി പ്രസ്താവിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിധി പ്രകാരം റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് കൈക്കൊണ്ട തുടർ നടപടികൾ വിശദീകരിക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണം എപ്പോൾ പൂർത്തീകരിക്കും എന്നു വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി.ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
24-11-2015

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.